32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 24, 2024 | Vol. XXXII No. 21 | Periodicals Postage Paid






ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി സംഘടിപ്പിച്ച യൂത്ത് ഫെസ്റ്റിവൽ കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട് ഉദ്ഘാടനം ചെയ്യുന്നു. കെസിഎസ് പ്രസിഡണ്ട് ജെയിൻ മാക്കീൽ, സെക്രട്ടറി സിബു കുളങ്ങര, റാം താന്നിച്ചുവട്ടിൽ (കലാപ്രതിഭ 2023), ലെന കുരുട്ടുപറമ്പിൽ (കലാതിലകം 2023) ജിനു പുന്നച്ചേരിൽ, തോമസ്കുട്ടി തേക്കുംകാട്ടിൽ, ബിനോയി കിഴക്കനടി, റ്റിനോ മുണ്ടപ്ലാക്കൽ, ജെസ്‌ലിൻ പ്ലാത്താനത്ത്, മാത്തുക്കുട്ടി പായിക്കാട്ട്, ജിനോ കക്കാട്ടിൽ, ബിബി കല്ലിടുക്കിൽ, റ്റോസ്മി കൈതക്കതൊട്ടിയിൽ, ബെക്കി ഇടിയാലിൽ, ബിനു ഇടകര, ഷൈനി വിരുത്തക്കുളങ്ങര, ചാരി വണ്ടന്നൂർ എന്നിവരാണ് സമീപം. (ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ)

(വാർത്തയും ചിത്രങ്ങളും 14, 15 പേജുകളിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


നിങ്ങൾ ഇന്നും പുനരുദ്ധാനത്തിൽ വിശ്വസിക്കുന്നുവോ ?
Do you still believe in bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും ലഭിക്കും.
വില $15.00
RETHINKING RESURRECTION
A Closer Look at the Future Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author, conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 രക്തസാക്ഷികളായി ബോംബ് നിർമാണത്തിൽ മരിച്ചവരും

8 വിദേശ തുറമുഖത്തിന്റെ നിയന്ത്രണം ഇന്ത്യക്ക്

10 ഇ.ഡിക്ക് കൂച്ചുവിലങ്ങിട്ട് സുപ്രീംകോടതി


13 ബാബു ചാഴികാടൻ യുവത്വത്തിനു മാതൃക

14 കെ.സി.എസ് ചിക്കാഗോ യുവജനോത്സവം

## മസാലബോണ്ട് കേസ്: ഇ.ഡിക്ക് തിരിച്ചടി

കൊച്ചി: കേരളത്തിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞെന്നും അതിനാൽ മുൻ ധനമന്ത്രി തോമസ് ഐസക്കിനെ കിഫ്ബി മസാല ബോണ്ട് കേസിൽ ചോദ്യം ചെയ്യാൻ അനുവദിക്കണമെന്നുമുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ ആവശ്യത്തിൽ ഇടപെടാതെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച്. സിംഗിൾ ബെഞ്ച് കേസ് പരിഗണിക്കാനിരിക്കുന്ന സാഹചര്യത്തിലാണിതെന്ന് ചീഫ് ജസ്റ്റിസ് എ.ജെ. ദേശായി, ജസ്റ്റിസ് വി.ജി. അരുൺ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

ലോക്സഭാ തെരഞ്ഞെടുപ്പ് കഴിയുന്നതു വരെ തോമസ് ഐസക്കിനെ ചോദ്യം ചെയ്യാൻ വിളിപ്പിക്കരുതെന്ന് സിംഗിൾ ബെഞ്ച് ജഡ്ജി ടി.ആർ രവി നേരത്തെ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞതിനാൽ ഇടക്കാല ഉത്തരവിന്റെ കാലാവധിയും കഴിഞ്ഞെന്ന് ഇഡി ബോധിപ്പിച്ചെങ്കിലും കോടതി ഇടപെടാൻ തയാറായില്ല. ഐസക്കിനെ ചോദ്യം ചെയ്യേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തുന്നതിനായി ഇഡി സമർപ്പിച്ച രേഖകൾ കോടതി പരിശോധിച്ചിരുന്നു. മസാലബോണ്ട് ചെലവഴിച്ചതുമായി ബന്ധപ്പെട്ടാണ് ഇഡി കേസ്. ഇക്കാര്യത്തിൽ ചില വ്യക്തതകൾ വരുത്തേണ്ടതുണ്ടെന്ന് രേഖകൾ പരിശോധിച്ചശേഷം കോടതി വ്യക്തമാക്കുകയും ചെയ്തിരുന്നു.



തോമസ് ഐസക്ക്

ഏപ്രിൽ 26-ന് നടന്ന തെരഞ്ഞെടുപ്പിൽ പത്തനംതിട്ടയിൽനിന്നുള്ള എൽഡിഎഫ് സ്ഥാനാർത്ഥിയായിരുന്നു തോമസ് ഐസക്. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ ഇഡി ഡിവിഷൻ ബെഞ്ചിനെ സമീപിച്ചെങ്കിലും തെരഞ്ഞെടുപ്പ് കഴിയുന്നതു വരെ കാത്തിരുന്നുകൂടെ എന്നായിരുന്നു ജസ്റ്റിസുമാരായ എ. മുഹമ്മദ് മുഷ്താഖ്, എം.എ. അബ്ദുൾ ഹക്കീം എന്നിവരുടെ ബെഞ്ച് ചോദിച്ചത്. അതിനുശേഷവും ആവശ്യവുമായി ഇഡി കോടതിയെ സമീപിച്ചിരുന്നു. താൻ ഇഡിക്കു മുമ്പാകെ ഹാജരാകില്ലെന്നും ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുണ്ടെന്നുമാണ് ഐസക്കിന്റെ നിലപാട്. കിഫ്ബി അധികാരപദവിയിൽ ഇരുന്നത് മന്ത്രി എന്ന നിലയിലാണെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഇഡി വേട്ടയാടുന്നു എന്നാണ് ഐസക്കിന്റെയും സിപിഎമ്മിന്റെയും നിലപാട്.

## തദ്ദേശസ്ഥാപനങ്ങളിൽ വാർഡ് വിഭജനത്തിന് ഓർഡിനൻസ്

തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിന് ഓർഡിനൻസ് ഇറക്കാൻ മന്ത്രിസഭാ തീരുമാനം. വാർഡ് വിഭജനത്തിനായി കമ്മീഷൻ രൂപീകരിക്കും. പഞ്ചായത്തുകൾമുതൽ കോർപ്പറേഷൻവരെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഓരോ വാർഡ് വീതം കൂടും. ഫലത്തിൽ 1200 വാർഡുകൾ അധികം വരും. 2011-ലെ സെൻസസ് അനുസരിച്ചുള്ള പുനർനിർണയമാണിത്. അതേസമയം, ജനസംഖ്യാടിസ്ഥാനത്തിലുള്ള വാർഡ് വിഭജനം അനിവാര്യമാണെങ്കിലും സർക്കാർ ഏകപക്ഷീയമായി തീരുമാനമെടുക്കുന്നുവെന്നാണ് പ്രതിപക്ഷത്തിന്റെ ആരോപണം. കരട് തയ്യാറായി നിയമനിർമാണത്തിലേക്ക് പോകുമ്പോഴും ചർച്ചയുണ്ടായില്ലെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. സമീപകാലത്തെ വാർഡ് വിഭജന നടപടികൾ പലതും രാഷ്ട്രീയ വിവാദമായിരുന്നു.

(ശേഷം 24-ാം പേജിൽ)

## ഹെലികോപ്റ്റർ അപകടത്തിൽ ഇറാൻ പ്രസിഡണ്ട് ഇബ്രാഹിം റെയ്സി കൊല്ലപ്പെട്ടു

ടെഹ്റാൻ: ഇറാൻ പ്രസിഡണ്ട് ഇബ്രാഹിം റെയ്സി ഹെലികോപ്റ്റർ അപകടത്തിൽ കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചു. ഇബ്രാഹിം റെയ്സിയും സംഘവും സഞ്ചരിച്ച ഹെല്കോപ്റ്റർ പൂർണ്ണമായും കത്തിനശിച്ച നിലയിൽ കണ്ടെത്തിയതിനു പിന്നാലെയാണ് പ്രസിഡണ്ട് ഉൾപ്പെടെ ഹെലികോപ്റ്ററിലുണ്ടായിരുന്ന ഒൻപത് യാത്രക്കാരും മരിച്ചതായി സ്ഥീരികരിച്ചത്. ഇറാൻ വിദേശകാര്യമന്ത്രി അമീർ അബ്ദുല്ലാഹിയാനും കൊല്ലപ്പെട്ടവരുടെ കൂട്ടത്തിലുണ്ട്.



തുർക്കിയുടെ ഡ്രോൺ സംഘമാണ് ഹെലികോപ്റ്റർ കണ്ടെത്തിയത്. മലയിടുക്കുകളിൽ തട്ടിയാണ് അപകടം സംഭവിച്ചതെന്നാണ് പുറത്തുവരുന്ന വിവരം. അപകടം നടന്ന് 14 മണിക്കൂറോളം വൈകിയാണ് രക്ഷാപ്രവർത്തകർക്ക് അപകടസ്ഥലത്ത് എത്താനായത്. പ്രതികൂല കാലാവസ്ഥയായിരുന്നു പ്രധാന വെല്ലുവിളി. ജീവന്റെ ഒരു തുടിപ്പുപോലും അവശേഷിക്കുന്നില്ലെന്ന് രക്ഷാപ്രവർത്തകർ വ്യക്തമാക്കിയിരുന്നു.

പ്രവിശ്യാ ഗവർണർ മാലിക് റഹ്മതി, ഇറാൻ പരമോന്നത നേതാവിന്റെ പ്രതിനിധി ആയത്തുല്ല മുഹമ്മദ് അലി അലെഹഷെം എന്നിവരും ഹെലികോപ്റ്ററിൽ റെയ്സിക്ക് ഒപ്പമുണ്ടായിരുന്നു. ഇവരെല്ലാം കൊല്ലപ്പെട്ടു. മൂന്ന് ഹെലികോപ്റ്ററുകളാണ് പ്രസിഡണ്ടിന്റെ യാത്രാസംഘത്തിലുണ്ടായിരുന്നത്. മറ്റ് ഹെലികോപ്റ്ററുകൾ സുരക്ഷിതമാണ്.

ഇറാൻ-അസർബൈജാൻ അതിർത്തിയിൽ ക്വിസ് കലാസി അണക്കെട്ട് ഉദ്ഘാടനത്തിനായാണ് റെയ്സി എത്തിയത്. അസർബൈജാൻ പ്രസിഡണ്ട് ഇൽഹാം അലിയേവും പങ്കെടുത്തിരുന്നു.

(ശേഷം 24-ാം പേജിൽ)

## രാജ്യാന്തര അവയവക്കച്ചവടം; മുഖ്യകണ്ണി പിടിയിൽ

നെടുമ്പാശേരി: നിർധനരെ ഇറാനിലെത്തിച്ച് ആവശ്യക്കാർക്കു വൃക്ക വിറ്റുവന്ന രാജ്യാന്തര അവയവക്കടത്ത് സംഘത്തിലെ മുഖ്യകണ്ണി നെടുമ്പാശേരി വിമാനത്താവളത്തിൽ അറസ്റ്റിൽ. തൃശൂർ വലപ്പാട് കോരുകുളത്തു വീട്ടിൽ സാബിത് നാസറാണ് (30) നെടുമ്പാശേരി പോലീസിന്റെ പിടിയിലായത്. 2019 ജനുവരി മുതൽ അവയവക്കടത്ത് നടത്തുന്നതായി ഇയാൾ ചോദ്യംചെയ്യലിൽ സമ്മതിച്ചു. ഇതിനകം വൃക്ക വിറ്റ 20 പേരുടെ വിവരങ്ങൾ പോലീസിനു കിട്ടി. ഇതിൽ ഒരാൾ മലയാളിയാണ്.

വൻതുക വാഗ്ദാനംചെയ്ത് ഇറാനിലെത്തിച്ച് ഇടപാട് നടത്തുന്നതായിരുന്നു സംഘത്തിന്റെ രീതി. കമ്മീഷൻ എടുത്തശേഷമുള്ള തുക അവയവം നൽകുന്ന വ്യക്തിക്കു കൈമാറും. ഉത്തരേന്ത്യൻ സ്വദേശികളാണ് ഇരകളിൽ ഭൂരിഭാഗവും. വൃക്ക സ്വീകരിച്ചവരിൽ ഇന്ത്യക്കാരുമുണ്ട്.

അവയവക്കടത്ത് സംഘത്തിലെ മറ്റുള്ളവർക്കായി അന്വേഷണം പുരോഗമിക്കുകയാണ്. അതിനിടെ സാബിത് നൽകിയ തൃശൂരിലെ വിലാസം വ്യാജമാണെന്ന് പോലീസ് കണ്ടെത്തി.

പത്തുവർഷം മുൻപ് ഇയാൾ ഏതാനും ദിവസം മാത്രം വാടകയ്ക്കു താമസിച്ച വീടിന്റെ വിലാസമാണ് പോലീസിന് കൈമാറിയതെന്നു കണ്ടെത്തിയിട്ടുണ്ട്.

(ശേഷം 24-ാം പേജിൽ)

### തിരുവനന്തപുരത്തും കൊച്ചിയിലും വെള്ളക്കെട്ട് രൂക്ഷം

## തമിഴ്നാട്ടിൽ കനത്തമഴ; നാലുപേരെ ഒഴുക്കിൽപ്പെട്ടു കാണാതായി



ചെന്നൈ: കനത്ത മഴ നാശം വിതയ്ക്കുന്ന തമിഴ്നാട്ടിലെ തിരുപ്പൂരിൽ നാലുപേരെ ഒഴുക്കിൽപ്പെട്ടു കാണാതായി. പാലം മുറിച്ചുകടക്കാൻ ശ്രമിച്ച ബൈക്ക് യാത്രക്കാരനും രക്ഷിക്കാനെത്തിയ മൂന്നു പേരുമാണ് ഒഴുക്കിൽപ്പെട്ടത്. കോയമ്പത്തൂരിലും കന്യാകുമാരിയിലുമായി എട്ടു ജില്ലകളിലാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. ഈ പ്രദേശങ്ങളിൽ വീടുകളിൽ വെള്ളം കയറിയതായും റിപ്പോർട്ടുണ്ട്. കേരളത്തിൽ കനത്തമഴ തുടരുന്നതോടൊപ്പം അയൽസംസ്ഥാനമായ തമിഴ്നാട്ടിലും മഴ ദുരിതം വിതയ്ക്കുന്നതായാണ് റിപ്പോർട്ടുകൾ. കന്യാകുമാരി, തേനി, തിരുനൽവേലി, തെങ്കാശി ജില്ലകളിലായി അതിതീവ്ര ഒറ്റപ്പെട്ട മഴയ്ക്ക് സാദ്ധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ അറിയിപ്പ്.

(ശേഷം 24-ാം പേജിൽ)

# ബിലീവേഴ്സ് ചർച്ച് പരമാധ്യക്ഷൻ മാർ യോഹാൻ പ്രഥമന്റെ ഭൗതികശരീരം നാട്ടിലെത്തിച്ചു

തിരുവല്ല: ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ, യുഎസിൽ കാലം ചെയ്ത മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പോലീത്തയുടെ ഭൗതികശരീരം മെയ് 19-ന് രാത്രി 10-ന് സഭാ ആസ്ഥാനമായ കുറ്റപ്പുഴ സെന്റ് തോമസ് നഗറിൽ എത്തിച്ചു. 21-ന് രാവിലെ ഒൻപത് വരെ ബിലീവേഴ്സ് കൺവൻഷൻ സെന്ററിൽ പൊതുദർശനത്തിനുവെച്ചു. ഒൻപതിന് കബറടക്ക ശുശ്രൂഷയുടെ ഏഴാം ഘട്ടം നടക്കും. 10-ന് സെന്റ് തോമസ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് കത്തീഡ്രലിലേക്ക് വിലാപയാത്ര. 11-ന് കബറടക്കം.



മാർ യോഹാൻ അത്തനേഷ്യസിന്റെ ഭൗതികശരീരം ജന്മനാടായ നിരണത്തെ സെന്റ് തോമസ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിൽ പൊതുദർശനത്തിനു വെച്ചപ്പോൾ.

19-ന് പുലർച്ചെ മൂന്നരയോടെ ഭൗതികശരീരം കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലെത്തിച്ചു. തുടർന്ന് അവിടെ ബിലീവേഴ്സ് ചർച്ച് സെന്ററിൽ പൊതുദർശനത്തിനുവെച്ചു. ഉച്ചയ്ക്ക് 12-ന് വിലാപയാത്രയായി തിരുവല്ലയിലേക്കു കൊണ്ടുവന്നു. റസിഡന്റ് ബിഷപ് ജോഷ്വ മാർ ബർണബാസ്, നേപ്പാൾ ഭദ്രാസന ബിഷപ് ടൈറ്റസ് മാർ ഒസ്താത്തിയോസ്, സഭ സെക്രട്ടറി ഫാ. ഡോ. ഡാനിയേൽ ജോൺസൺ, സഭാ വക്താവ് ഫാ. സിജോ പന്തപ്പള്ളിൽ എന്നിവർ ഒപ്പമുണ്ടായിരുന്നു.

വൈകിട്ട് ആറരയോടെ അത്തനേഷ്യസ് യോഹാൻ മെത്രാപ്പോലീത്തയുടെ ജന്മനാടായ നിരണം സെന്റ് തോമസ് ബിലീവേഴ്സ് ഇസ്റ്റേൺ ചർച്ചിൽ എത്തിച്ച ഭൗതികശരീരം കാണാൻ നൂറുകണക്കിന് ആളുകളാണ് എത്തിയത്. ഇവിടെ കബറടക്ക ശുശ്രൂഷയുടെ രണ്ടാംഘട്ടം നടന്നു. ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് കേരള ഭദ്രാസന സഹായമെത്രാൻ മാത്യൂസ് മാർ സിൽവാനിയോസ് മുഖ്യകാർമികത്വം വഹിച്ചു. മുംബൈ ഭദ്രാസനാധിപൻ മാർട്ടിൻ മാർ അപ്രേം സഹകാർമികനായിരുന്നു.

രാത്രി ഒൻപതിന് വിലാപയാത്ര തിരുവല്ലയിൽ എത്തിയപ്പോൾ പൗരാവലിയുടെ നേതൃത്വത്തിൽ സാമുദായിക നേതാക്കളും ജനപ്രതിനിധികളും അന്ത്യോപചാരം അർപ്പിച്ചു. തുടർന്ന് സഭാ ആസ്ഥാനമായ കുറ്റപ്പുഴ സെന്റ് തോമസ് നഗറിൽ എത്തിച്ചേർന്നു. രാത്രി വൈകി വിവിധഘട്ടങ്ങളിലെ ശുശ്രൂഷകൾ നടന്നു.

# ഗോപിചന്ദ് ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യൻ വിനോദസഞ്ചാരിയായി

ഓസ്റ്റിൻ: ശതകോടീശ്വരൻ ജെഫ് ബെസോസിന്റെ കമ്പനിയായ ബ്ലൂ ഒറിജിൻ മെയ് 19-ന് നടത്തിയ ഏഴാം ദൗത്യത്തിൽ ഭാഗമായ ഗോപിചന്ദ് തോട്ടക്കുറ (30) ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യൻ വിനോദസഞ്ചാരിയായി. ആന്ധ്രപ്രദേശ് വിജയവാഡ സ്വദേശിയാണ്. റിട്ട. വിങ് കമാൻഡർ രാകേഷ് ശർമയ്ക്കു ശേഷം ബഹിരാകാശത്തെത്തിയ ഇന്ത്യൻ പൗരനും ഇദ്ദേഹമാണ്. പടിഞ്ഞാറൻ ടെക്സസിൽനിന്നാണു ബ്ലൂ ഒറിജിന്റെ ന്യൂഷെപാഡ് പേടകം 19-ന് ഇന്ത്യൻ സമയം രാത്രി എട്ടേകാലോടെ ഉയർന്നു പൊങ്ങിയത്. 11 മിനിറ്റ് നീണ്ടു യാത്ര.



ബഹിരാകാശയാത്ര കഴിഞ്ഞെത്തിയ ഗോപിചന്ദ് പേടകത്തിൽനിന്ന് പുറത്തിറങ്ങുന്നു.

ഭൗമനിരപ്പിൽനിന്ന് 100 കിലോമീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ബഹിരാകാശത്തിന്റെ പരമ്പരാഗത അതിർത്തി നിർവചനമായ കാർമൻ ലൈൻ ദൗത്യം കടന്നു. പിന്നീട് ക്രൂ മൊഡ്യൂൾ തിരിച്ചിറങ്ങി. ഒരു പാരച്യൂട്ട് വിടരുന്നതിൽ ചെറിയ പ്രശ്നമുണ്ടായെങ്കിലും യാത്ര ശുഭകരമായി. ഗോപിചന്ദിനൊപ്പം 90 വയസ്സുള്ള എഡ് ഡ്വൈറ്റ് ഉൾപ്പെടെ അഞ്ച് യാത്രികരുണ്ടായിരുന്നു.

പൈലറ്റും യുഎസ് അറ്റ്ലാന്റയിലെ സുഖചികിത്സാ സംരംഭമായ പ്രിസർവ് ലൈഫ് കോറിന്റെ സ്ഥാപകനുമാണ് ഗോപിചന്ദ്. ഇന്ത്യയിൽ എയർ ആംബുലൻസ് സർവീസും നടത്തിയിരുന്നു. വിവിധതരം വിമാനങ്ങളും ബലൂണുകളും ഗ്ലൈഡറുമൊക്കെ പറപ്പിക്കാൻ വിദഗ്ധനാണ്.

പരമാവധി ആറ് പേർക്ക് ഇരിക്കാവുന്നതാണ് ന്യൂഷെപാഡ് പേടകം. ബഹിരാകാശത്തെത്തിയ ആദ്യ അമേരിക്കക്കാരനായ അലൻ ഷെപേഡിന്റെ സ്മരണാർഥമാണു പേടകത്തിനു പേരു നൽകിയത്.

## ജിഷ വധക്കേസ്:
# അമീറുൽ ഇസ്‌ലാമിന് വധശിക്ഷ തന്നെ

കൊച്ചി: കേരളത്തിൽ വൻ കോളിളക്കം സൃഷ്ടിച്ച പെരുമ്പാവൂരിലെ നിയമവിദ്യാർത്ഥിനിയുടെ കൊലപാതക ക്കേസിൽ പ്രതി അമീറുൽ ഇസ്‌ലാമിന്റെ വധശിക്ഷ ഹൈക്കോടതി ശരിവെച്ചു. അമീറുൽ ഇസ്‌ലാം നല്കിയ അപ്പീൽ കോടതി തള്ളി. വധശിക്ഷയ്ക്കെതിരെ പ്രതി അമീറുൽ ഇസ്‌ലാം നൽകിയ അപ്പീലിലാണ് ഹൈക്കോടതി വിധി. കുറ്റവിമുക്തനാക്കി വെറുതെ വിടണമെന്നായിരുന്നു പ്രതിയുടെ ആവശ്യം. വധശിക്ഷ നടപ്പാക്കാൻ അനുമതിതേടി സംസ്ഥാന സർക്കാർ നല്കിയ ഹർജിയും കോടതി പരിഗണിച്ചു.



2016 ഏപ്രിൽ 28-നാണ് പെരുമ്പാവൂരിൽ നിയമവിദ്യാർത്ഥിനി കൊല്ലപ്പെട്ടത്. ഡിഎൻഎ സാമ്പിളുകൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ പരിശോധിച്ച ശേഷമാണ് വധശിക്ഷ ശരിവെച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ്. കോടതിവിധി കേൾക്കാൻ കൊല്ലപ്പെട്ട പെൺകുട്ടിയുടെ അമ്മയും സഹോദരിയും കോടതിയിൽ എത്തിയിരുന്നു. കൊലപാതകം, ലൈംഗിക പീഡനം, അതിക്രമിച്ചു കയറൽ, മാരകമായി മുറിവേല്പിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് അസം സ്വദേശിയായ അമീറുൽ ഇസ്‌ലാമിനെതിരെ തെളിഞ്ഞത്. താൻ കുറ്റം ചെയ്തിട്ടില്ലെന്നും പോലീസ് കെട്ടിച്ചമച്ച തെളിവുകളാണ് തനിക്കെതിരെ വിചാരണക്കോടതി പരിഗണിച്ചതെന്നുമാണ് പ്രതി അപ്പീലിൽ വാദിച്ചത്.

കൊല്ലപ്പെട്ട യുവതിയുടെ പേര് വിചാരണ നടപടികളുടെ ആദ്യഘട്ടത്തിൽ കോടതി രേഖകളിൽ ഉപയോഗിച്ചിരുന്നെങ്കിലും അന്തിമ വിധിന്യായത്തിൽ ഒഴിവാക്കിയിട്ടുണ്ട്. മരണശേഷവും ഇരയുടെ സ്വകാര്യതയെ മാനിക്കാനാണ് യുവതിയുടെ പേരിനു പകരം ഇംഗ്ലീഷ് അക്ഷരമാലയിലെ ‘ജെ’ എന്ന അക്ഷരം ഉപയോഗിക്കുന്നതെന്നും കോടതി രേഖപ്പെടുത്തി.

# സിപിഎമ്മിന് രക്തസാക്ഷികളായി ബോംബ് നിർമാണത്തിൽ മരിച്ചവരും

കണ്ണൂർ: നിർമാണത്തിനിടെ ബോംബ് പൊട്ടി കൊല്ലപ്പെട്ടതിനെത്തുടർന്നു നേതൃത്വം പരസ്യമായി തള്ളിപ്പറഞ്ഞ രണ്ട് പ്രവർത്തകരുടെ പേരിൽ സിപിഎം രക്തസാക്ഷി സ്മാരകമൊരുക്കി. പാനൂർ ചെറ്റക്കണ്ടി തെക്കുംമുറി എകെജി നഗറിൽ പണിത ഷൈജു, സുബീഷ് രക്തസാക്ഷി സ്മാരക മന്ദിരം 22-ന് സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്യും.

കൊളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ഈസ്റ്റ് ചെറ്റക്കണ്ടി കാക്രോട്ടെ കുന്നിൻമുകളിൽ ആളൊഴിഞ്ഞ പറമ്പിലാണ് 2015 ജൂൺ ആറിന് സ്ഫോടനമുണ്ടായത്. സിപിഎം പ്രവർത്തകരായ ഷൈജു (32), സുബീഷ് (29) എന്നിവർ കൊല്ലപ്പെട്ടു.



ബോംബ് നിർമാണത്തിനിടെ സ്ഫോടനത്തിൽ കൊല്ലപ്പെട്ട സിപിഎം പ്രവർത്തകരായ ഷൈജു, സുബീഷ് എന്നിവരുടെ സ്മരണയ്ക്കായി പാനൂർ ചെറ്റക്കണ്ടി തെക്കുംമുറി എകെജി നഗറിൽ നിർമിച്ച മണ്ഡപം

സ്ഫോടനത്തിൽ പാർട്ടിക്കു പങ്കില്ലെന്നും തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ച് എതിരാളികൾ രാഷ്ട്രീയ നേട്ടത്തിനായി ഉപയോഗിക്കുകയാണെന്നുമാണ് അന്ന് സംസ്ഥാന സെക്രട്ടറിയായിരുന്ന കോടിയേരി ബാലകൃഷ്ണൻ പ്രതികരിച്ചത്.

സംസ്ഥാന സെക്രട്ടറി തള്ളിപ്പറഞ്ഞപ്പോഴും ഇരുവരുടെയും മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിനുശേഷം ഏറ്റുവാങ്ങിയത് അന്നത്തെ ജില്ലാ സെക്രട്ടറി പി. ജയരാജനാണ്. സംസ്കരിച്ചത് ഈസ്റ്റ് ചെറ്റക്കണ്ടി എകെജി നഗറിലെ പാർട്ടി ഭൂമിയിലും. 2016 ഫെബ്രുവരിയിൽ ഇരുവർക്കും സ്മാരകം നിർമിക്കാൻ സിപിഎം ധനസമാഹരണം നടത്തി. സ്മാരക സ്തൂപമുണ്ടാക്കി ആ വർഷം ജൂൺ ആറ് മുതൽ സുബീഷ്, ഷൈജു രക്തസാക്ഷി ദിനാചരണത്തിനും തുടക്കമിട്ടു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 21
May 24, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D’souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം

ജീവിതം സേവനമാണ്. സേവനം ആനന്ദവും.
**മദർ തെരേസ**

ആപത്തുകളിൽ പെടാതിരിക്കുന്നതല്ല മഹത്വം; ആപത്തുകൾ വിവേകത്തോടെ തരണം ചെയ്യുന്നതാണ്.
**എസ്. വിൻഗ്ളർ**

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA SM America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com





# INDIA PENTECOSTAL ASSEMBLY
## 544 TIPTON RD
## IRVING TX 75060

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**
**pastorsearchipa@gmail.com**





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
# Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഭൂമിയേറ്റെടുക്കൽ നടപടി ഭൂവുടമയെ അറിയിക്കണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഭൂമിയേറ്റെടുക്കൽ നടപടികളിലേക്കു കടക്കും മുൻപ് ഭൂവുടമയെ കൃത്യമായ വിവരങ്ങൾ അറിയിക്കണമെന്നും അവരുടെ എതിർപ്പും പരിഗണിക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു. പൊതു ആവശ്യങ്ങൾക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ സർക്കാരിന്റെ ഏഴ് കടമകൾ നിശ്ചയിച്ചുകൊണ്ടുള്ള വിധിന്യായത്തിലാണ് ഈ നിർദേശം. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട കേന്ദ്രനിയമങ്ങളിലെയും സംസ്ഥാന നിയമങ്ങളിലെയും സുപ്രധാന ഘടകങ്ങൾ ഏതെല്ലാമാണെന്ന് ഈ കടമകളിൽ വ്യക്തമാണെന്ന് ജഡ്ജിമാരായ പി.എസ്. നരസിംഹ, അരവിന്ദ് കുമാർ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

**കടമകൾ:** നടപടികൾ തുടങ്ങും മുൻപുതന്നെ ഭൂവുടമയ്ക്ക് നോട്ടീസ് ലഭിക്കണമെന്നത് അറിയാനുള്ള അവകാശം എന്ന മൗലികാവകാശത്തിന്റെ ഭാഗമാണ്. നോട്ടീസ് സുവ്യക്തമായിരിക്കണം. * ഭൂവുടമയ്ക്ക് പറയാനുള്ളത് കേൾക്കണം. ഭൂമി ഏറ്റെടുക്കുന്ന അതോറിറ്റിയെ എതിർപ്പ് അറിയിക്കാൻ ഭൂവുടമയ്ക്ക് അവകാശമുണ്ട്.ഈ ആശയവിനിമയം അർത്ഥപൂർണമായിരിക്കണം, തട്ടിയെടുക്കരുത്. ഭൂവുടമയുടെ എതിർപ്പുമായി ബന്ധപ്പെട്ട അന്വേഷണം പേരിനു മാത്രമാകരുത്. * യുക്തിസഹമായ തീരുമാനങ്ങളെടുക്കുകയും അത് ഭൂവുടമയെ അറിയിക്കുകയും ചെയ്യേണ്ടത് അതോറിറ്റിയുടെ കടമയാണ്. എതിർപ്പ് കൂടി പരിഗണിച്ചുള്ള ഏറ്റെടുക്കൽ പ്രഖ്യാപനം നിർബന്ധമാണ്. ഇതിൽ വീഴ്ച വരുത്തുന്നതു നടപടിയെ വിപരീതമായി ബാധിക്കും. * സ്ഥലമേറ്റെടുപ്പ് സ്വാഭാവികമായും പൊതുആവശ്യത്തിനു വേണ്ടിയായിരിക്കണം. പൊതു ആവശ്യത്തിനാണോ എന്നത് കോടതിയുടെ തീർപ്പിനു വിധേയമായിരിക്കും. പൊതു ആവശ്യത്തിനല്ലെന്നു കോടതി കണ്ടെത്തിയാൽ നടപടി റദ്ദാക്കപ്പെടും. * സ്വത്തിനുള്ള അവകാശം ഭരണഘടനാപരമാണ്. ഇതിനാൽ ന്യായമായ നഷ്ടപരിഹാരം ഉടമയുടെ അവകാശമാണ്. ഇതു നല്കുകയും പുനരധിവാസം ഉറപ്പാക്കുകയും ചെയ്യേണ്ടത് സർക്കാരിന്റെ കടമയാണ്. * ഒന്നിലേറെ കാരണങ്ങളാൽ സ്ഥലമേറ്റെടുക്കൽ നടപടി ഭൂവുടമകളിൽ ആഘാതമേല്പിക്കും. അതിനാൽത്തന്നെ സ്ഥലം കണ്ടെത്തലും പരിശോധനയും തുടങ്ങി നഷ്ടപരിഹാരം നല്കൽ വരെ ന്യായമായ സമയപരിധിയിൽ തീർക്കണം. നിയമാനുസൃതമുള്ള സമയപരിധി പാലിക്കാത്തതിന്റെ പേരിൽ കോടതികൾ സ്ഥലമേറ്റെടുക്കൽ റദ്ദു ചെയ്തിട്ടുണ്ട്. * നഷ്ടപരിഹാരം നല്കിയതുകൊണ്ട് സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്നില്ല. പകരം, അതോറിറ്റി ഭൂമി നേരിട്ട് ഏറ്റെടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ നടപടി പൂർത്തിയായതായി കരുതില്ല. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ കേസുകളും വിധിന്യായങ്ങളുമുണ്ട്. സ്വകാര്യ വ്യക്തിയുടെ ഭൂമി ഏറ്റെടുത്ത കൊൽക്കത്ത മുനിസിപ്പൽ കോർപ്പറേഷന്റെ നടപടി തെറ്റാണെന്ന് വിധിച്ച കൽക്കട്ട ഹൈക്കോതി ഉത്തരവ് ശരിവെച്ചുകൊണ്ടുള്ളതാണ് സുപ്രീംകോടതിയുടെ സുപ്രധാനമായ ഈ ഉത്തരവ്.

# ഭക്ഷ്യസുരക്ഷാ വകുപ്പ് ഓഫീസുകളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന; ക്രമക്കേട് കണ്ടെത്തി

തിരുവനന്തപുരം: ഭക്ഷ്യസുരക്ഷാ വകുപ്പ് ഓഫീസുകളിൽ വിജിലൻസ് കേരളത്തിൽ വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയിൽ ഒട്ടേറെ ക്രമക്കേടുകൾ കണ്ടെത്തി. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം 12 ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള ഭക്ഷ്യോത്പാദകർക്ക് നൽകുന്ന ലൈസൻസിനു പകരം ചെറുകിട കച്ചവടക്കാർക്കുള്ള രജിസ്ട്രേഷനാണു നല്കുന്നത്. ഇതുവഴി സർക്കാരിന് കോടികളുടെ നഷ്ടമുണ്ടാകുന്നതായി കണ്ടെത്തി.

ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകളിൽ, സുരക്ഷിതമല്ലാത്തതും നിലവാരം കുറഞ്ഞതും തെറ്റായ ബ്രാൻഡ് എന്ന പരിശോധനാഫലം വരുന്നവയിൽ ഭക്ഷ്യ ഉത്പാദകരിൽനിന്നു പിഴ ഈടാക്കാതെ പ്രോസിക്യൂഷൻ നടപടികളിൽനിന്നു രക്ഷിക്കുന്നതിനായി ഫയലുകളിൽ കാലതാമസം വരുത്തുന്നതായും കണ്ടെത്തി.

കൊല്ലം, പത്തനംതിട്ട, തൃശൂർ ജില്ലകളിലെ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളിലും നെടുമങ്ങാട്, കുറവിലങ്ങാട്, മഞ്ചേരി, കല്പറ്റ, മാനന്തവാടി, ഇരിക്കൂർ, തളിപ്പറമ്പ്, തലശ്ശേരി, മട്ടന്നൂർ, ഉദുമ എന്നീ സർക്കിൾ ഓഫീസുകളിലും ഇത്തരം ക്രമക്കേട് കണ്ടെത്തി. ഓപ്പറേഷൻ ആപ്പിറ്റൈറ്റ് എന്ന പേരിലായിരുന്നു സംസ്ഥാനവ്യാപക മിന്നൽ പരിശോധന.

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തട്ടിപ്പു വഴി സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്ന ക്രമക്കേടുകൾ ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, തൃശൂർ, ആലത്തൂർ, ഒല്ലൂർ, മഞ്ചേരി, കല്പറ്റ, പയ്യന്നൂർ, മട്ടന്നൂർ ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളിൽ വിജിലൻസ് കണ്ടെത്തി.

തൊടുപുഴ ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസിലെ ഓഫീസ് അസിസ്റ്റന്റ് അവിടത്തെ ഹോട്ടൽ, റിസോർട്ട് ഉടമകളിൽനിന്നും ഗൂഗിൾ പേ വഴി പണം സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കാസർഗോഡ്, കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളിൽ അതാതു വർഷത്തെ റിട്ടേൺ ഫയൽ ചെയ്യാത്തവരിൽനിന്നു ദിനംപ്രതി 100 രൂപ വീതം പിഴ ഈടാക്കണമെന്ന നിയമം പാലിക്കുന്നില്ല. തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽനിന്നു മാത്രം 17.18 ലക്ഷം രൂപ പിഴ ഈടാക്കാനുണ്ടെന്നും വിജിലൻസ് കണ്ടെത്തി.

കൊട്ടാരക്കരയിൽ 2040 സ്ഥാപനങ്ങളിലും കുന്നത്തൂരിൽ 42 ഇടങ്ങളിലും അങ്കമാലിയിൽ 721 സ്ഥാപനങ്ങളിലും നോർത്ത് പറവൂരിൽ 1048 സ്ഥാപനങ്ങളിലും ജീവനക്കാർക്ക് മൂന്നു മാസത്തിനകം ഫോസ്റ്റാക്ക് പരിശീലനം നൽകണമെന്ന ചട്ടം പാലിച്ചു കാണുന്നില്ല.

ഒല്ലൂർ-1320, മലപ്പുറം-1456, തിരൂർ-3168, ഏലത്തൂർ-2365, ബേപ്പൂർ-697, വടകര-2072, കല്പറ്റ-2838, സുൽത്താൻ ബത്തേരി-2412, മട്ടന്നൂർ-1572 ഇടങ്ങളിലും ഇത്തരം ക്രമക്കേടുണ്ട്. റാന്നി ഭക്ഷ്യസുരക്ഷാ ഓഫീസിൽ പരിശോധനയ്ക്കെത്തിയ സമയം ഓഫീസ് അടഞ്ഞുകിടക്കുകയായിരുന്നു. മലപ്പുറം, കോട്ടക്കൽ, തിരൂർ, മഞ്ചേരി, സുൽത്താൻബത്തേരി, നീലേശ്വരം, കാസർഗോഡ് എന്നിവിടങ്ങളിൽ ലൈസൻസ് ഇല്ലാതെയും കാലാവധി കഴിഞ്ഞ ലൈസൻസോടെയും പ്രവർത്തിക്കുന്ന ഹോട്ടലുകൾ കണ്ടെത്തി.

പത്തനംതിട്ടയിൽ ഹൈജീനിക് റേറ്റിംഗിനായി തെരഞ്ഞെടുത്ത ഏജൻസിയുടെ ഫയൽ കാണാനില്ല. പാലക്കാട് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് 2021-2024 കാലഘട്ടത്തിൽ ശേഖരിച്ച 516 സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് ഫലം ഇതുവരെ ലഭ്യമായില്ലെന്നും വിജിലൻസ് കണ്ടെത്തി.

# നാലാമത് ലോക കേരളസഭയ്ക്ക് സർക്കാർ ഒരു കോടികൂടി അനുവദിച്ചു

തിരുവനന്തപുരം: നാലാമത് ലോക കേരളസഭയുടെ ഒരുക്കങ്ങൾക്ക് ഒരു കോടി രൂപകൂടി സംസ്ഥാന സർക്കാർ അനുവദിച്ചു. കഴിഞ്ഞ 15-ന് അനുവദിച്ച രണ്ടുകോടിക്കു പുറമേയാണിത്. ഇതോടെ ലോക കേരളസഭയുടെ നടത്തിപ്പിനു മൂന്നു കോടി രൂപയാണ് ഇതുവരെ അനുവദിച്ചത്. ആഗോള സാംസ്കാരിക ഉത്സവം എന്ന പേരിലാണ് ഒരു കോടി അനുവദിച്ചത്. ഇതിൽ ലോക കേരളസഭയിലെ സാംസ്കാരിക പരിപാടിക്ക് 25 ലക്ഷം രൂപയാണ്.

പ്രവാസി വിദ്യാർത്ഥികളുടെ സാംസ്കാരിക പരിപാടിക്ക് 20 ലക്ഷം രൂപയുമുണ്ട്. ലോക കേരളസഭ അംഗങ്ങളുമായി സഹകരിച്ചു കേരളത്തിന്റെ സാംസ്കാരിക, ടൂറിസം പരിപാടികളുടെ ദൃശ്യങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 351 അംഗങ്ങളാണു പങ്കെടുക്കുന്നത്. നിയമസഭാ മന്ദിരത്തിലാണു ലോക കേരളസഭ നടക്കുന്നത്. ഭക്ഷണത്തിനു 10 ലക്ഷവും താമസത്തിന് 25 ലക്ഷവും അനുവദിച്ചിട്ടുണ്ട്. വേദിയും വഴികളും അലങ്കരിക്കാൻ 35 ലക്ഷം, എയർ ടിക്കറ്റിന് അഞ്ചു ലക്ഷം, മറ്റ് ആവശ്യങ്ങൾക്ക് 20 ലക്ഷം എന്നിങ്ങനെ, സഭയുടെ മീറ്റിംഗുമായി ബന്ധപ്പെട്ട ചെലവ് ഒരു കോടിയാണ്. ലോക കേരളസഭ സെക്രട്ടേറിയറ്റിന് 50 ലക്ഷവും അനുവദിച്ചു. ഇതിൽ 19 ലക്ഷം ഓഫീസ് ചെലവുകൾക്കാണ്. ശിപാർശകൾ നടപ്പാക്കാൻ 50 ലക്ഷവും.

# തുടർക്കഥയാകുന്ന സ്ത്രീധനപീഡനം

സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ കൊല്ലപ്പെടുകയും ക്രൂരമായ പീഡനങ്ങൾക്കിരയാകേണ്ടിവരുന്നതുമായ സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഏറിവരികയാണ്. ദൈവത്തിന്റെ സ്വന്തം നാടെന്നും സാക്ഷരതയിൽ വളരെ മുമ്പിലാണെന്നുമൊക്കെ അവകാശപ്പെടുന്ന നമുക്ക് എത്ര അപമാനകരമാണ് സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന പീഡനങ്ങളും കൊലപാതകങ്ങളുമൊക്കെ. സ്ത്രീധനമെന്ന മഹാവിപത്തിനെതിരെ എത്രയോ കാലമായി നാം ശബ്ദമുയർത്തിത്തുടങ്ങിയിട്ട്. പക്ഷേ സ്ത്രീധനം കൊടുക്കുവാനും അത് കൈനീട്ടി വാങ്ങുവാനും ആർക്കുമൊരു മടിയില്ലാതായിരിക്കുന്നു എന്നതാണ് സത്യം. സ്ത്രീധനം വിലപേശി വാങ്ങുന്നവരും അത് കുറഞ്ഞുപോയതിന്റെ പേരിൽ ഭർത്തൃഗൃഹത്തിൽ പീഡിപ്പിക്കപ്പെടുന്നതും മരണപ്പെടുന്നതുമൊക്കെ ഒരു നിത്യസംഭവമായി മാറിയിരിക്കുകയാണ്.

സ്ത്രീധനത്തിന്റെ പേരിൽ നവവധു ഭർത്തൃഗൃഹത്തിൽ ക്രൂരമായ മർദ്ദനത്തിനിരയായ സംഭവമാണ് ഏറ്റവും ഒടുവിൽ നാം കേട്ടത്. ഈയിടെ ഗുരുവായൂർ ക്ഷേത്രത്തിൽവച്ച് കോഴിക്കോട് പന്തീരാങ്കാവ് വള്ളിക്കാവ് സ്നേഹതീരത്തിൽ രാഹുൽ പി.ഗോപാലൻ പറവൂർ സ്വദേശിനിയായ യുവതിയെ വിവാഹം കഴിച്ച ആറാംനാൾ മുതൽതന്നെ സ്ത്രീധനം കുറഞ്ഞുപോയതിന്റെ പേരിൽ ക്രൂരമായ മർദ്ദനം തുടങ്ങിയിരുന്നുവെന്നാണ് യുവതിയുടെ പിതാവ് പറയുന്നത്. സ്വർണ്ണം കുറഞ്ഞുപോയതിന്റെ പേരിലായിരുന്നുവത്രെ വഴക്കിന് തുടക്കം. വീട്ടുകാർ രാഹുലിനെ ഇതിൽനിന്നും പിന്തിരിപ്പിക്കുവാൻപോലും തയ്യാറായില്ല എന്നത് ഏറ്റവും ഖേദകരമായ കാര്യമാണ്. മുൻപ് രാഹുൽ മറ്റൊരു യുവതിയുമായി വിവാഹനിശ്ചയം നടത്തിയിരുന്നെങ്കിലും രാഹുലിന്റെ ഇടപെടലുകളിൽ സംശയം തോന്നിയതിനാൽ അവർ ഇതിൽനിന്നും പിന്മാറുകയായിരുന്നു. വിവാഹബന്ധം വേർപെടുത്തുന്നതിനായി രാഹുൽ ലക്ഷങ്ങൾ അവരോട് ആവശ്യപ്പെട്ടിരുന്നുവത്രെ.

സ്ത്രീധനം കൊടുക്കുന്നതിലും വാങ്ങുന്നതിലും നിരോധനമുള്ള നാടാണ് നമ്മുടേതെങ്കിലും ഒളിഞ്ഞും തെളിഞ്ഞും സ്ത്രീധനം വാങ്ങുകയും കൊടുക്കുകയും ചെയ്യുകയെന്നുള്ളത് തങ്ങളുടെ പ്രൗഢിയുടേയും പ്രതാപത്തിന്റെയും മുഖമുദ്രയായാണ് പലരും കാണുന്നത്. കാലമെത്ര കഴിഞ്ഞാലും ഈ അവസ്ഥക്ക് മാറ്റമൊന്നുമുണ്ടാകുകയില്ല എന്നതാണ് സത്യം. കഴിഞ്ഞ വർഷം സ്ത്രീധനത്തിന്റെ പേരിൽ ഭർത്തൃഗൃഹത്തിൽ പൊലിഞ്ഞില്ലാതായത് ഏഴ് ജീവിതങ്ങളാണ്. പീഡനമേറ്റ് ജീവിക്കുവാൻ വിധിക്കപ്പെട്ടവർ ഇതിലുമെത്രയോ ഇരട്ടിയായിരിക്കുമെന്ന് ഓർക്കുക. സ്ത്രീധനത്തിന്റെ പേരിൽ കൊല്ലപ്പെട്ട വിസ്മയയുടേയും ഉത്രയുടേയും കഥകൾ ഇനിയും നാം മറന്നിട്ടില്ല. ഓരോ വർഷവും ഇതൊക്കെ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കുറ്റക്കാർക്കെതിരെ നടപടികൾ ശക്തമാകുമ്പോഴും സ്ത്രീധനത്തിന്റെ പേരിൽ എത്രയോ സ്ത്രീകൾ കൊല്ലപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്നു എന്നത് യാഥാർത്ഥ്യം. നാമറിയുന്ന കഥകളേക്കാൾ അറിയപ്പെടാത്ത എത്രയോ ഞെട്ടിപ്പിക്കുന്ന കഥകൾ നമുക്ക് ചുറ്റുമുണ്ടെന്ന കാര്യം മറക്കാതിരിക്കുക.

സ്ത്രീധനം നല്കാൻ കഴിയാത്തതിന്റെ പേരിൽ എത്രയോ നിർദ്ധനരായ പെൺകുട്ടികളാണ് വിവാഹപ്രായം കഴിഞ്ഞിട്ടും കതിർമണ്ഡപത്തിലെത്താൻ കഴിയാതെ ജീവിക്കുന്നത്. വിദ്യാഭ്യാസരംഗത്തും സാമൂഹിക നിലവാരത്തിലുമെല്ലാം എന്നും മാതൃകയായി നില്ക്കുന്ന മലയാളികളാണ് സ്ത്രീധനം കുറഞ്ഞതിന്റെ പേരിൽ ഇവിടെ സ്വന്തം ഭാര്യയെ വേട്ടയാടുന്നത് എന്ന യാഥാർത്ഥ്യം നമ്മെ ലജ്ജിപ്പിക്കുന്നതാണ്. സ്ത്രീധനത്തിനെതിരെയും സ്ത്രീപീഡനത്തിനെതിരെയുമൊക്കെ പരാതി നല്കാനുള്ള സംവിധാനമുണ്ടെങ്കിലും പീഡിപ്പിക്കപ്പെടുന്നവരിൽ കൈവിരലിലെണ്ണാവുന്നവർ മാത്രമാണ് പരാതിയുമായി രംഗത്തുവരുന്നത്. സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും അതിനു പ്രേരിപ്പിക്കുന്നതും ജാമ്യം ലഭിക്കാത്തതും തടവ്, പിഴ എന്നീ ശിക്ഷകൾ ലഭിക്കാവുന്നതുമായ കുറ്റകൃത്യങ്ങളാണ്. 1961-ൽ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് ഇപ്പോഴും നിലവിലുള്ളത്. അഞ്ചുവർഷത്തിൽ കുറയാത്ത തടവും 15000 രൂപയിൽ കുറയാത്ത തുക പിഴയുമാണ് ശിക്ഷ.

പൊന്നും പണവും മാത്രമല്ല വിവാഹച്ചെലവിനു നല്കുന്ന തുകപോലും സ്ത്രീധനമാണ്. സ്ത്രീധനമെന്ന മഹാവിപത്തിനെ ജീവിതത്തിൽനിന്നും സമൂഹത്തിൽനിന്നും എന്നെങ്കിലും ഒഴിവാക്കി നിർത്താൻ നമുക്കാവുമോ? വിവാഹം ഒരു ലാഭക്കച്ചവടമല്ലെന്നും സംതൃപ്തമായ ഒരു കുടുംബജീവിതത്തിന്റെ തുടക്കമാണെന്നും സ്ത്രീധനമല്ല, സ്ത്രീയാണ് ഏറ്റവും വലിയ 'ധന'മെന്ന് നാം തിരിച്ചറിയാത്ത കാലത്തോളം ഈ പീഡന കഥകളും കൊലപാതകങ്ങളും തുടരുകതന്നെ ചെയ്യും.

**സദ്ചിന്ത**

## ധനത്തിന്റെ വിനിയോഗം

ധനത്തിന്റെ ഉപയോഗം ഒന്നുകിൽ ഒരുവനെ സന്തോഷചിത്തനാക്കും അല്ലെങ്കിൽ ദുഃഖിതനാക്കും. സമ്പന്നൻ സന്തോഷം ആഗ്രഹിക്കുന്നുണ്ടെങ്കിൽ തന്റെ പ്രത്യേക ദൗത്യം മനസ്സിലാക്കിക്കൊണ്ട് മറ്റുള്ളവരെ സ്നേഹിക്കുവാനും ദരിദ്രരെ സഹായിക്കുവാനും ശ്രമിക്കണം. ഭൗതിക സമ്പത്ത് ആദ്ധ്യാത്മിക നാശത്തിലേക്ക് നയിക്കുവാൻ സാധ്യതയുള്ളതിനാൽ ധനികർ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. (ലൂക്ക 8, 14) സമ്പത്തിന്റെ ശരിയായ ഉപയോഗം സന്തോഷത്തിലേക്കും അതിന്റെ പൂർണ്ണതയായ ദൈവരാജ്യത്തിലേക്കും നമ്മെ നയിക്കുന്നു. ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനങ്ങളിൽ പങ്കുപറ്റുന്നവർക്കാണ് ദൈവകൃപ ലഭിക്കുന്നത്. ദൈവകൃപ ലഭിക്കുന്നവർ നിത്യരക്ഷയിൽ പങ്കുപറ്റുന്നു.


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases
All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# വിദേശ തുറമുഖത്തിന്റെ നിയന്ത്രണം ആദ്യമായി ഇന്ത്യക്ക്

ന്യൂഡൽഹി: ഇറാനിലെ ഛാബഹാർ ഷാഹിദ്-ബെഹെസ്തി തുറമുഖത്തിന്റെ നിയന്ത്രണം അടുത്ത 10 വർഷത്തേക്ക് ഇന്ത്യ പോർട്സ് ഗ്ലോബൽ ലിമിറ്റഡിനു കൈമാറാനുള്ള കരാറിൽ ഇന്ത്യയും ഇറാനും ഒപ്പുവെച്ചു. പോർട്സ് ഗ്ലോബലും ഇറാനിലെ പോർട്ട് ആൻഡ് മാരിടൈം ഓർഗനൈസേഷനുമാണ് കരാറിൽ ഒപ്പിട്ടത്. ഇതാദ്യമായാണ് ഇന്ത്യ ഒരു വിദേശ തുറമുഖത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നത്.




**ഇറാനിലെ ഛാബഹാർ തുറമുഖത്തിന്റെ നിയന്ത്രണം 10 വർഷത്തേക്ക് ഇന്ത്യ പോർട്സ് ഗ്ലോബൽ ലിമിറ്റഡിനു കൈമാറാനുള്ള കരാർ ഒപ്പുവെക്കുന്ന ചടങ്ങിനിടെ.**

മേഖലയിലെ ചരക്കു ഗതാഗതത്തിൽ മേൽക്കൈ നേടുന്നതോടൊപ്പം പാക്കിസ്ഥാനിലെ ഗ്വാദർ തുറമുഖത്തിനും ചൈനയുടെ വാണിജ്യ ചരക്ക് ഇടനാഴിയായ ബെൽറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവിനും ഈ നീക്കം ബദലാകും എന്നാണ് കരുതുന്നത്.

ടെഹ്റാനിൽ തുറമുഖ മന്ത്രി സർബാനന്ദ സോനോവാളിന്റെയും ഇറാൻ ഗതാഗത മന്ത്രി മഹർഷാദ് ബസ്ർപ്രാഷിന്റെയും സാന്നിധ്യത്തിൽ ഇന്ത്യ

മധ്യേഷ്യയിലേക്കും അതുവഴി യൂറോപ്പിലേക്കുമുള്ള ചരക്കു ഗതാഗതത്തിൽ പാക്കിസ്ഥാനെയും ചൈനയെയും മറികടന്ന് ഇന്ത്യയ്ക്ക് മേൽക്കൈ നേടാൻ ഇതു വഴിയൊരുക്കുമെന്ന് കേന്ദ്ര സർക്കാർ വൃത്തങ്ങൾ പറഞ്ഞു. ഇന്ത്യ-ഇറാൻ-അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളുടെ തുറമുഖ ഹബ്ബായി ഛാബഹാർ മാറും. തുറമുഖത്തെ കണ്ടെയ്നർ, മൾട്ടി പർപ്പസ് ടെർമിനലുകളുടെ നിയന്ത്രണം ഇന്ത്യയ്ക്കായിരിക്കും.

തുറമുഖത്തേക്ക് സഹൈദാനിൽ നിന്നുള്ള 630 കിലോമീറ്റർ റെയിൽ-റോഡ് സംവിധാനവും ഇന്ത്യ നിർമിക്കും. ഇന്ത്യ പോർട്സ് ഗ്ലോബൽ ഛാബഹാർ ഫ്രീ സോൺ എന്ന ഉപസ്ഥാപനം മുഖേനയാണ് തുറമുഖം കൈകാര്യം ചെയ്യുന്നത്. ഹാർബർ ക്രെയിനുകളടക്കം എല്ലാ ഉപകരണങ്ങളും സംവിധാനങ്ങളും ഇന്ത്യ ഒരുക്കും.

വലിയ ഇന്ധന നിക്ഷേപമുള്ള ഇറാന്റെ ദക്ഷിണ തീരത്തെ സിസ്താൻ-ബലൂചിസ്ഥാൻ പ്രവിശ്യയിലാണ് ഛാബഹാർ. ഇന്ത്യ, ഇറാൻ, അഫ്ഗാനിസ്ഥാൻ, അർമീനിയ, അസർബൈജാൻ, റഷ്യ, മധ്യേഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലേക്കുള്ള 7200 കിലോമീറ്റർ വിവിധ തല ഗതാഗത പദ്ധതിയായ രാജ്യാന്തര വടക്ക്-തെക്ക് ഗതാഗത ഇടനാഴി (ഐഎൻഎസ്ടിസി)യുടെ മുഖ്യ ഘടകമായാണ് ഛാബഹാറിനെ ഇന്ത്യ വിലയിരുത്തുന്നത്. 2003-ൽ ഇറാൻ പ്രസിഡണ്ട് മുഹമ്മദ് ഖാത്തമിയുടെ സന്ദർശന വേളയിലാണ് ചർച്ചകൾക്ക് തുടക്കമിട്ടത്.

2013-ൽ 10 കോടി ഡോളർ നിക്ഷേപത്തിന് ഇന്ത്യ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. 2015-ൽ ധാരണാപത്രം ഒപ്പിട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദി 2016-ൽ ടെഹ്റാൻ സന്ദർശിച്ചപ്പോൾ കരാറിൽ ഒപ്പിട്ടു. ഛാബഹാർ തുറമുഖ വികസനത്തിനായി വിദേശകാര്യമന്ത്രാലയം ഈ സാമ്പത്തിക വർഷത്തേക്ക് 100 കോടി രൂപ നീക്കിവെച്ചിരുന്നു.

## ഓസ്ട്രേലിയയിൽ സ്റ്റേബാക്ക്: പ്രായപരിധി 35

സിഡ്നി: ഓസ്ട്രേലിയയിൽ വിദേശ വിദ്യാർത്ഥികൾക്കുള്ള സ്റ്റേബാക്ക് പ്രായപരിധി വ്യവസ്ഥകൾ ജൂലൈ ഒന്ന് മുതൽ മാറും. ഇന്ത്യക്കാർക്ക് ഗുണകരമായ വ്യവസ്ഥകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പുതിയ പ്രായപരിധി 35 വയസ്സാക്കി. ഓസ്ട്രേലിയയിൽ അംഗീകൃത കോഴ്സ് പൂർത്തീകരിച്ചവർക്ക് സ്റ്റേബാക്ക് നൽകുന്നതാണ് താൽക്കാലിക ഗ്രാജ്വേറ്റ് വിസ. കുടുംബാംഗങ്ങളെ ഓസ്ട്രേലിയയിലേക്ക് കൊണ്ടുപോകാനും സമയപരിധിയില്ലാതെ ജോലി ചെയ്യാനും ഇത് അവസരം നൽകുന്നു. പോസ്റ്റ് സ്റ്റഡി വർക്, ഗ്രാജ്വേറ്റ് വർക് സ്ട്രീമുകൾ ഇനി പോസ്റ്റ് വൊക്കെഷണൽ എജ്യുക്കേഷൻ വർക് സ്ട്രീം, പോസ്റ്റ് ഹയർ എജ്യുക്കേഷൻ വർക് സ്ട്രീം എന്നീ പേരുകളിൽ അറിയപ്പെടും.

അസോഷ്യേറ്റ് ഡിഗ്രി, ഡിപ്ലോമ, ട്രേഡ് യോഗ്യത ഉള്ളവർ പോസ്റ്റ് വൊക്കേഷണൽ എജ്യുക്കേഷൻ വർക് സ്ട്രീമിൽ അപേക്ഷിക്കാനുള്ള പ്രായപരിധി 35 വയസ്സായി കുറച്ചു. 18 മാസംവരെ സ്റ്റേബാക്ക് ലഭിക്കും. പോസ്റ്റ് ഹയർ എജ്യുക്കേഷൻ വർക് സ്ട്രീമിനും സമാനമായ പ്രായപരിധിയാക്കി.

ഓസ്ട്രേലിയ-ഇന്ത്യ കരാറനുസരിച്ച് ഇപ്പോൾ നിലവിലുള്ള സ്റ്റേബാക്ക് വ്യവസ്ഥകൾ (ബിരുദക്കാർക്ക് രണ്ട് വർഷം, സയൻസ്, ടെക്നോളജി, എഞ്ചിനീയറിങ്, മാനേജ്മെന്റ് മേഖലയിൽ ഓണേഴ്സ് ഒന്നാം ക്ലാസ് ബിരുദക്കാർക്ക് മൂന്ന് വർഷം ബിരുദാനന്തര ബിരുദക്കാർക്ക് മൂന്ന് വർഷം, പിഎച്ച്ഡിക്കാർക്ക് നാല് വർഷം) മാറ്റമില്ലാതെ തുടരും. മറ്റുള്ളവർക്കുള്ള കാലാവധിയെക്കാൾ ഒരു വർഷം വീതം ഇന്ത്യക്കാർക്ക് അധികം കിട്ടും.

## ഗുണ്ടാ ആക്രമണം; കേസുകളിൽ പകുതിയും എഴുതിത്തള്ളി

തിരുവനന്തപുരം: 2016 മുതൽ 2022 വരെയുള്ള ആറ് വർഷത്തിനിടെ കേരളത്തിൽ നടന്ന 431 ബോംബ് ആക്രമണക്കേസുകളിൽ ഇതുവരെ ഒരാൾ പോലും ശിക്ഷിക്കപ്പെട്ടിട്ടില്ല. കേസിൽ പകുതിയും പോലീസ് എഴുതിത്തള്ളി. 205 എണ്ണം തെളിയിക്കാൻ കഴിഞ്ഞില്ലെന്നാണു പോലീസ് വാദം. രണ്ട് കേസുകൾ എഴുതിത്തള്ളിയതു തെളിവുകളുടെ അഭാവത്തിലാണ്. 162 കേസുകളിൽ മാത്രമാണ് ഇതുവരെ കുറ്റപത്രം നൽകിയത്. ഇവ വിചാരണയുടെ ഘട്ടത്തിലാണ്. ഫലത്തിൽ ഒരാൾക്കും ഇതുവരെ ശിക്ഷ കിട്ടിയിട്ടില്ല.

ആദ്യ പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂൺ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള കണക്കാണിത്. പല കേസിലും ഭരണകക്ഷിയിൽപ്പെട്ടവർ ഉൾപ്പെട്ടതോടെയാണ് ആദ്യം അന്വേഷണം തുടങ്ങിയ പോലീസ് കുറ്റപത്രം നൽകാറായതോടെ മലക്കം മറിഞ്ഞത്. പലപ്പോഴും ഉന്നത ഉദ്യോഗസ്ഥർ അന്വേഷണ സംഘത്തിനുമേൽ സമ്മർദം ചെലുത്തിയാണ് കേസുകൾ അട്ടിമറിച്ചത്.

ഇക്കാലത്ത് 150 ഗുണ്ടാ ആക്രമണങ്ങൾ അരങ്ങേറി. 142-ൽ കുറ്റപത്രം നൽകി. രണ്ടെണ്ണം എഴുതിത്തള്ളി. അഞ്ച് കേസിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു. ആറ് കേസിലെ പ്രതികളെ കോടതി വിട്ടയച്ചു. ശക്തമായ തെളിവു ഹാജരാക്കി പ്രതികൾക്കു ശിക്ഷ ഉറപ്പാക്കുന്നതിൽ പോലീസ് വീഴ്ച വരുത്തിയോ എന്നുപോലും മേലുദ്യോഗസ്ഥർ അന്വേഷിച്ചില്ല. ബോംബ് നിർമാണത്തിനിടെയുണ്ടായ സ്ഫോടനങ്ങൾക്കു 10 കേസുകൾ മാത്രമാണു രജിസ്റ്റർ ചെയ്തത്. അഞ്ച് കുറ്റപത്രം നൽകി. രണ്ട് എണ്ണം എഴുതിത്തള്ളി.

## ആർസിസിയിൽ വൻ സൈബർ ആക്രമണം

തിരുവനന്തപുരം: റീജണൽ കാൻസർ സെന്ററി (ആർസിസി) ലെ 20 ലക്ഷം രോഗികളുടെ വിവരങ്ങൾ ചോർത്തിയ സൈബർ ആക്രമണക്കേസിൽ പോലീസ് അന്വേഷണം ഇഴയുന്നു. സൈബർ ക്രൈം വിഭാഗം എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ട് ഒരാഴ്ചയായെങ്കിലും യാതൊരു തുമ്പും കിട്ടിയില്ല. രാജ്യാന്തരബന്ധങ്ങളുള്ള കുറ്റകൃത്യം കേന്ദ്ര ഏജൻസികളാണ് അന്വേഷിക്കേണ്ടതെന്ന അഭിപ്രായം ശക്തം. കഴിഞ്ഞ 28-നാണ് ആർസിസിയിലെ 14 സെർവറുകളിൽ 11-ലും സൈബർ ആക്രമണമുണ്ടായത്. ഇതേത്തുടർന്ന് പല വിഭാഗങ്ങളുടെയും പ്രവർത്തനം നിശ്ചലമായി. റേഡിയേഷൻ വകുപ്പിലെ വിവരങ്ങൾ ഉൾപ്പെടെ ചോർന്നെന്നാണു സൂചന. രോഗികളുടെ നിർണായക വിവരങ്ങൾ ഹാക്കർമാർ വേർതിരിച്ചെടുത്തതായും ഇവ വിട്ടുനൽകാൻ 100 ദശലക്ഷം ഡോളർ ആവശ്യപ്പെട്ടതായും സൂചനയുണ്ട്. ഇന്ത്യയിൽതന്നെ ഇത് അപൂർവ സംഭവമാണ്.

അതീവഗുരുതര രോഗികളുടെ റേഡിയേഷൻ ചികിത്സ, ക്രിട്ടിക്കൽ പേഷ്യന്റ് കെയർ സംവിധാനം എന്നിവ സൈബർ ആക്രമണം മൂലം തടസപ്പെട്ടതായി എഫ്ഐആറിൽ പറയുന്നു. ഐടി നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമാണു കേസ്. 20 ലക്ഷത്തിലേറെ രോഗികളുടെ ആരോഗ്യവിവരങ്ങൾ ചോർത്തിയ ഹാക്കർമാർ ക്രിപ്റ്റോ കറൻസിയിൽ 'മോചനദ്രവ്യം' ആവശ്യപ്പെട്ടെന്നാണു സൂചന. ഉത്തര കൊറിയക്കാരായ സൈബർ ക്രൈം ഗ്യാങ്ങാണ് ആർസിസിയുടെ വിവരശേഖരത്തിൽ നുഴഞ്ഞുകയറിയതെന്നു സംശയിക്കപ്പെടുന്നു. ചൈനീസ് ഹാക്കർമാരുടെ പങ്കും അന്വേഷണപരിധിയിലുണ്ട്. പ്രധാനമായും റേഡിയേഷൻ ചികിത്സയ്ക്കുള്ള സോഫ്റ്റ്‌വേർ ലക്ഷ്യമിട്ടായിരുന്നു ആക്രമണം. ലക്ഷക്കണക്കിനു രോഗികളുടെ ശസ്ത്രക്രിയ, റേഡിയേഷൻ, പത്തോളജി വിവരങ്ങൾ ചോർത്തിയശേഷം ക്രിപ്റ്റോ കറൻസിയിൽ കോടികൾ ആവശ്യപ്പെട്ട് വിദേശത്തുനിന്ന് ഇ-മെയിൽ സന്ദേശമയച്ചു. 2022-ൽ ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസി (എയിംസ്) നു നേരെയും സമാനമായ സൈബർ ആക്രമണം നടന്നു. അന്ന് എയിംസിൽ ചികിത്സ തേടിയ പ്രമുഖരുടെയടക്കം വിവരങ്ങളാണു ചോർന്നത്.






# രണ്ടാം ചരമവാർഷികം

## മെയ് 25, 2024



# മറിയാമ്മ പിള്ള

## ചിക്കാഗോ

ദുഃഖസ്മരണകളോടെ
കുടുംബാംഗങ്ങൾ

# കോവാക്സിൻ സ്വീകരിച്ച മൂന്നിലൊന്ന് പേർക്കും ആരോഗ്യ പ്രശ്നങ്ങൾ

ന്യൂഡൽഹി: ഭാരത് ബയോടെക്കിന്റെ കോവിഡ് പ്രതിരോധ വാക്സിനായ കോവാക്സിൻ സ്വീകരിച്ച മൂന്നിലൊന്ന് പേർക്കും ഒരു വർഷത്തിനിടെ ആരോഗ്യപ്രശ്നങ്ങളുണ്ടായതായി പഠനം. കോവാക്സിന്റെ ദീർഘകാല ഫലങ്ങളെക്കുറിച്ച് ബനാറസ് ഹിന്ദു സർവകലാശാല (ബിഎച്ച്യു) നടത്തിയ പഠനം സ്ലിംഗർ നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ചു.

2022 ജനുവരിമുതൽ 2023 ഓഗസ്റ്റ് വരെ 635 കൗമാരക്കാരിലും 291 മുതിർന്നവരിലുമാണ് പഠനം നടത്തിയത്. ഇവരിൽ 50 ശതമാനം പേർക്കും പിന്നീട് ആരോഗ്യപ്രശ്നങ്ങളുണ്ടായി. ശ്വാസകോശ അണുബാധയാണ് കൂടുതലും. സ്ട്രോക്ക്, പേശികളുടെ ബലഹീനത കുറയുന്ന ഗില്ലിൻ–ബാരെ സിൻഡ്രോം എന്നിവ ഒരു ശതമാനം പേരിൽ കണ്ടെത്തി. ത്വക്രോഗം, നാഡീവ്യവസ്ഥയുടെ തകരാറുകൾ എന്നിവയാണ് കൗമാരക്കാരിൽ കാണപ്പെട്ടത്.

മുതിർന്നവരിൽ അസ്ഥി–പേശി സംബന്ധമായ രോഗങ്ങളാണ് കൂടുതലും. 4.6 ശതമാനം സ്ത്രീകളിൽ ആർത്തവക്രമക്കേടുകളുമുണ്ടായി. കോവാക്സിന്റെ രണ്ടുഡോസുകൾ സ്വീകരിച്ചവരുമായി താരതമ്യംചെയ്യുമ്പോൾ മൂന്നുഡോസെടുത്ത മുതിർന്നവർക്ക് നാലുമടങ്ങ് ആരോഗ്യപ്രശ്നസാധ്യത കൂടുതലാണെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

# ഇ.ഡിക്ക് അറസ്റ്റ് അധികാരത്തിന് കൂച്ചുവിലങ്ങിട്ട് സുപ്രീംകോടതി

ന്യൂഡൽഹി: കള്ളപ്പണക്കേസുകളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) അറസ്റ്റ് അധികാരത്തിന് കൂച്ചുവിലങ്ങിട്ട് സുപ്രീംകോടതി. പ്രത്യേക കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ കള്ളപ്പണം വെളുപ്പിക്കൽ നിയമം (പിഎംഎൽഎ) വകുപ്പ് 19 പ്രകാരം കുറ്റാരോപിതരെ അറസ്റ്റ് ചെയ്യാൻ കോടതിയുടെ മുൻകൂർ അനുമതി വേണമെന്നാണ് ജസ്റ്റീസുമാരായ അഭയ് എസ് ഓക, ഉജ്ജൽ ഭുയാൻ എന്നിവരുൾപ്പെട്ട ബെഞ്ചിന്റെ നിർണായക വിധി.

കോടതിയുടെ പരിഗണനയിലുള്ള കേസാണെങ്കിൽ പിഎംഎൽഎ വകുപ്പ് 19 പ്രകാരം കുറ്റാരോപിതനെ അനുമതിയില്ലാതെ അറസ്റ്റ് ചെയ്യാൻ ഇഡിക്ക് അധികാരമില്ലെന്നു ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒരാൾ കുറ്റം ചെയ്തിരിക്കാൻ ഇടയുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അറസ്റ്റിന് ഇഡിക്ക് അധികാരം നല്കുന്നതാണ് പിഎംഎൽഎ 19–ാം വകുപ്പ്. അറസ്റ്റിന്റെ കാരണം കുറ്റാരോപിതനെ എത്രയും വേഗം അറിയിക്കണമെന്നാണ് വ്യവസ്ഥ. ഇഡിയുടെ രംഗപ്രവേശംവരെ കുറ്റാരോപിതൻ അറസ്റ്റ് ചെയ്യപ്പെടാത്ത കേസാണെങ്കിൽ തുടർന്നും അറസ്റ്റ് പാടില്ല. പ്രത്യേക കോടതി സമൻസ് പുറപ്പെടുവിക്കുകയും കുറ്റാരോപിതൻ അതിനോട് പ്രതികരിക്കുകയും ചെയ്താൽ അത് കസ്റ്റഡിയായി കണക്കാക്കാനാവില്ല.

ഇത്തരം സാഹചര്യങ്ങളിൽ ഇഡിക്ക് കസ്റ്റഡി ആവശ്യമാണെങ്കിൽ പ്രത്യേക കോടതിയിൽ അപേക്ഷ നല്കണം. കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ടത് അനിവാര്യമാണെന്നു കോടതിക്കു ബോദ്ധ്യപ്പെട്ടാലേ അപേക്ഷയിൽ അനുകൂല നടപടിയുണ്ടാകൂ. കുറ്റാരോപിതൻ സമൻസിനോട് പ്രതികരിച്ചില്ലെങ്കിലേ ക്രിമിനൽ നടപടിച്ചട്ടം വകുപ്പ് 70 പ്രകാരം അറസ്റ്റ്വാറന്റ് പുറപ്പെടുവിക്കാനാകൂ. സമൻസ് അവഗണിക്കുന്നത് ആദ്യതവണയാണെങ്കിൽ ജാമ്യം ലഭിക്കാവുന്ന വാറന്റാകും പുറപ്പെടുവിക്കുക. കോടതിയുടെ സമൻസിനു മറുപടി ലഭിക്കുന്നതിനു മുമ്പ് കുറ്റാരോപിതനെ അറസ്റ്റ് ചെയ്യാൻ കേന്ദ്ര ഏജൻസിക്ക് അധികാരമില്ലെന്നു വിധിയിൽ പറയുന്നു.

അറസ്റ്റിന്റെ കാരണം കുറ്റാരോപിതനെ ഇഡി രേഖാമൂലം അറിയിക്കണമെന്ന വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി രണ്ടുമാസം മുമ്പ് സുപ്രീംകോടതി തള്ളിയിരുന്നു. ചോദ്യം ചെയ്യാൻ വിളിപ്പിക്കുമ്പോൾ സഹകരിച്ചില്ലെന്നത് അറസ്റ്റിന് മതിയായ കാരണമല്ലെന്നും അന്ന് കോടതി വ്യക്തമാക്കി.

# നാലു വയസുകാരിക്ക് വിരലിനു പകരം നാവിന് ശസ്ത്രക്രിയ

കോഴിക്കോട്: നമ്പർ വൺ ആരോഗ്യകേരളത്തിനു കറുത്ത ഏടായി കോഴിക്കോട് മെഡിക്കൽ കോളജിലെ നാലുവയസുകാരിയുടെ ശസ്ത്രക്രിയ. കൈയിലെ ആറാം വിരൽ നീക്കം ചെയ്യാനെത്തിയ കോഴിക്കോട് ചെറുവണ്ണൂർ സ്വദേശിയായ നാലുവയസുകാരിയുടെ നാക്കിനു ശസ്ത്രക്രിയ നടത്തിയ കോഴിക്കോട് മെഡിക്കൽ കോളജ് അധികൃതരുടെ വീഴ്ച കേരളത്തിലെ ആരോഗ്യരംഗത്തെ ആകെ നാണക്കേടിലാക്കി. സംഭവം മൂടിവെക്കാനുള്ള അധികൃതരുടെ ശ്രമം മെയ് 16–ന് രാവിലെ മാതാപിതാക്കളുടെയും ബന്ധുക്കളുടെയും പ്രതിഷേധത്തെത്തുടർന്ന് പൊളിഞ്ഞു.

സംഭവത്തിൽ പോലീസ് കേസെടുത്തു. ശസ്ത്രക്രിയ നടത്തിയ അസോസിയേറ്റ് പ്രഫസർ ഡോ. ബിജോൺ ജോൺസണെതിരേയാണ് മെഡിക്കൽ കോളജ് പോലീസ് കേസെടുത്തത്. കുട്ടിയുടെ കുടുംബം നൽകിയ പരാതിയിലാണു നടപടി.

മെഡിക്കൽ കോളജിൽ മെയ് 15–ന് രാവിലെ കൈവിരലിനു ശസ്ത്രക്രിയ നടത്താനെത്തിയ നാലുവയസുകാരിയുടെ നാവിലാണു ശസ്ത്രക്രിയ ചെയ്തത്. കൈയിലെ ആറാംവിരൽ നീക്കം ചെയ്യാനെത്തിയതായിരുന്നു കുട്ടി. മെഡിക്കൽ കോളജ് ഐഎംസിഎച്ചിലായിരുന്നു ചെറുവണ്ണൂർ മധുരബസാറിൽ താമസിക്കുന്ന കുട്ടിക്കു ശസ്ത്രക്രിയ നടന്നത്. സംഭവം വിവാദമായതോടെ ആശുപത്രി സൂപ്രണ്ട് ഡോ. അരുൺ പ്രീത് കുട്ടിയുടെ ബന്ധുക്കളുമായി ചർച്ചനടത്തി. കുട്ടിയുടെ ബന്ധുക്കളോടു ശസ്ത്രക്രിയ നടത്തിയ പ്രഫസർ മാപ്പു പറഞ്ഞു. ഒരേ പേരിലുള്ള രണ്ടുപേരുടെ ശസ്ത്രക്രിയ ഒരേ ദിവസം വന്നതാണു തെറ്റുപറ്റാൻ കാരണമെന്നാണു വിശദീകരണം.

സൂപ്രണ്ടിന്റെ മുറിയിൽ വെച്ചായിരുന്നു മാപ്പുപറച്ചിൽ. മറ്റൊരു ശസ്ത്രക്രിയയിലൂടെ മെയ് 16–ന് രാവിലെ ആറാം വിരൽ നീക്കംചെയ്തു 'പ്രശ്നം' പരിഹരിച്ചു. കുട്ടി വൈകുന്നേരത്തോടെ ആശുപത്രിവിട്ടു. കുട്ടിക്കു നിലവിൽ പ്രശ്നങ്ങളൊന്നുമില്ലെങ്കിലും ഭാവിയിൽ ആരോഗ്യപ്രശ്നങ്ങളെന്തെങ്കിലും ഉണ്ടായാൽ മെഡിക്കൽ കോളജ് അധികൃതർ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നു കുടുംബം ആവശ്യപ്പെട്ടു. മറ്റൊരു കുടുംബത്തിനും ഇത്തരമൊരു ദുരിതം ഉണ്ടാകാതിരിക്കാനാണു തങ്ങൾ ശ്രമിച്ചതെന്നും മറ്റ് ഉദ്ദേശ്യമൊന്നുമില്ലെന്നും കുടുംബം അറിയിച്ചു.

സംഭവത്തിൽ പ്രതിഷേധിച്ച് വിവിധ സംഘടനകൾ മെഡിക്കൽ കോളജിലേക്കു പ്രതിഷേധമാർച്ച് നടത്തി. നേരത്തെയും കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സപ്പിഴവിനെപ്പറ്റി പരാതികൾ ഉയർന്നിരുന്നു. ശസ്ത്രക്രിയയ്ക്കിടെ ഉപകരണം വയറ്റിൽ കുടുങ്ങിയ സംഭവത്തിൽ ഹർഷിന എന്ന യുവതി ഇപ്പോഴും പോരാട്ടം തുടരുന്നതിനിടെയാണു വീണ്ടും ശസ്ത്രക്രിയയിൽ പിഴവ് സംഭവിച്ചത്.

# അമ്പൂരി കണ്ണന്നൂരിൽ പാസ്റ്റർക്ക് ഗുണ്ടാസംഘത്തിന്റെ വെട്ടേറ്റു

തിരുവനന്തപുരം: അമ്പൂരി കണ്ണന്നൂരിൽ പാസ്റ്റർക്ക് ഗുണ്ടാസംഘത്തിന്റെ വെട്ടേറ്റു. കൺസ്യൂമർ ഫെഡിലെ ജീവനക്കാരായ ദമ്പതികളടക്കം അഞ്ച് പേർക്കു ക്രൂരമർദനമേറ്റു. ഒരു വീട് തല്ലിത്തകർക്കുകയും വഴിയാത്രക്കാരിൽനിന്നു പണം പിടിച്ചുപറിക്കുകയും ചെയ്തു. മെയ് 14–ന് രാത്രി എട്ട് മുതൽ രണ്ട് മണിക്കൂറോളമാണ് നാലംഗ സംഘം



തിരുവനന്തപുരം അമ്പൂരിക്കടുത്തു കണ്ണന്നൂരിൽ ഗുണ്ടാസംഘം അടിച്ചു തകർത്ത സ്കൂട്ടർ

പ്രദേശത്തെ മുൾമുനയിൽ നിർത്തിയത്. അക്രമം അറിയിച്ചെങ്കിലും പോലീസ് എത്താൻ വൈകി. സംഘത്തിൽപെട്ട പതിനേഴുകാരൻ ബസിൽ രക്ഷപ്പെടാൻ ശ്രമിക്കവേ നാട്ടുകാർ പിടികൂടി പോലീസിനു കൈമാറി. കണ്ണന്നൂർ ആശാഭവനിൽ അഭിൻ റോയ് (20), പൂജപ്പുര സ്വദേശി അഖിൽലാൽ (ജിക്കു–22) എന്നിവരെ അറസ്റ്റു ചെയ്തു. മലയൻകീഴ് സ്വദേശി അഭിലാഷിനെ (തക്കുടു–24) പിടികൂടാനുണ്ട്. ഇവരെല്ലാം മറ്റു ക്രിമിനൽ കേസുകളിലും പ്രതികളാണ്. പ്രതികൾ ലഹരിക്ക് അടിമകളാണെന്നു നാട്ടുകാർ പറഞ്ഞു. മർദനമേറ്റ മൂന്ന് പേർ പരാതി നൽകിയിട്ടില്ല. റോഡിൽ ബൈക്കുകളിൽ സഞ്ചരിച്ചവരാണ് ആക്രമണത്തിനിരയായത്. തലയിൽ വെട്ടേറ്റ ആറുകാണി സ്വദേശി പാസ്റ്റർ അരുൾദാസ് (55) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. മകൻ ആൻസ് ഗ്രാന് (20) മർദനമേറ്റു.

കൺസ്യൂമർ ഫെഡിന്റെ അമ്പൂരിയിലെ മദ്യഷോപ്പ് അടച്ചു വീട്ടിലേക്ക് പോവുകയായിരുന്ന ജീവനക്കാരി വി. എൽ. സരിതയെയും ഭർത്താവ് രതീഷിനെയുമാണ് സംഘം ആദ്യം ആക്രമിച്ചത്. ആയിരത്തിലേറെ രൂപയും മൊബൈൽ ഫോണും കവർന്നു. സരിതയുടെ മാല പൊട്ടിക്കാൻ ശ്രമിക്കുകയും മുടിയിൽ ചുറ്റിപ്പിടിച്ചു മർദിക്കുകയും ചെയ്തു. പിന്നാലെ വന്ന കൺസ്യൂമർഫെഡ് ജീവനക്കാരായ അഭിലാഷും ബിജിലും മർദനം തടയാൻ ശ്രമിച്ചപ്പോൾ ഇവരെയും ആക്രമിച്ചു. ബിജിലിന്റെ തലയിൽ വാളുകൊണ്ട് വെട്ടി. ഹെൽമറ്റ് ധരിച്ചിരുന്നതിനാൽ പരുക്കേറ്റില്ല. അഭിലാഷിന്റെ വയറ്റിൽ ചവിട്ടി. ബഹളം ചോദ്യംചെയ്ത സമീപവാസി ജയകുമാറിന്റെ വീട് തല്ലിത്തകർത്തു. സ്കൂട്ടറും അടിച്ചു തകർത്തു. സ്കൂട്ടറിൽ പഴ്സിൽ സൂക്ഷിച്ചിരുന്ന പതിനായിരത്തോളം രൂപയും കൊണ്ടുപോയി. പടക്കമെറിഞ്ഞു ഭീകരാന്തരീക്ഷം സൃഷ്ടിച്ച സംഘം പിന്നീട് രണ്ട് ബൈക്കുകളിലായി രക്ഷപ്പെട്ടു.






# JOYALUKKAS ROLLS OUT MEGA EXPANSION PLANS IN THE USA

## NEW SHOWROOMS SET TO OPEN IN DALLAS & ATLANTA

USA - May, 2024: Joyalukkas, the esteemed jewelry brand, has announced the forthcoming openings and reopening celebrations of five of its USA outlets. Led by Mr. Joy Alukkas, Chairman of Joyalukkas Group, these events mark a significant step in the brand's expansion strategy in the USA market. **The inaugurations will feature new store unveilings in Dallas and Atlanta, alongside renovations and reopening's in Houston, Chicago, and New Jersey.**

**The festivities will kick off with the reopening of the renovated store in Houston on Saturday, may 18th, followed by the inauguration of the new store in Dallas on May 26th, On June 2nd, Joyalukkas will proudly unveil its new store in Atlanta, followed by the renovated outlets in Chicago on June 9th and New Jersey on June 15th, 2024.**

To commemorate these special occasions, Joyalukkas is offering exclusive promotions across all its USA outlets. Customers purchasing gold jewelry worth USD 1,000 or more will receive a complimentary 0.200 gm gold coin, while those purchasing diamond and polki jewelry worth USD 2,000 or more will be gifted a free 1 gm gold coin. These enticing offers are available only during the inauguration period and underscore Joyalukkas' commitment towards providing exceptional value to its patrons.

Mr. John Paul, Managing Director of Joyalukkas Group, who has tirelessly worked to roll-out the expansion plan, expressed his enthusiasm for the USA expansion, stating, "We are thrilled to roll-out our new and revamped outlets in the USA. With our exquisite jewelry collections and unparalleled customer service, we aim to cater to the discerning tastes of our American clientele. These inaugurations signify our dedication to growth and excellence as we continue to elevate the jewelry shopping experience for our valued customers. We are committed to serving our loyal customers in the USA with the world's best shopping experience."

The inauguration will be conducted by high-ranking delegates, accompanied by Mr. Joy Alukkas, the visionary founder of the brand. Joyalukkas is inviting all Jewellery lovers to visit & celebrate style, sophistication, convenience, designs at the grand inauguration ceremony of its USA outlets. You can experience the allure of fine jewelry and take advantage of Joyalukkas exclusive promotions for a limited time only.

# മകൾക്കായി 14 കൊല്ലത്തിനുശേഷം വഴിപിരിഞ്ഞവർ ഒരുമിച്ചു

ആലപ്പുഴ: ഒരിക്കൽ വഴിപിരിഞ്ഞവർ 14 വർഷത്തിനു ശേഷം വീണ്ടും സ്നേഹത്തിന്റെ വഴിയിലെത്തി. ഇവരുടെ ഒത്തുചേരലിനു നിമിത്തമായത് മകളുടെ സുരക്ഷിതമായ ഭാവിയെന്ന ഉത്തരവാദിത്വം. ആലപ്പുഴ കളർകോടു സ്വദേശിയും തിരുവനന്തപുരം മെഡിക്കൽകോളജ് സൂപ്രണ്ട് ഓഫീസിലെ ഓഫീസ് അസിസ്റ്റന്റുമായിരുന്ന സുബ്രഹ്മണ്യനും (58) കുതിരപ്പന്തി രാധാ നിവാസിൽ കൃഷ്ണകുമാരിയും (49) ആണ് വീണ്ടും കുടുംബജീവിതത്തിലേക്കു പ്രവേശിച്ചത്. വാടയ്ക്കൽ അങ്കണവാടിയിലെ ഹെൽപ്പറാണ് കൃഷ്ണകുമാരി. പുനർവിവാഹം രജിസ്റ്റർചെയ്യാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചായിരുന്നു ഇവരുടെ മടക്കം. സുന്ദരമുഹൂർത്തത്തിനു സാക്ഷിയായി മകൾ അഹല്യ എസ്. നായരും ഉണ്ടായിരുന്നു. അഹല്യ പത്താംക്ലാസിൽ മികച്ച വിജയം നേടി ഉപരിപഠനത്തിനുള്ള ഒരുക്കത്തിലാണ്.

2006 ആഗസ്റ്റ് 31-നായിരുന്നു സുബ്രഹ്മണ്യന്റെയും കൃഷ്ണകുമാരിയുടെയും വിവാഹം. നിസ്സാര പ്രശ്നത്തിന്റെ പേരിൽ വഴക്കിട്ട് അകന്ന ഇവരുടെ കേസ് കോടതിയിലെത്തി. 2010 മാർച്ച് 29-നു നിയമപരമായി വേർപിരിഞ്ഞു. മകളുടെ ചെലവിനായി ജീവനാംശം ആവശ്യപ്പെട്ട് 2020-ൽ ആലപ്പുഴ കുടുംബക്കോടതിയിൽ കൃഷ്ണകുമാരി ഹർജി നൽകി. മാസംതോറും 2,000 രൂപവീതം നൽകാൻ കോടതി വിധിച്ചു. ഇതിനെതിരെ സുബ്രഹ്മണ്യൻ ഹൈക്കോടതിയെ സമീപിച്ചു. ഇതു കോടതി തള്ളി. പ്രശ്നം രമ്യമായി പരിഹരിക്കാനായിരുന്നു നിർദേശം. കേസ് വീണ്ടും കുടുംബക്കോടതി ജഡ്ജി വിദ്യാധരന്റെ ചേംബറിൽ എത്തിയതോടെയാണ് കേസിൽ വഴിത്തിരിവുണ്ടായത്. മകളുടെ സുരക്ഷയെയും ഭാവിയെയും കരുതി ഒരുമിച്ചു താമസിക്കാനുള്ള നിർദേശം ഇരുവരും സന്തോഷപൂർവം അംഗീകരിച്ചു.



സുബ്രഹ്മണ്യനും കൃഷ്ണകുമാരിയും ആലപ്പുഴ കുടുംബകോടതിക്ക് പുറത്ത് മധുരം പങ്കുവെക്കുന്നു. മകൾ അഹല്യ സമീപം



# ക്നാനായ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ സേവേറിയോസിനെ സസ്പെൻഡ് ചെയ്തു

കോട്ടയം: മലങ്കര ക്നാനായ യാക്കോബായ സുറിയാനിസഭയിലെ കുറിയാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ, ആകമാന സുറിയാനിസഭയുടെ പരമാധ്യക്ഷൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയാർക്കീസ് ബാവാ തൽസ്ഥാനത്തുനിന്ന് സസ്പെൻഡുചെയ്തു.

ക്നാനായ സമുദായത്തിൽ പാത്രിയാർക്കീസ് ബാവയുടെ അധികാരം ആത്മീയകാര്യങ്ങളിൽ മാത്രം പരിമിതപ്പെടുത്താനുള്ള ഭരണഘടനാ ഭേദഗതിക്കായി ക്നാനായ അസോസിയേഷൻ യോഗം ചേരാനിരിക്കെയാണ് മെത്രാപ്പോലീത്തയെ സസ്പെൻഡ് ചെയ്തത്.

ക്നാനായ സഭയുടെ നിലവിലെ ഭരണഘടന ഭേദഗതി ചെയ്യാനുള്ള മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ നടപടികളാണ് അച്ചടക്കനടപടിക്ക് കാരണം. ആകമാന സുറിയാനി സഭയുടെ പരമാധ്യക്ഷന്, ക്നാനായ യാക്കോബായ സുറിയാനി സഭയിലുള്ള അധികാരം കുറയ്ക്കുന്നതിനാണ് ഭരണഘടന ഭേദഗതി ചെയ്യുന്നതെന്നാണ് മാർ സേവേറിയോസിനെ എതിർക്കുന്നവർ ആരോപിക്കുന്നത്.

സസ്പെൻഡുചെയ്തുകൊണ്ടുള്ള കല്പന, കുറിയാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക്, പാത്രിയാർക്കീസ് ബാവാ മെയ് 17-ന് കൈമാറി. ക്നാനായ സഭയിൽ ഏറെ നാളായുള്ള ആഭ്യന്തരപ്രശ്നങ്ങളെത്തുടർന്ന് പാത്രിയാർക്കീസ് ബാവാ, മോർ സേവേറിയോസ് മെത്രാപ്പോലീത്തായോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ, തൃപ്തികരമായ വിശദീകരണം നൽകാൻ മോർ സേവേ



റിയോസിന് കഴിഞ്ഞില്ലെന്ന് പാത്രിയാർക്കീസ് ബാവായുടെ കൽപ്പനയിലുണ്ട്.

സഭയിലെ മറ്റ് രണ്ട് മെത്രാപ്പോലീത്താമാരും മാർ സേവേറിയോസിന്റെ നിലപാടുകൾക്കെതിരാണ്. എന്നാൽ നിലവിലെ സഭാ മാനേജിങ് കമ്മിറ്റി, മാർ സേവേറിയോസിനൊപ്പമാണ്. പുതിയ ഭരണഘടനാ ഭേദഗതി പാത്രിയാർക്കീസ് ബാവായുടെ, ക്നാനായ സഭയിലെ അധികാരം കുറയ്ക്കുന്നതിനാണെന്ന് മാർ സേവേറിയോസ് വിരുദ്ധ പക്ഷക്കാർ ആരോപിച്ചു. മാർ സേവേറിയോസിന്റെ നടപടിക്കെതിരെ സഭയിലെ ഒരുവിഭാഗം ശക്തമായി രംഗത്തെത്തുകയും പാത്രിയാർക്കീസ് ബാവായ്ക്ക് പരാതി അയയ്ക്കുകയുമായിരുന്നു. മറ്റ് മെത്രാപ്പോലീത്തമാർ നൽകിയ പരാതിയിൽ, മോർ സേവേറിയോസിന്റെ ആർച്ച് ബിഷപ് സ്ഥാനവും വലിയമെത്രാപ്പോലീത്താ സ്ഥാനവും തിരിച്ചെടുത്ത് സഭയിലെ മൂന്ന് മെത്രാപ്പോലീത്താമാരെയും സമൻമാരാക്കി പാത്രിയാർക്കീസ് ബാവാ നേരത്തെ കല്പന നൽകിയിരുന്നു. പ്രശ്നപരിഹാരത്തിനായി മെയ് 16-ന് പാത്രിയാർക്കീസ് ബാവാ നടത്തിയ ഓൺലൈൻ കോൺഫറൻസിലും മാർ സേവേറിയോസിന് തൃപ്തികരമായ വിശദീകരണം നൽകാനായില്ലെന്നായിരുന്നു വിലയിരുത്തൽ. സേവേറിയോസ് മെത്രാപ്പോലീത്താ മുൻകാല പ്രവൃത്തികളിൽ പശ്ചാത്താപം പ്രകടിപ്പിച്ചാൽ നടപടി പുനഃപരിശോധിക്കുമെന്നും പാത്രിയാർക്കീസ് ബാവാ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, ക്നാനായ സമുദായത്തിന് ഉൾഭരണാധികാരമുണ്ടെന്നും പാത്രിയാർക്കീസ് ബാവായെ ഒരുവിഭാഗം തെറ്റിദ്ധരിപ്പിക്കുകയാണെന്നും ക്നാനായ സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം പറഞ്ഞു.

മാർ സേവേറിയോസിനെതിരായ നടപടി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ക്നാനായ സമുദായ മാനേജിങ് കമ്മിറ്റി പാത്രിയാർക്കീസ് ബാവായ്ക്ക് കത്തെഴുതുമെന്നും ഭാരവാഹികൾ പറഞ്ഞു.

## സസ്പെൻഷൻ സ്റ്റേ ചെയ്തു

കോട്ടയം: ക്നാനായ യാക്കോബായ സുറിയാനിസഭ മെത്രാപ്പോലീത്ത കുര്യാക്കോസ് മാർ സേവേറിയോസിനെ സസ്പെൻഡ് ചെയ്ത നടപടിക്ക് സ്റ്റേ. മെത്രാപ്പോലീത്തയെ അനുകൂലിക്കുന്നവർ നല്കിയ ഹർജിയിൽ കോട്ടയം മുൻസിഫ് കോടതി രണ്ടിന്റേതാണ് ഉത്തരവ്. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ നടപടിയാണ് കോടതി സ്റ്റേ ചെയ്തത്. ഹർജിയിൽ അന്തിമ ഉത്തരവ് വരെ സ്റ്റേ നിലനിൽക്കുമെന്ന് കോടതി വ്യക്തമാക്കി. കേസ് വീണ്ടും 25-ന് പരിഗണിക്കും.

സഭാ മേലദ്ധ്യക്ഷന്റെ തീരുമാനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്നതായിരുന്നു സസ്പെൻഷന് കാരണം. ഓർത്തഡോക്സ് വൈദികർക്ക് അമേരിക്കയിലെ ക്നാനായ യാക്കോബായ പള്ളികളിൽ ആരാധനയ്ക്ക് അവസരമൊരുക്കി, ഓർത്തഡോക്സ് കാതോലിക്കാ ബാവയ്ക്ക് അമേരിക്കയിൽ സ്വീകരണം നല്കി തുടങ്ങിയ നിരവധി കാരണങ്ങളാണ് നിരത്തിയത്.

ഇക്കാര്യത്തിൽ ഒന്നും അറിഞ്ഞില്ലെന്ന ബിഷപ്പിന്റെ വാദം മുഖവിലയ്ക്കെടുക്കുന്നില്ലെന്ന് വ്യക്തമാക്കിയായിരുന്നു നടപടി. എന്നാൽ, ക്നാനായ യാക്കോബായ സഭയുടെ സുപ്രധാന കൗൺസിൽ യോഗം ചേരാനിരിക്കെയാണ് ഈ നടപടി. പാത്രിയർക്കീസ് ബാവയുടെ ഭരണപരമായ അധികാരങ്ങൾ ക്നാനായ യാക്കോബായ സഭയിൽ വേണ്ടെന്നും ആത്മീയ അധികാരം മാത്രം മതിയെന്നുമുള്ള ഭരണഘടനാ ഭേദഗതിക്ക് നീക്കം നടക്കുന്നതിനിടെയാണ് സസ്പെൻഷൻ ഉത്തരവിറങ്ങിയത്.

## വിമല സ്റ്റാൻലി കളപ്പുരയിൽ അന്തരിച്ചു



ചിക്കാഗോ: കളപ്പുരയിൽ സ്റ്റാൻലിയുടെ ഭാര്യ വിമല (63) ചിക്കാഗോയിൽ അന്തരിച്ചു. പരേത റാന്നി പഴവൂർ കുടുംബാംഗമാണ്. മക്കൾ: ഡോ. മാത്യു, ഡോ. പ്രിയങ്ക. മരുമക്കൾ: ഡോ. ദീപ, ഡോ. ജിംബൽ. റാന്നി പഴവൂർ പരേതരായ ജോസഫും ചിന്നമ്മയുമാണ് മാതാപിതാക്കൾ.

മെയ് 21-ന് ചൊവ്വാഴ്ച വൈകുന്നേരം 6 മുതൽ 9 മണി വരെ മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പൊതുദർശനവും മെയ് 22-ന് ബുധനാഴ്ച രാവിലെ 9.30-ന് സെന്റ് മേരീസ് പള്ളിയിൽ നടക്കുന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്കു ശേഷം ഡെസ്പ്ലെയിൻസിലുള്ള ആൾ സെയിന്റ്സ് സെമിത്തേരിയിൽ (700 N. River Rd, Desplains) സംസ്കാരം നടക്കും.

## പൗരത്വ നിയമം നടപ്പിലാക്കി കേന്ദ്ര സർക്കാർ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്ന് ഘട്ടം കൂടി ബാക്കിനിൽക്കെ, വിവാദ പൗരത്വ നിയമ ഭേദഗതി (സിഎഎ) പ്രകാരം ഇന്ത്യയിൽ മുന്നൂറിലേറെപേർക്ക് കേന്ദ്രസർക്കാർ ഇന്ത്യൻ പൗരത്വം നൽകി. ആദ്യമായാണ് സിഎഎ പ്രകാരം ഇന്ത്യയിൽ പൗരത്വം നൽകുന്നത്. ഡൽഹിയിൽ പൗരത്വം ലഭിച്ച 14 പേർക്ക് കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് കുമാർ ഭല്ല നേരിട്ട് പൗരത്വ സർട്ടിഫിക്കറ്റുകൾ കൈമാറി. ഇതോടെ സിഎഎ ഇന്ത്യയിൽ പ്രാവർത്തികമായി.

പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്നുള്ള ഇസ്ലാം ഒഴികെ ആറ് മതങ്ങളിൽപെട്ടവർക്കാണ് സിഎഎ പ്രകാരം ഇന്ത്യൻ പൗരത്വം നൽകുന്നത്.

പൗരത്വ വിഷയം ഏറെ ചർച്ചയായ ഡൽഹി, യുപി, ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ വോട്ടിങ് നിർണായക ഘട്ടത്തിലേക്കു നീങ്ങാനിരിക്കെയാണ് കേന്ദ്രത്തിന്റെ നീക്കം. വലിയ സംസ്ഥാനങ്ങളായ യുപിയിൽ 41 സീറ്റിലും ബംഗാളിൽ 24 സീറ്റിലും തെരഞ്ഞെടുപ്പ് നടക്കാനുണ്ട്.

മമത ബാനർജിക്ക് സിഎഎ നടപ്പാക്കുന്നത് തടയാനാകില്ലെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ബംഗാളിൽ പ്രഖ്യാപിച്ചതിന്റെ പിറ്റേന്നാണ് പൗരത്വ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. ബംഗാളിലെ മാട്ടുവ വിഭാഗത്തിനു പൗരത്വം നൽകുമെന്ന ഉറപ്പും മെയ് 14-ന് അമിത് ഷാ നൽകിയിരുന്നു.

മതാടിസ്ഥാനത്തിൽ പൗരത്വം അനുവദിക്കുന്നതിനുള്ള നിയമഭേദഗതി 2019-ലാണ് പാർലമെന്റ് പാസാക്കിയത്. 2019 ഡിസംബർ 12-ന് രാഷ്ട്രപതിയുടെ അംഗീകാരത്തോടെ വിജ്ഞാപനം ചെയ്തതു മുതൽ പ്രാബല്യത്തിലായി. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിക്കാൻ ആറ് ദിവസം മാത്രം ബാക്കിനിൽക്കെ, കഴിഞ്ഞ മാർച്ച് 11-നാണ് സിഎഎ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്രം വിജ്ഞാപനം ചെയ്തത്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate) Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.



For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# വ്യക്തിശുദ്ധിയും സത്യസന്ധതയുംകൊണ്ട് ബാബു ചാഴികാടൻ യുവത്വത്തിനു മാതൃക: മന്ത്രി റോഷി അഗസ്റ്റിൻ




കോട്ടയം: യുവജനസംഘടനാ നേതൃരംഗത്ത് വ്യക്തിശുദ്ധിയും സത്യസന്ധതയും കൊണ്ടാണ് ബാബു ചാഴികാടൻ യുവത്വത്തിന് മാതൃകയായി മാറിയതെന്ന് ജലവിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ. യൂത്ത്ഫ്രണ്ട്-എം സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ബാബു ചാഴികാടൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഠിനാദ്ധ്വാനത്തിലൂടെയും സത്യസന്ധതയിലൂടെയും കയറിവന്ന ഒരു നേതാവായിരുന്നു ബാബു ചാഴികാടൻ. ഒരു നേതാവിനു കിട്ടേണ്ട എല്ലാ ബഹുമതികളും നേടിയെടുത്ത വ്യക്തിയാണ് അദ്ദേഹം. മികച്ച ആശയങ്ങളെ വ്യക്തതയോടെ അവതരിപ്പിച്ചു ഫലിപ്പിക്കുവാനും ദിശാബോധത്തോടെ യുവജനങ്ങളെ നയിക്കുവാനും അനിതരസാധാരണമായ കഴിവാണ് ബാബു ചാഴികാടൻ പ്രകടിപ്പിച്ചത്. പ്രായത്തെ വെല്ലുന്ന പക്വതയോടെയാണ് അദ്ദേഹം പൊതു ഇടപെടലുകൾ നടത്തിയതെന്നും റോഷി അഗസ്റ്റിൻ പറഞ്ഞു.





തോമസ് ചാഴികാടന്റെ വിജയത്തിനായി ഇത്തവണ ബാബുവിന്റെ ഓർമ്മകളുടെ ചിത്രം കൂടെയുണ്ട്. കേരള കോൺഗ്രസ് പാർട്ടി ഓരോ ദിവസവും വളർന്നുകൊണ്ടിരിക്കുകയാണ്. ജൂൺ നാലിന് വോട്ടെണ്ണുമ്പോൾ തോമസ് ചാഴികാടൻ വലിയ ഭൂരിപക്ഷത്തിൽ വിജയിക്കുമെന്നും അദ്ദേഹം പറഞ്ഞു. യൂത്ത്ഫ്രണ്ട്-എം സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യൂത്ത്ഫ്രണ്ട് ഓഫീസ് ജനറൽ സെക്രട്ടറി ഷെയ്ക് അബ്ദുള്ള സ്വാഗതം ആശംസിച്ചു. കേരള കോൺഗ്രസ്-എം വൈസ് ചെയർമാൻ തോമസ് ചാഴികാടൻ എംപി, കേരള കോൺഗ്രസ് എം സംസ്ഥാന ജനറൽ സെക്രട്ടറി ജോർജ്ജുകുട്ടി അഗസ്തി, കേരള കോൺഗ്രസ്-എം സംസ്ഥാന ഉന്നതാധികാര സമിതി അംഗം ബേബി ഉഴുത്തുവാൽ, യൂത്ത്ഫ്രണ്ട്-എം സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടൻ, ഭാരവാഹികളായ ഷെയ്ക് അബ്ദുള്ള, ദീപക് മാമ്മൻ മത്തായി, ബിറ്റു വൃന്ദാവൻ, അമൽ ജോയി, ചാർളി ഐസക്, റോണി വലിയപറമ്പിൽ, അജിതാ സോണി, ഡിനു ചാക്കോ, മിഥുലജ് മുഹമ്മദ്, എസ്. അയ്യപ്പൻപിള്ള, ജോജി പി. തോമസ്, മനു മുത്തോലി, വർഗീസ് ആന്റണി, ജോമോൻ പൊടിപാറ, ജോജസ് ജോസ്, പീറ്റർ പാവറട്ടി, ജോഷ്വാ രാജു, എബിൻ കുര്യാക്കോസ്, അഭിലാഷ് മാത്യു, ജോബ് മൈക്കിൾ എംഎൽഎ, സ്റ്റീഫൻ ജോർജ്, അലക്സ് കോരിത്, ലോപസ് മാത്യൂസ്, ജോർജുകുട്ടി, ജോസ് പുത്തൻകാല, സാജൻ തൊടുക എന്നിവർ യോഗത്തിൽ പ്രസംഗിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് ദീപക് മാമ്മൻ മത്തായി നന്ദി പറഞ്ഞു.





അകാലത്തിൽ പൊലിഞ്ഞ ബാബു ചാഴികാടന് സ്മരണാഞ്ജലി അർപ്പിച്ച് കേരള കോൺഗ്രസ് യുവജന സംഘടനയുടെ ഓർമ്മ പുസ്തകം പുറത്തിറങ്ങി. 1991-ലെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിൽ ഇടിമിന്നലേറ്റാണ് ബാബു ചാഴികാടന്റെ അകാലവിയോഗം. അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന ഒരുപിടി ഓർമ്മകൾ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള പ്രമുഖർ എഴുതിയ കുറിപ്പുകളുടെ സമാഹാരമാണ് 'ഓർമ്മകളിലെ ബാബുച്ചായൻ' എന്ന ചെറുപുസ്തകം. എസ്.പി. നമ്പൂതിരിയുടെ അവതാരികയോടെ കെ.എം. മാണി ബാബു ചാഴികാടനെക്കുറിച്ച് എഴുതിയ ഓർമ്മക്കുറിപ്പും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ നടന്ന ബാബു ചാഴികാടൻ അനുസ്മരണ സമ്മേളനത്തിൽ മന്ത്രി റോഷി അഗസ്റ്റിൻ പുസ്തകപ്രകാശനം നിർവഹിച്ചു. യൂത്ത്ഫ്രണ്ട്-എം സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടനാണ് പുസ്തകം തയ്യാറാക്കിയത്.

# കെ.സി.എസ് ചിക്കാഗോ യുവജനോത്സവം ചരിത്രവിജയമായി

**സിബു കുളങ്ങര**

ചിക്കാഗോ: മെയ് പതിനൊന്നിനു ശനിയാഴ്ച നടന്ന കെ.സി.എസ് ചിക്കാഗോ യുവജനോത്സവം ചരിത്രവിജയമായി. കെ.സി.എസ് ക്നാനായ സെന്ററിലെ ആറ് സ്റ്റേജുകളിലായി രാവിലെ ഒമ്പതരയോടെ ആരംഭിച്ച മത്സരങ്ങളിൽ ഗ്രൂപ്പിനങ്ങളിലും വ്യക്തിഗത ഇനങ്ങളിലുമായി എണ്ണൂറ്റമ്പതോളം കുട്ടികൾ തങ്ങളുടെ കലാവിരുതുകളുടെ മാറ്റുരച്ചു. കലയുടെ മായാവിസ്മയം തീർത്ത വാശിയേറിയ മത്സരങ്ങളിൽ നിന്നും ലെന മാത്യൂസ് കുരുട്ടുപറമ്പിൽ തുടർച്ചയായി രണ്ടാം തവണയും കലാതിലകം കിരീടം ചൂടി. ഒപ്പം ജേക്കബ് മാപ്ലേറ്റ് കലാപ്രതിഭയുമായി. സാന്ദ്ര കുന്നശ്ശേരിൽ, ലിയോറ മ്യാൽക്കരപ്പുറത്ത് എന്നിവർ റൈസിംഗ് സ്റ്റാർസ് ആയും തെരഞ്ഞെടുക്കപ്പെട്ടു. ഒപ്പം ജിയ പുന്നച്ചേരിലും എലോറ മ്യാൽക്കരപ്പുറത്തും പ്രത്യേക അംഗീകാരത്തിനുടമകളായി.



കെ.സി.സി.എൻ.എ പ്രസിഡണ്ട് ഷാജി എടാട്ട് യുവജനോത്സവം ഉദ്ഘാടനം ചെയ്തു. കെ.സി.എസ് ക്നാനായ സെന്ററിൽ വെച്ച് നടത്തപ്പെട്ട മത്സരങ്ങൾക്ക് കഴിഞ്ഞ വർഷത്തെ കലാതിലകമായ ലെന കുരുട്ടുപറമ്പിലും കലാപ്രതിഭയായ റാം താന്നിച്ചുവട്ടിലും ചേർന്ന് നിലവിളക്കു തെളിച്ച് തുടക്കം കുറിച്ചു.

സംഘാടകമികവുകൊണ്ടും അടുക്കും ചിട്ടയും കൃത്യതയുമാർന്ന നടത്തിപ്പിലൂടെയും കലോത്സവം എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. മത്സരാർത്ഥികളുടെ എണ്ണത്തിലെ ബാഹുല്യം മൂലം മത്സരങ്ങൾ രാവേറെ നീളുമെന്ന് കരുതപ്പെട്ട യുവജനോത്സവം വൈകുന്നേരം അഞ്ചര മണിക്കുതന്നെ അവസാനിപ്പിക്കാൻ കഴിഞ്ഞത് സംഘാടകസമിതിയുടെ കഠിനപ്രയത്നം ഒന്നുകൊണ്ടു മാത്രമാണ്.



ജേക്കബ് മാപ്ലേറ്റ്
(കലാപ്രതിഭ)



ലെന മാത്യൂസ് കുരുട്ടുപറമ്പിൽ
(കലാതിലകം)

കലാമേളയ്ക്ക് ചെയർപേഴ്സൺ ബിനു ഇടക്കര, ബെക്കി ഇടിയാലിൽ, ബിബി കല്ലിടുക്കിൽ, ജിനു പുന്നച്ചേരിൽ, ജെസ്‌ലിൻ പ്ലാത്താനത്ത്, ടീന നെടുവാമ്പുഴ, ടിനോ മുണ്ടപ്ലാക്കൽ, ടോസ്മി കൈതക്കത്തൊട്ടിയിൽ, ഷൈനി വിരുത്തകുളങ്ങര, മോഹിൻ മാമ്മൂട്ടിൽ, ടിനോ വാളത്താറ്റ് എന്നിവരോടൊപ്പം കെ.സി.എസ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജെയിൻ മാക്കിൽ, ജിനോ കക്കാട്ടിൽ, സിബു കുളങ്ങര, തോമസ്കുട്ടി തേക്കുംകാട്ടിൽ, ബിനോയ് കിഴക്കനടി എന്നിവർ നേതൃത്വം നല്കി. കെ.സി.എസിന്റെ പോഷകസംഘടനാ ഭാരവാഹികൾ യുവജനോത്സവത്തിന്റെ വൻ വിജയത്തിനുവേണ്ട സഹായങ്ങൾ ചെയ്തു. കെ.സി.എസിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറിയ കലാമത്സരങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും കെ.സി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി നന്ദി രേഖപ്പെടുത്തി.









ഫോട്ടോ:
ഡൊമിനിക് ചൊള്ളമ്പേൽ

# കാൻ സോവനീർ കവർ പ്രകാശനം സ്റ്റീഫൻ ദേവസ്സി നിർവഹിച്ചു


നാഷ്‌വിൽ: കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ) ഔദ്യോഗികമായി രൂപീകരിച്ചതിന്റെ പതിനഞ്ചാം (ക്രിസ്റ്റൽ അഥവാ സ്ഫടിക വാർഷികം) വാർഷികത്തിന്റെ ഭാഗമായി ഈ വർഷം പുറത്തിറക്കുന്ന സോവനീറിന്റെ കവർ പ്രകാശനം പ്രശസ്ത മലയാളി സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്സി നിർവഹിച്ചു. കല്പടവുകൾ എന്നാണ് സോവനീറിന് പേര് നല്കിയിരിക്കുന്നത്. കഴിഞ്ഞുപോയ പതിനഞ്ചു വർഷത്തെ കാൻ പ്രവർത്തനങ്ങളുടെ ഒരു നേർക്കാഴ്ചയാകാൻ പോകുന്ന സോവനീർ പ്രശസ്ത സിനിമാതാരം ദിവ്യ ഉണ്ണി സെപ്റ്റംബറിൽ നടക്കുന്ന കാൻ ഓണാഘോഷവേളയിൽ പ്രകാശനം ചെയ്യും.



കഥകൾ, കവിതകൾ, ലേഖനങ്ങൾ, സംഗീത-സാഹിത്യ-സാമൂഹിക മേഖലകളിലെ പ്രമുഖരുമായുള്ള അഭിമുഖങ്ങൾ, കുട്ടികൾക്കും യുവാക്കൾക്കും വനിതകൾക്കും പ്രാധാന്യം നല്കിക്കൊണ്ടുള്ള രചനകൾ എന്നിവകൊണ്ട് സോവനീർ സമ്പന്നമായിരിക്കും. നാഷ്‌വിൽ മലയാളികളുടെ പ്രവാസചരിത്രം, കാനിന്റെയും അതിനു മുമ്പുള്ള മലയാളി കൂട്ടായ്മകളുടെയും പ്രവർത്തന റിപ്പോർട്ടുകൾ, കലാ-കായിക-സേവന മേഖലകളിലെ ഇടപെടലുകൾ എന്നിവയെല്ലാം സോവനീറിൽ പ്രതിഫലിക്കും.

നാഷ്‌വില്ലിനു പുറമെ അമേരിക്കയിലെയും കേരളത്തിലെയും നിരവധി സാഹിത്യകാരന്മാരും സാംസ്കാരിക മേഖലയിലെ പ്രമുഖരും സോവനീറിന്റെ വിജയത്തിനായി സഹകരിക്കുന്നുണ്ട്.

കാൻ ഭരണസമിതി തീരുമാനിച്ചപ്രകാരം ഏഴംഗ കമ്മിറ്റിയാണ് സോവനീർ പ്രസിദ്ധീകരിക്കുന്നതിനു നേതൃത്വം നല്കുന്നത്. ശങ്കർ മന (ചീഫ് എഡിറ്റർ), ഷിബു പിള്ള (മാനേജിങ് എഡിറ്റർ), ഡോ. സുശീല സോമരാജൻ, മനോജ് രാജൻ, സുമ ശിവപ്രസാദ്, സന്ദീപ് ബാലൻ, ദിയ മനോജ് എന്നിവരാണ് സോവനീർ കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുന്നത്.



# കെ.സി.എസ് ചിക്കാഗോ യുവജനോത്സവം ചിത്രങ്ങളിലൂടെ...

ഫോട്ടോ:
ഡൊമിനിക് ചൊള്ളമ്പേൽ



























# 34-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ വോളീബോൾ ടൂർണമെന്റ് മാണി സി. കാപ്പൻ എംഎൽഎ മുഖ്യാതിഥി

മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: അമേരിക്കൻ മലയാളികൾ ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന മുപ്പത്തി നാലാമത് ജിമ്മി ജോർജ് മെമ്മോറിയൽ നാഷണൽ വോളീബോൾ ടൂർണമെന്റിനുള്ള ഒരുക്കങ്ങൾ ന്യൂയോർക്കിൽ പൂർത്തിയായി. മെയ് 25, 26 (ശനി, ഞായർ) ദിവസങ്ങളിലായി ന്യൂയോർക്ക് ക്വീൻസ് കോളജിന്റെ ഇൻഡോർ സ്റ്റേഡിയത്തിൽ (65-30 Kissena Blvd, Queens, NY 11367) അമേരിക്കൻ വോളീബോൾ ചരിത്രത്തിൽ കായിക പ്രേമികളെ ആവേശത്തിന്റെ മുൾമുനയിൽ നിർത്തുന്ന പ്രഗത്ഭരായ ഇരുപതോളം വോളീബോൾ ടീമുകൾ തയ്യാറെടുത്തു കഴിഞ്ഞു. ഈ വർഷത്തെ മെമ്മോറിയൽ ഡേ വാരാന്ത്യം വോളീബോൾ പ്രേമികൾക്കും സ്പോർട്സ് പ്രേമികൾക്കും സ്മൃതി മണ്ഡലത്തിൽ നിന്നും മായ്ക്കാനാവാത്തതരം തീ പാറുന്ന പ്രകടനങ്ങൾ കാഴ്ചവെക്കുവാൻ ഓരോ ടീമും മാറ്റുരക്കുമെന്നതിൽ സംശയം വേണ്ട. ജിമ്മി ജോർജ് മെമ്മോറിയൽ ട്രോഫി ഈ വർഷം ആര് കൈക്കലാക്കും എന്നതാണ് സ്പോർട്സ് പ്രേമികൾ ഉറ്റുനോക്കുന്നത്.

സ്പോർട്സ് പ്രേമികളുടെ ആവേശകരമായ കരഘോഷങ്ങളാൽ ക്വീൻസ് കോളജ് ഇൻഡോർ സ്റ്റേഡിയത്തെ പ്രകമ്പനം കൊള്ളിക്കുവാൻ ഉതകുന്ന മാസ്മരിക വോളീബോൾ സ്മാഷുകളും ബ്ലോക്കുകളും ചരിത്രത്തിന്റെ അദ്ധ്യായങ്ങളാക്കി മാറ്റുവാനും ജിമ്മി ജോർജിനെപ്പോലെയുള്ള വോളീബോൾ ഇതിഹാസങ്ങളെ സൃഷ്ടിക്കുവാനും ഈ വർഷത്തെ ടൂർണമെന്റിലൂടെ സാധ്യമാകും എന്നാണ് സംഘാടകരുടെ പ്രതീക്ഷ. അതനുസരിച്ചുള്ള കൈപ്പന്ത് കളിയുടെ മാസ്മരിക പ്രകടനങ്ങൾക്ക് സാക്ഷികളാകുവാൻ നൂറുകണക്കിന് സ്പോർട്സ് പ്രേമികൾ എത്തിച്ചേരുമെന്നാണ് സംഘാടകരായ കേരളാ സ്പൈക്കേഴ്സ് വോളീബോൾ ക്ലബ് ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് പ്രതീക്ഷിക്കുന്നത്. ആവേശവും ഉല്ലാസവും നിറഞ്ഞ ധാരാളം നിമിഷങ്ങൾ ഓരോരുത്തരുടെയും മനസ്സിലും ഇടം പിടിക്കത്തക്കവിധമുള്ള ഒരുക്കങ്ങളാണ് ന്യൂയോർക്കിൽ അരങ്ങേറുന്നത്.

ജിമ്മി ജോർജിന്റെ ഓർമ്മകൾ നിലനിർത്തുവാനും വോളീബോൾ ആവേശത്തിന് തീ പകരുവാനും ഏറ്റവും അനുയോജ്യനായ വ്യക്തിയെയാണ് ഇത്തവണ ഈ മാമാങ്കത്തിന്റെ ഉദ്ഘാടകനായി സംഘാടകർ ക്ഷണിച്ചിരിക്കുന്നത്. ജിമ്മി ജോർജിനൊപ്പം വോളീബോൾ ടീമിൽ കളിച്ചു വളർന്ന് ഇന്റർനാഷണൽ വോളീബോൾ താരമായും പിന്നീട് സിനിമയിലും രാഷ്ട്രീയത്തിലും താരമായും മാറിയ ആദരണീയനായ പാലാ എംഎൽഎ മാണി സി. കാപ്പനാണ് ടൂർണമെന്റ് ഉദ്ഘാടകൻ. തന്റെ ഉറ്റ സുഹൃത്തായ ജിമ്മി ജോർജിനെ സ്മരിക്കുവാനും ജിമ്മിയുമൊത്തുള്ള അസുലഭ മുഹൂർത്തങ്ങൾ നമ്മളുമായി പങ്കുവെക്കുവാനും പ്രസ്തുത സുഹൃത്തിന്റെ ഓർമ്മകൾ നിലനിർത്തുവാൻ അദ്ദേഹത്തിന്റെ പേരിൽ നടത്തുന്ന മത്സര മാമാങ്കം ഉദ്ഘാടനം ചെയ്യുവാൻ ഇതിലും അനുയോജ്യനായ മറ്റൊരാളെ നമുക്ക് ലഭിക്കാനില്ല എന്നാണ് സംഘാടകസമിതി പ്രസിഡണ്ട് ഷാജു സാം പറഞ്ഞത്.




മാണി സി. കാപ്പൻ

അമേരിക്കയിലെ വിവിധ സ്ഥാപനങ്ങളിലായും കാനഡയിലെ വിവിധ പ്രൊവിൻസുകളിലായും രൂപപ്പെട്ടിരിക്കുന്ന ഇരുപതിലധികം വോളീബോൾ ടീമുകളാണ് ജിമ്മി ജോർജ് മെമ്മോറിയൽ വോളീബോൾ എവർ റോളിങ് ട്രോഫി കരസ്ഥമാക്കുവാനായി ഇത്തവണ മാറ്റുരക്കുന്നത്. ഹൂസ്റ്റൺ ചലഞ്ചേഴ്സ്, കാലിഫോർണിയ ബ്ലാസ്റ്റേഴ്സ്, വാഷിംഗ്ടൺ കിങ്സ്, ഫിലാഡൽഫിയ ഫിലിംസ്റ്റാർസ്, നയാഗ്ര സ്പാർട്ടൻസ്, റോക്‌ലാൻഡ് സോൾഡിയേഴ്സ്, ഡാളസ് സ്ട്രൈക്കേഴ്സ്, ചിക്കാഗോ കൈരളി ലയൺസ്, ന്യൂയോർക്ക് കേരളാ സ്പൈക്കേഴ്സ് ടീം എ, ടീം ബി, വിർജീനിയ വാരിയേഴ്സ്, കനേഡിയൻ ലയൺസ്, നയാഗ്ര പാന്തേഴ്സ് എന്നീ പ്രശസ്ത വോളീബോൾ ടീമുകൾ കൂടാതെ പ്രസ്തുത ടീമുകളുടെ നാൽപ്പത് വയസ്സിനു മേൽ പ്രായമുള്ളവരുടെ അഞ്ചു ടീമുകളും, പതിനെട്ട് വയസ്സിന് താഴെയുള്ളവരുടെ അഞ്ചു ടീമുകളുമാണ് കൈപ്പന്ത് കളിയിലെ തീ പാറുന്ന മാസ്മരിക പ്രകടനങ്ങൾ കാഴ്ചവെക്കുവാൻ സ്റ്റേഡിയത്തിൽ അണിനിരക്കുന്നത്.

ടൂർണമെന്റ് നിയന്ത്രിക്കുന്നതിനും വിജയികളെ കണ്ടെത്തുന്നതിനുമായി മൂന്ന് കോർട്ടുകളിൽ സമാന്തരമായി നടക്കുന്ന മത്സരങ്ങളുടെ വിധികർത്താക്കളായി 25 പ്രശസ്ത റഫറിമാരെയാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്. മത്സരങ്ങളിൽ പങ്കെടുക്കുന്ന പ്രഗല്ഭരായ വോളീബോൾ താരങ്ങളെ അണിനിരത്തി 25-ന് ശനിയാഴ്ച രാവിലെ എട്ടു മണിക്ക് നടത്തപ്പെടുന്ന പരേഡിന് ശേഷമുള്ള ഉദ്ഘാടന സമ്മേളനത്തോടെ വോളീബോൾ മാമാങ്കത്തിന് തിരി കൊളുത്തപ്പെടും. പിന്നീടങ്ങോട്ട് രണ്ടു ദിവസം വൈകിട്ട് ആറ് മണിവരെ ആവേശകരമായ തീപാറുന്ന പ്രകടനങ്ങളാണ് അരങ്ങേറുന്നത്. ഞായറാഴ്ച സമാപനത്തോടനുബന്ധിച്ച് വൈകിട്ട് ഏഴുമണിക്ക് ബാങ്ക്വറ്റ് ഡിന്നറും കലാപരിപാടികളും സംഘാടകർ ക്രമീകരിക്കുന്നുണ്ട്.

മാമാങ്കത്തിന് ഇനി ഏതാനും ദിവസം മാത്രം ബാക്കിനിൽക്കുമ്പോൾ ഇതിന്റെ ക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് ആതിഥേയരായ ന്യൂയോർക്ക് കേരളാ സ്പൈക്കേഴ്സ് വോളീബോൾ ക്ലബിന്റെ മുൻ കളിക്കാരും നിലവിലെ കളിക്കാരും ചേർന്നുള്ള സംഘാടക സമിതിയാണ്. സമിതി പ്രസിഡണ്ട് ഷാജു സാം, സെക്രട്ടറി അലക്സ് ഉമ്മൻ, ട്രഷറർ ബേബിക്കുട്ടി, ജനറൽ കൺവീനറും ടീം മാനേജരുമായ ബിഞ്ചു ജോൺ, ടീം കോച്ച് റോൺ ജേക്കബ്, ഫണ്ട് റൈസിംഗ് കൺവീനർ സിറിൽ മഞ്ചേരിൽ, സുവനീർ കൺവീനർ ജോർജ് ഉമ്മൻ, അസിസ്റ്റന്റ് കോച്ച് അലക്സാണ്ടർ തോമസ്, റിഫ്രഷ്മെന്റ് കൺവീനർ അലക്സ് സിബി, അഡ്വർടൈസ്മെന്റ് കോ-ഓർഡിനേറ്റർ ജെയ്സൺ കെ. സജി, ട്രാൻസ്പോർട്ടേഷൻ കൺവീനർ ജെയിംസ് അഗസ്റ്റിൻ, ബാങ്ക്വറ്റ് കൺവീനർ ലിബിൻ ജോൺ, മീഡിയ കോ-ഓർഡിനേറ്റർ കം പിആർഒ മാത്യുക്കുട്ടി ഈശോ, സോഷ്യൽ മീഡിയ കൺവീനർമാരായ ജസ്റ്റിൻ സജി, ഫെലിക്സ് സിബി, സ്പൈക്കേഴ്സ് ടീം ക്യാപ്റ്റൻ റയാൻ ഉമ്മൻ, ടീം വൈസ് ക്യാപ്റ്റൻ ആൻഡ്രൂ മഞ്ചേരിൽ എന്നിവരും മറ്റു അഭ്യുദയകാംക്ഷികളായ സ്പൈക്കേഴ്സ് ക്ലബ് അംഗങ്ങളും കഴിഞ്ഞ ഏതാനും മാസങ്ങളായി ടൂർണമെന്റ് ക്രമീകരണങ്ങളുടെ അശ്രാന്ത പരിശ്രമത്തിലായിരുന്നു.



നല്ലവരായ സ്പോർട്സ് പ്രേമികളുടെയും ബിസിനസുകാരായ കുറേ സ്പോൺസർമാരുടെയും നിസ്സീമമായ പിന്തുണ ഏറ്റവും സ്ലാഘനീയമാണെന്നും വളരെ ചെലവേറിയ ഈ ടൂർണമെന്റിന് സ്പോൺസേഴ്സ് നൽകിയ സാമ്പത്തിക സഹായത്തിന് എത്ര നന്ദി പറഞ്ഞാലും മതിയാകില്ലെന്നും ട്രഷറർ ബേബിക്കുട്ടിയും ജനറൽ കൺവീനർ ബിഞ്ചു ജോണും ഫണ്ട് റൈസിംഗ് കൺവീനർ സിറിൽ മഞ്ചേരിലും സംയുക്തമായി പറഞ്ഞു.

പ്രസ്തുത മാമാങ്കത്തിന്റെ ക്രമീകരണങ്ങളുടെയും മത്സരങ്ങളുടെയും അന്തിമ വിജയം നല്ലവരായ സ്പോർട്സ് പ്രേമികളുടെയും മലയാളി സുഹൃത്തുക്കളുടെയും ആവേശകരമായ പ്രോത്സാഹനത്തിലൂടെ മാത്രമേ സാധ്യമാകൂ എന്നതിനാൽ എല്ലാവരും ഈ ടൂർണമെന്റിൽ മുഴുവൻ സമയവും പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് സംഘാടക സമിതി സെക്രട്ടറി അലക്സ് ഉമ്മൻ അറിയിച്ചു.

ടൂർണമെന്റിന്റെ സ്മരണകൾ നിലനിർത്താനായി അതിമനോഹരമായ ഒരു സുവനീർ മത്സരത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്നതാണെന്ന് സുവനീർ കൺവീനർ ജോർജ് ഉമ്മൻ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: (1) ഷാജു സാം - 646-427-4470 (2) അലക്സ് ഉമ്മൻ - 516-784-7700 (3) ബേബികുട്ടി തോമസ് - 516-974-1735 (4) ബിഞ്ചു ജോൺ - 646-584-6859 (5) സിറിൽ മഞ്ചേരിൽ - 917-637-3116.

# ചിക്കാഗോ കേരള ക്ലബ് അമ്മദിനം ആഘോഷിച്ചു

ജിതേഷ് ചുങ്കത്ത്

ചിക്കാഗോ: ഗ്രെയ്റ്റർ ചിക്കാഗോയിൽ കഴിഞ്ഞ അഞ്ചു വർഷമായി നിലവിലുള്ള കേരള ക്ലബ് യുഎസ്എ-ചിക്കാഗോ മെയ് 12-ന് മദേഴ്സ് ഡേ ആഘോഷിച്ചു. 60 അമ്മമാരുള്ള ക്ലബിലെ എല്ലാ അമ്മമാർക്കും ആദരവും നന്ദിയും അർപ്പിച്ചു.

കുടുംബത്തിന്റെ വിളക്കും ഐശ്വര്യവുമാണ് ഓരോ അമ്മമാരും. മാതാപിതാക്കളെയും കുട്ടികളെയും ഭർത്താവിനെയും പരിചരിക്കുകയും അവരുടെ ഇഷ്ടങ്ങളും താല്പര്യങ്ങളും തിരിച്ചറിഞ്ഞ് കുടുംബത്തിനായി മുഴുവൻ സമയവും ചെലവിടുന്നവരാണ് ഇവർ. സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രതീകമായ അമ്മയ്ക്കായി എല്ലാവരും മാറ്റിവെക്കേണ്ട ദിവസമാണ് അന്താരാഷ്ട്ര മാതൃദിനമെന്ന് ക്ലബ് പ്രസിഡണ്ട് സ്റ്റാൻലി കളരിക്കാമുറി തന്റെ സന്ദേശത്തിൽ അഭിപ്രായപ്പെട്ടു.

പങ്കെടുത്ത എല്ലാ അമ്മമാർക്കും ക്ലബിന്റെ ഉപഹാരങ്ങൾ സമ്മാനിച്ചു. തുടർന്ന് വിഭവസമൃദ്ധമായ ഡിന്നറും ഉണ്ടായിരുന്നു.



ബോർഡ് മെമ്പർ സോളി ബെന്നി അമ്മമാരെ ആദരിക്കാനുള്ള ഭരണസമിതിയുടെ തീരുമാനത്തോടുള്ള നന്ദി അറിയിച്ചു.

ട്രഷറർ പ്രവീൺ തോമസ് എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. തുടർന്ന് ജോർജ് പണിക്കരുടെ നേതൃത്വത്തിൽ എന്റർടൈൻമെന്റ് പ്രോഗ്രാം നടത്തി.

വൈസ് പ്രസിഡണ്ട് രഞ്ജൻ എബ്രഹാം, ജോ. സെക്രട്ടറി രാജൻ സാമുവേൽ തലവടി, ബെന്നി കുര്യൻ, സാൽബി ചേന്നോത്ത്, ജാനറ്റ് ഒറ്റപ്ലാക്കൽ, തോമസ് പന്നയ്ക്കൽ, റെജി റോയ് എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

# സ്വാതന്ത്ര്യദിന പരേഡിൽ ഗ്ലെൻവ്യൂ മലയാളികൾ പങ്കെടുക്കും

സ്റ്റാഫ് റിപ്പോർട്ടർ

ഇല്ലിനോയി: ജൂലൈ നാലിന് നടക്കുന്ന സ്വാതന്ത്ര്യദിന പരേഡിൽ ഗ്ലെൻവ്യൂ മലയാളികൾ അഭിമാനത്തോടെ തങ്ങളുടെ സാംസ്കാരിക തനിമ പ്രദർശിപ്പിക്കുന്നു. ഈ വർഷത്തെ സ്വാതന്ത്ര്യദിന പരേഡിൽ തങ്ങളുടെ ആവേശകരമായ പങ്കാളിത്തം ഉണ്ടാകുമെന്ന് സംഘാടകർ അറിയിച്ചു. ഗ്ലെൻവ്യൂ മലയാളി സമൂഹം ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ഇവന്റ് ഗ്ലെൻവ്യൂ മലയാളികൾക്ക് തങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം വിശാലമായ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവിശ്വസനീയമായ അവസരമാണ് ഗ്ലെൻവ്യൂ സ്വാതന്ത്ര്യദിന ഘോഷയാത്ര.

ഗ്ലെൻവ്യൂവിലെ ഏറെ പാരമ്പര്യം അവകാശപ്പെടുന്ന പരേഡ് രാവിലെ 11 മണിക്ക് ആരംഭിക്കും. ദേശഭക്തി ആഘോഷത്തിന്റെ ഒരു ദിവസത്തിന് തുടക്കം കുറിച്ച്, ഗ്ലെൻവ്യൂ മലയാളികൾ അഭിമാനത്തോടെ പരേഡ് റൂട്ടിലൂടെ നീങ്ങുമ്പോൾ ചടുലമായ നിറങ്ങളുടെയും പരമ്പരാഗത വസ്ത്രങ്ങളുടെയും ആവേശകരമായ പ്രകടനങ്ങളുടെയും മിന്നുന്ന പ്രദർശനം കാണികൾക്ക് പ്രതീക്ഷിക്കാം. കൊച്ചിവീട്ടിൽ ബീറ്റ്സിന്റെ ചെണ്ടമേളം പരേഡിന് അകമ്പടി സേവിക്കും.


ഈ വർഷത്തെ പരേഡിൽ ഗ്ലെൻവ്യൂ മലയാളി സമൂഹം തങ്ങളുടെ ഇതുവരെയുള്ള ഏറ്റവും വലിയ ജനപങ്കാളിത്തം ലക്ഷ്യമിടുന്നു. ഇത് എല്ലാവർക്കും അവിസ്മരണീയവും അസാധാരണവുമായ ഒരു പരേഡ് അനുഭവമാക്കി മാറ്റും. ഈ ഇവന്റിന്റെ എല്ലാ വശങ്ങളും ശ്രദ്ധാപൂർവം ആസൂത്രണം ചെയ്യുകയും പൂർണ്ണതയോടെ നടപ്പിലാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ സംഘാടകർ അശ്രാന്ത പരിശ്രമത്തിലാണ്.

പരേഡിനു ശേഷം ആഘോഷങ്ങൾ തുടരുന്നതിനായി ആവേശകരമായ പാർട്ടി സംഘടിപ്പിച്ചിട്ടുണ്ട്. ജിതേഷ് ആൻഡ് ആശ ഭവനത്തിൽ സംഘടിപ്പിക്കുന്ന പാർട്ടിയിൽ സംഗീതം, നൃത്തം, രുചികരമായ പാചകം എന്നിവയിലൂടെ മലയാളി സംസ്കാരത്തിൽ മുഴുകാൻ പങ്കെടുക്കുന്നവർക്ക് അവസരമുണ്ട്. ഈ പോസ്റ്റ്-പരേഡ് ആഘോഷം വൈവിധ്യമാർന്ന ഗ്ലെൻവ്യൂ കമ്യൂണിറ്റികൾക്കിടയിൽ സൗഹൃദം വളർത്തുന്ന, ആനന്ദകരമായ ഒരു ഒത്തുചേരലായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കും ഈ മഹത്തായ ആഘോഷത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കും താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്: സ്കറിയാക്കുട്ടി തോമസ്- പ്രസിഡണ്ട് 8479106487, ഷാനി ഏബ്രഹാം- സെക്രട്ടറി 847 673 5299, ജോണി വടക്കുംചേരി- ട്രഷറർ 847 293 5600, ജിതേഷ് ചുങ്കത്ത്- ജനറൽ കൺവീനർ 224 522 9157, ചാക്കോച്ചൻ കടവിൽ- പരേഡ് കോ-ഓർഡിനേറ്റർ 847 224 3000.

ഈ വർഷത്തെ ഗ്ലെൻവ്യൂ ജൂലൈ 4-നു നടക്കുന്ന സ്വാതന്ത്ര്യദിന പരേഡിൽ ആവേശകരമായ പങ്കാളിത്തം ഗ്ലെൻവ്യൂ മലയാളി സമൂഹം പ്രതീക്ഷിക്കുന്നു. ഗ്ലെൻവ്യൂവിനെ ഊർജസ്വലമായ ഒരു സമൂഹമാക്കി മാറ്റുന്ന വൈവിദ്ധ്യമാർന്ന സംസ്കാരങ്ങൾ ആഘോഷിക്കാൻ നമുക്ക് ഒത്തുചേരാം.




സ്കറിയാക്കുട്ടി തോമസ്



ഷാനി ഏബ്രഹാം



ജോണി വടക്കുംചേരി



ജിതേഷ് ചുങ്കത്ത്



ചാക്കോച്ചൻ കടവിൽ



2023-ൽ നടന്ന പരേഡിന്റെ ദൃശ്യം

# വാത്സല്യനിറവിൽ അമ്മമാരുടെ ദിനം ആഘോഷിച്ചു

അമോൽ ചെറുകര

സാൻ ഹൊസെ: കാലിഫോർണിയ സാൻ ഹൊസെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ മെയ് 12-ന് ഞായറാഴ്ച മാതൃദിനാഘോഷം നടന്നു. കുർബാന മദ്ധ്യേ ഓരോ ക്രൈസ്തവ കുടുംബത്തിലും അമ്മമാരുടെ പ്രാധാന്യത്തെക്കുറിച്ച് വിശുദ്ധ ബൈബിളിൽ പരിശുദ്ധ അമ്മയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ ചൂണ്ടിക്കാട്ടി വികാരി ഫാ. ജെമി പുതുശ്ശേരി സന്ദേശം നല്കി.

കുർബാനയ്ക്കുശേഷം വികാരി ഫാ. ജെമി പുതുശ്ശേരി അമ്മമാരെ റോസാപുഷ്പങ്ങൾ നല്കി ആദരിക്കുകയും എല്ലാ അമ്മമാർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സിസിഡി കുട്ടികളെ പ്രതിനിധീകരിച്ച് സേറ വേലുകിഴക്കേതിൽ മാതൃദിന സന്ദേശം നല്കി. ‘A mother is she who can take the place of all others but whose place no one else can take’ എന്ന കർദ്ദിനാൾ മെർമിലോഡിന്റെ ആപ്തവാക്യം സേറ നല്കിയ സന്ദേശത്തിൽ എല്ലാവരെയും ഓർമ്മിപ്പിച്ചു. തുടർന്ന് ഇടവക ജനങ്ങളെല്ലാം പള്ളി ഹാളിൽ ഒത്തുകൂടി മാതൃദിനത്തിന്റെ ഭാഗമായി കേക്ക് മുറിക്കുകയുണ്ടായി. യുവജന സംഘടനയായ കെസിവൈഎൽ ആണ് ഇതിനു നേതൃത്വം നല്കിയത്.





# മലയാളി പെന്തെക്കോസ്ത് കോൺഫറൻസ്; ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ

**നിബു വെള്ളവന്താനം**

ഹൂസ്റ്റൺ: ജൂലൈ നാലു മുതൽ ഏഴ് വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവൻഷൻ സെന്ററിൽവെച്ച് നടത്തപ്പെടുന്ന വടക്കെ അമേരിക്കൻ മലയാളി പെന്തെക്കോസ്ത് വിശ്വാസിസമൂഹത്തിന്റെ (പി.സി.എൻ.എ.കെ) ദേശീയ കോൺഫറൻസിന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്നു.

സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ സംസ്ഥാനങ്ങളിൽ പ്രമോഷണൽ മീറ്റിങ്ങുകളും പ്രാർത്ഥനാ സമ്മേളനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. വിവിധ നഗരങ്ങളിലെ പ്രധാന സഭകളിൽവെച്ച് ഓൺസൈറ്റ് രജിസ്ട്രേഷനുകളും നടക്കുന്നുണ്ട്. മെയ് 26-ന് മെട്രോ ചർച്ച് ഓഫ് ഗോഡിലും ഡാളസിലെ രജിസ്ട്രേഷൻ ക്യാമ്പ് ഉണ്ടായിരിക്കും. ഓൺലൈൻ രജിസ്ട്രേഷൻ മെയ് 31-ന് അവസാനിക്കും.

കോൺഫറൻസിനോടനുബന്ധിച്ച് പുറത്തിറക്കുന്ന സോങ് ബുക്കിലേക്ക് പരസ്യങ്ങൾ നല്കേണ്ടവർ എത്രയും വേഗം ഭാരവാഹികളുമായി ബന്ധപ്പെടണമെന്ന് നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ അറിയിച്ചു. സോഷ്യൽ മീഡിയ നെറ്റ്‌വർക്കുകളായ ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും ടിറ്ററിലും കോൺഫറൻസിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാണ്.




എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികളെ ഹൂസ്റ്റൺ പട്ടണത്തിൽ എത്തിക്കുവാനുള്ള ക്രമീകരണങ്ങൾ ദേശീയ പ്രതിനിധികളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. മിക്ക സിറ്റികളിൽ നിന്നുമുള്ള ബസ്-ട്രെയിൻ ഗതാഗത മാർഗ്ഗങ്ങൾ വഴി സമ്മേളന നഗറിലേക്ക് ആയിരങ്ങൾ എത്തിച്ചേരുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു.

ഹൂസ്റ്റൺ ഐഎഎച്ച്, ഹൂസ്റ്റൺ ഹോബി എയർപോർട്ടിൽ വന്നിറങ്ങുന്നവർക്ക് സുരക്ഷിതമായി കോൺഫറൻസ് സെന്ററിൽ എത്തിച്ചേരുവാൻ സൗജന്യ വാഹനസൗകര്യം ക്രമീകരിച്ചിട്ടുണ്ട്. കാർ മാർഗ്ഗമായി എത്തിച്ചേരുന്നവർക്കും കൺവൻഷൻ സെന്ററിൽ സൗജന്യ പാർക്കിങ് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. വ്യത്യസ്തമായ പ്രോഗ്രാമുകൾ, മികച്ച താമസസൗകര്യങ്ങൾ തുടങ്ങിയവ കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതിനായി നാഷണൽ, ലോക്കൽ കമ്മിറ്റികൾ അഹോരാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ദൈവജനത്തിന്റെ കൂട്ടായ്മയായ പി.സി.എൻ.എ.കെ കേരളത്തിന് പുറത്ത് വിദേശ രാജ്യങ്ങളിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സംഗമമാണ് ഇത്. ലോക പ്രശസ്ത ആത്മീയ സുവിശേഷപ്രഭാഷകരും സംഗീതജ്ഞരും വിവിധ ദിവസങ്ങളിലായി നടത്തപ്പെടുന്ന കോൺഫറൻസിൽ മുഖ്യപ്രഭാഷകരായി എത്തിച്ചേരും. സമ്മേളനം അനുഗൃഹീതമായി തീരുവാനും വിശ്വാസികൾ പ്രാർത്ഥനയോടെ കോൺഫറൻസിൽ പങ്കെടുക്കുവാനും നാഷണൽ ഭാരവാഹികളായ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നോലിൽ, ബിജു തോമസ്, റോബിൻ രാജു, ആൻസി സന്തോഷ് എന്നിവർ അഭ്യർത്ഥിച്ചു.

കൂടുതൽ വിവരങ്ങൾക്ക്:
www.pcnakhouston.org

# സിഎംഎയുടെ ഈ വർഷത്തെ പിക്നിക് ജൂൺ ഒന്നിന്

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ പിക്നിക് ജൂൺ ഒന്നിന് ശനിയാഴ്ച രാവിലെ 11 മണി മുതൽ വൈകുന്നേരം 6 വരെ ഗ്ലെൻവ്യൂവിലുള്ള ജോൺസ് പാർക്കിൽ (2101 Central Rd, Glenview, IL 60025) വെച്ച് നടക്കും. പിക്നിക്കിൽ വിവിധങ്ങളായ കായിക മത്സരങ്ങളും വനിതകൾക്കും കുട്ടികൾക്കും പ്രത്യേക മത്സരങ്ങളും ഉണ്ടായിരിക്കും.


ഫിലിപ്പ് ലൂക്കോസ്


ജോഷി പൂവത്തിങ്കൽ


മനോജ് അച്ചേട്ട്

ചിക്കാഗോ മലയാളി അസോസിയേഷന്റെ അംഗങ്ങൾ നേരിട്ട് തയ്യാറാക്കുന്ന രുചിയേറിയ ഭക്ഷണപാനീയങ്ങൾ ഈ വർഷത്തെ പിക്നിക്കിന്റെ പ്രത്യേകതയാണ്.

ചിക്കാഗോയിലും പരിസരപ്രദേശത്തുമുള്ള എല്ലാ മലയാളികൾക്കും പരസ്പരം കാണുന്നതിനും പരിചയം പുതുക്കുന്നതിനുമുള്ള ഒരു അവസരമായിരിക്കും ഈ പിക്നിക്ക്. എല്ലാ മലയാളികളെയും ഈ പിക്നിക്കിലേക്ക് ക്ഷണിക്കുന്നതോടൊപ്പം പ്രവേശന ഫീസ് ഉണ്ടായിരിക്കുന്നതല്ല എന്ന കാര്യവും ഭാരവാഹികൾ അറിയിക്കുന്നു.

ഈ വർഷത്തെ പിക്നിക് കോ-ഓർഡിനേറ്റേഴ്സ് ഫിലിപ്പ് ലൂക്കോസ് പുത്തൻപുരയിൽ (773 405 5954), ജോഷി പൂവത്തിങ്കൽ (224 735 0390), മനോജ് അച്ചേട്ട് (224 522 2470) എന്നിവരാണ്.

# ഫിജി ഡെപ്യൂട്ടി പ്രധാനമന്ത്രി ബ്രാംപ്ടൺ കനേഡിയൻ നെഹ്റു ട്രോഫി കുര്യൻ പ്രക്കാനത്തിന് കൈമാറി

**യോഗേഷ് ഗോപകുമാർ**

കാനഡ: മലയാളക്കരയുടെ അഭിമാനം വാനോളം ഉയർത്തി പ്രവാസലോകവും കടന്നു ലോകരാഷ്ട്രങ്ങൾ വരെ അംഗീകരിക്കുന്ന നിലയിലേക്ക് കനേഡിയൻ നെഹ്റു ട്രോഫി വള്ളംകളി ഉയർന്നിരിക്കുന്നു. കേരളത്തിൽ



നിന്ന് കാനഡയിലേക്ക് 14 വർഷം മുമ്പ് പറിച്ചുനട്ട ഈ മഹോത്സവം ഇന്ന് ലോകജനത ഏറ്റെടുത്തിരിക്കുകയാണ്.

കനേഡിയൻ ബോട്ട് റേസ് വിജയികൾക്ക് കൈമാറാനുള്ള കനേഡിയൻ നെഹ്റു ട്രോഫി ഫിജി ഡെപ്യൂട്ടി പ്രധാനമന്ത്രി ബ്രാംപ്ടൺ മലയാളി സമാജം പ്രസിഡണ്ട് കുര്യൻ പ്രക്കാനത്തിന് കൈമാറി. കാനഡയിൽ ഔദ്യോഗിക സന്ദർശനം നടത്തുന്ന ഫിജി ഉപപ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ഫിജി ബിസിനസ് മീറ്റിൽ വെച്ചാണ് മലയാളി സമൂഹത്തിന് ആകമാനം അഭിമാനകരമായ ഈ ചടങ്ങ് നടന്നത്. ടീം ഫിജി ഈ വർഷത്തെ വള്ളംകളി മത്സരത്തിനുള്ള ആദ്യ ടീം രജിസ്ട്രേഷൻ നിർവഹിച്ചു.

കാനഡയിലെ വള്ളംകളിയേയും അതിന്റെ അമരക്കാരനും ബ്രാംപ്ടൺ



സിറ്റി അംബാസിഡറും കൂടിയായ പ്രസിഡണ്ട് കുര്യൻ പ്രക്കാനത്തെയും ഉപപ്രധാനമന്ത്രി Manoa Kamikamica ചടങ്ങിൽ അഭിനന്ദിച്ചു എന്നത് പ്രവാസി മലയാളികളുടെ ആത്മാഭിമാനത്തെ വാനോളം ഉയർത്തിയിരിക്കുകയാണ്.

ഒരിക്കൽ താനും കാനഡയിൽ നടക്കുന്ന ഈ വള്ളംകളി മത്സരം നേരിൽ കാണാൻ ആഗ്രഹിക്കുന്നതായി ഫിജി ഉപപ്രധാനമന്ത്രി കുര്യൻ പ്രക്കാനത്തെ അറിയിച്ചു.

# നാലാം ലോക കേരളസഭ ജൂൺ 13 മുതൽ

**റോയി മുളകുന്നം**

ചിക്കാഗോ: ലോകമെമ്പാടുമുള്ള പ്രവാസി കേരളീയരുടെ സംഗമവേദിയായ ലോക കേരളസഭയുടെ നാലാം സമ്മേളനം ജൂൺ 13 മുതൽ 15 വരെ തിരുവനന്തപുരത്ത് നടക്കും. കേരള നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളാണ് ഇത്തവണയും വേദി. നൂറോളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെ 351 അംഗങ്ങളായിരിക്കും ലോക കേരളസഭയിൽ ഉണ്ടാവുക. നിലവിലെ നിയമസഭാംഗങ്ങൾ, കേരളത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗങ്ങൾ, ഇന്ത്യൻ പൗരത്വമുള്ള പ്രവാസി കേരളീയർ, ഇന്ത്യക്ക് പുറത്തുള്ളവർ, ഇതര ഇന്ത്യൻ സംസ്ഥാനത്തുള്ളവർ, തിരികെയെത്തിയ പ്രവാസികൾ, തങ്ങളുടെ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച പ്രവാസികൾ, ഒഐസി കാർഡ് ഉടമകൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു.

സഭയിൽ അംഗത്വത്തിന് താല്പര്യമുള്ള പ്രവാസി കേരളീയർക്ക് ഏപ്രിൽ 15 വരെ അപേക്ഷിക്കാൻ അവസരം നല്കിയിരുന്നു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നല്കുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരളസഭ. വ്യത്യസ്ത മേഖലകളിലുള്ള പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ലോക കേരളസഭയുടെ മേഖലാ സമ്മേളനങ്ങളും നടന്നുവരുന്നു. നാളിതുവരെയായി ലോക കേരളസഭയുടെ മൂന്ന് സമ്മേളനങ്ങളും മൂന്ന് മേഖലാ സമ്മേളനങ്ങളുമാണ് സംഘടിപ്പിച്ചിട്ടുള്ളത്. 2019 ഫെബ്രുവരി 15, 16 തീയതികളിൽ ദുബായിലും 2022 ഒക്ടോബർ 9-ന് ലണ്ടനിലും, 2023 ജൂൺ 9, 10, 11 തീയതികളിൽ ന്യൂയോർക്കിലും മേഖലാ സമ്മേളനങ്ങൾ സംഘടിപ്പിക്കയുണ്ടായി.


നല്ലയിനം ജുജുബി,പേഴ്സിമോൻ
ഫല വൃക്ഷത്തൈകൾ വിൽപ്പനയ്ക്ക്
വിൻസന്റ് ഇമ്മാനുവൽ
215 880 3341

# പമ്പയുടെ കുടുംബസംഗമവും മാതൃദിനാഘോഷവും വർണ്ണാഭമായി

**ജോർജ് ഓലിക്കൽ**

ഫിലാഡൽഫിയ: പമ്പ മലയാളി അസോസിയേഷന്റെ വാർഷിക കുടുംബസംഗമവും 2024-ലെ പ്രവർത്തനോദ്ഘാടനവും മാതൃദിനാഘോഷവും സംയുക്തമായി മെയ് 11-ന് ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് പമ്പ ഇന്ത്യൻ കമ്യൂണിറ്റി സെന്ററിൽ സമുചിതമായി കൊണ്ടാടി.

പമ്പ പ്രസിഡണ്ട് റവ. ഫിലിപ്പ് മോഡയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആഘോഷകമ്മിറ്റി ചെയർമാൻ അലക്സ് തോമസ് ഏവരെയും സ്വാഗതം ചെയ്തു. കവയിത്രിയും സാംസ്കാരിക പ്രവർത്തകയുമായ സോയ നായർ മുഖ്യാതിഥിയായി മാതൃദിന സന്ദേശം നല്കി. അമ്മമാർ കുട്ടികളുടെ ജീവിതത്തിലും സ്വഭാവ രൂപവൽക്കരണത്തിലും വഹിക്കുന്ന പങ്ക് എടുത്തുപറഞ്ഞുകൊണ്ട് സംസാരിച്ച സോയ നായർ അമ്മമാരെ ഒരു ദിവസം മാത്രം സ്നേഹിച്ചാലും ആദരിച്ചാലും പോരാ, ജീവിതത്തിന്റെ ഓരോ നിമിഷത്തിലും അമ്മമാർക്ക് സ്നേഹവും കരുതലും നല്കണമെന്നും പറഞ്ഞു. അമ്മമാരെ അനുമോദിച്ചും ആദരിച്ചും കൊണ്ട് പൂക്കളും സമ്മാനങ്ങളും നല്കി.

പെൻസിൽവേനിയ സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് ജാരറ്റ് സോളമൻ, ഫൊക്കാന ബോർഡ് ഓഫ് ട്രസ്റ്റി പ്രതിനിധി സുധ കർത്ത, ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ അഭിലാഷ് ജോൺ, വിവിധ സാംസ്കാരിക സംഘടനകളുടെ സാരഥികളായ ജോർജ് നടവയൽ (ഓർമ പ്രസിഡണ്ട്), ഫീലിപ്പോസ് ചെറിയാൻ (ഫ്രണ്ട്സ് ഓഫ് തിരുവല്ല പ്രസിഡണ്ട്), ഫൊക്കാന സ്ഥാനാർത്ഥികളായ രാജൻ സാമുവൽ, റോണി വർഗീസ് എന്നിവരോടൊപ്പം മോഡി ജേക്കബ്, തോമസ് പോൾ, ജോർജുകുട്ടി ലൂക്കോസ് എന്നിവരും ആശംസകൾ നേർന്നു.


എലിസബത്ത് മാത്യുവും രാജു പി. ജോണും ചേർന്നൊരുക്കിയ സംഗീതവിരുന്ന് ആഘോഷങ്ങളെ മികവുറ്റതാക്കി. പമ്പ വൈസ് പ്രസിഡണ്ട് ജോർജ് ഓലിക്കലും വിമൻസ് ഫോറം ചെയർപേഴ്സൺ വത്സ തട്ടാർകുന്നേലും പൊതുയോഗം നിയന്ത്രിച്ചു. ജോയി തട്ടാർകുന്നേൽ, ജേക്കബ് കോര, ജോർജ് പണിക്കർ എന്നിവർ പരിപാടികൾ ഏകോപിപ്പിച്ചു. ജനറൽ സെക്രട്ടറി ജോൺ പണിക്കർ നന്ദിപ്രകാശനം നടത്തി. വിഭവസമൃദ്ധമായ അത്താഴവിരുന്നോടെ ആഘോഷപരിപാടികൾ സമാപിച്ചു.







# ഫിലിപ്പ് തോട്ടം അന്തരിച്ചു



ചിക്കാഗോ: കൂടല്ലൂർ തോട്ടത്തിൽ പരേതരായ ടി.സി മാത്യു-മറിയാമ്മ ദമ്പതികളുടെ മകൻ ഫിലിപ്പ് തോട്ടം (67) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ സൂസി പുന്നത്തുറ വഴിയമ്പലത്തിൽ കുടുംബാംഗമാണ്. മക്കൾ: സ്റ്റെഫനി, അനീഷ. സഹോദരങ്ങൾ: ജേക്കബ് തോട്ടം, സിറിയക് തോട്ടം (കാലിഫോർണിയ), ജെയിംസ് തോട്ടം (ഡിട്രോയിറ്റ്), സാലി ജോയി, സേവ്യർ തോട്ടം (ഡിട്രോയിറ്റ്), ജെസ്സി പള്ളിക്കിഴക്കേതിൽ (ഡിട്രോയിറ്റ്), എത്സി തമ്പി പുല്ലാനപ്പള്ളിൽ (ന്യൂയോർക്ക്).

# ക്നാനായ റീജിയണൽ ക്വിസ് മത്സര വിജയികൾ

**സിജോയ് പറപ്പള്ളിൽ**

ചിക്കാഗോ: വടക്കെ അമേരിക്കയിലെ ക്നാനായ റീജിയൺ ദിനാചരണത്തോടനുബന്ധിച്ച് മതബോധന വിദ്യാർത്ഥികൾക്കായി നടത്തിയ ക്നാനായ ക്വിസ് മത്സര വിജയികളെ പ്രഖ്യാപിച്ചു. ന്യൂയോർക്ക് സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവകയിലെ അഷിതാ ഷിബി തള്ളത്തുകുന്നേൽ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.




ആൽഡെൻ ഷിബി തള്ളത്തുകുന്നേൽ (സെ. സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവക, ന്യൂയോർക്ക്), ഇസബെൽ വേലികെട്ടൽ (സെ. മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവക, സാൻഹൊസെ, കാലിഫോർണിയ) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ക്നാനായ റീജിയണൽ ഡയറക്ടറും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ വിജയികളെ അഭിനന്ദിച്ചു.

ചെറുപുഷ്പ മിഷൻലീഗ് ക്നാനായ റീജിയണൽ കമ്മിറ്റിയാണ് ക്വിസ് മത്സരം സംഘടിപ്പിച്ചത്.

മിഷൻലീഗ് റീജിയണൽ ഭാരവാഹികളായ ഫാ. ബിൻസ് ചേത്തലിൽ, സിജോയ് പറപ്പള്ളിൽ, ഷീബാ താന്നിച്ചുവട്ടിൽ, സുജാ ഇത്തിത്തറ എന്നിവർ മത്സരത്തിന് നേതൃത്വം നല്കി.

# പാസ്റ്റർ വിൽസൺ ഏബ്രഹാമിന് ഡോക്ടറേറ്റ്

**കുര്യൻ ഫിലിപ്പ്**



ചിക്കാഗോ: പാസ്റ്റർ വിൽസൺ ഏബ്രഹാമിന് ട്രിനിറ്റി ഇവാഞ്ചലിക്കൽ ഡിവിനിറ്റി സ്കൂളിൽ നിന്ന് മിനിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ചു. ചിക്കാഗോയിലുള്ള ഇന്ത്യൻ പെന്തെക്കോസ്തൽ സഭകളുടെ പുതിയ തലമുറ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് നടത്തിയ പഠനത്തിനാണ് അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭിച്ചത്.

ചിക്കാഗോ ഗുഡ്ഷെപ്പേർഡ് ഫെലോഷിപ് ചർച്ചിലെ പാസ്റ്ററാണ് ഡോ. വിൽസൺ. രജിസ്റ്റേർഡ് നേഴ്സായി ജോലി ചെയ്തിരുന്ന അദ്ദേഹം പിന്നീട് അത് രാജിവെച്ച് അമേരിക്കയിലെ പ്രൊഫഷണൽ ചാപ്ലൈൻസ് അസോസിയേഷന്റെ അംഗീകാരമുള്ള ഒരു ബോർഡ് സർട്ടിഫൈഡ് ചാപ്ലെൻ ആയി. ചിക്കാഗോയിലെ ഒരു പ്രധാന ഹോസ്പിറ്റലിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു. ഡോ. ഗ്രേറ്റ ഏബ്രഹാം ആണ് ഭാര്യ. മക്കൾ: ഇലൈജ, പോൾ.

ഡോ. വില്ലി ഏബ്രഹാം മോളി ഏബ്രഹാം എന്നിവരുടെ മകനാണ് ഡോ. വിൽസൺ. 90 വയസ് തികഞ്ഞ പാസ്റ്റർ കെ.വി. ഏബ്രഹാം തന്റെ കൊച്ചുമകന്റെ ബിരുദദാന ചടങ്ങിന് സാക്ഷിയായി.

കേരളത്തിലെ ആദ്യകാല പെന്തെക്കോസ്ത് നേതാക്കന്മാരിൽ ഒരാളായിരുന്ന ചെത്തക്കൽ കീവർച്ചന്റെ (പാസ്റ്റർ പി.ടി. വർഗീസ്) മകൻ രാജസ്ഥാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പാസ്റ്റർ കെ.വി. ഏബ്രഹാമിന്റെ കൊച്ചുമകനാണ് ഡോ. വിൽസൺ. തന്റെ പിതാവ് ഡോ. വില്ലി ഏബ്രഹാമും ഇതേ സെമിനാരിയിൽ നിന്നാണ് വർഷങ്ങൾക്കു മുമ്പ് ഡോക്ടറേറ്റ് കരസ്ഥമാക്കിയത്.

മിഷനറി പ്രവർത്തനം നാല് തലമുറകളിലേക്ക് കൈമാറ്റപ്പെടുന്ന അപൂർവ റെക്കോർഡിന് ഉടമയാണ് പാസ്റ്റർ വിൽസൺ ഏബ്രഹാം.

ചിക്കാഗോയിലെ വിവിധ പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമായ അദ്ദേഹം നിലവിൽ ചിക്കാഗോ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ പ്രസിഡണ്ടാണ്.

KERALA EXPRESS പ്രവാസി താളുകൾ

# MODI ON THE BACKFOOT SPEWING OUT HATRED AND ANTI-MINORITY VENOM

**George Abraham**

As India has completed its fourth phase of the national elections, it has become increasingly clear that it is in no way a walkover by the BJP towards a third term. Prime Minister Modi, who relied on his own carefully crafted image and easy-flowing rhetoric, found himself in an unchartered territory facing an electorate more skeptical of his promises and less interested in his anti-minority tirades.

Instead of focusing on either his accomplishments as head of the administration in the last ten years or the plan of action, he has stooped down low in further fomenting hatred and divisions within the country. Mr. Sam Pitroda, the father of the Telecom revolution in India, made an innocuous statement to bolster his advocacy on pluralism by comparing the looks of South Indians with those of Africans. Anyone who knows Pitroda would say that he doesn't have a racist bone in his body. Having come from a backward caste background, he fully understands the dimensions of caste discrimination and its impact on people across the nation.

However, the real shock was not in what Pitroda had to say but how the Prime Minister picked upon it to further create a racist controversy. Modi said that 'it was an abuse that filled him with anger' when he heard such a statement. Having come from the southern state of Kerala, I would categorically state that I am neither angry nor insulted by being compared to Africans. It only shows the depravity of a man who harbors such hatred and bigotry in his mind.

I was often told how south Indians are referred to in the North in certain circles as 'Kaala Saala Madrasi' and people from the Northeast are called 'Chinky' and often frowned upon. We know the stories of African students in the North who have been subjected to name-calling and dehumanizing treatment. Various matrimonies, even in respected newspapers, invite alliances based on skin color.



George Abraham

Inside the booming beauty industry, cremes for fair skin have become the primary source of revenue. There is little doubt that a segment of the nation is obsessed with skin color, and it is that type of mindset that harbors these deep-rooted racial biases, and the recent outbursts are borne out of it.

What I described above was not an isolated incident during this campaign cycle from the Prime Minister. Mr. Modi recently called Muslims' infiltrators' who would take India's wealth if the opposition gained power. Addressing voters in the state of Rajasthan, Modi claimed that the Congress party would distribute wealth to those who have more children, to infiltrators. In addition, he made an emotional appeal to women, "my mothers and sisters," saying that his Congress opponents would take their gold and give it to Muslims.

There are two hundred million Muslims who live in India. They are an integral part of India and, in every sense, citizens of the country. A Prime Minister doesn't serve one religious or ethnic group but all its citizens regardless of caste, creed, language, religion, or region. What we have witnessed here from a Prime Minister is nothing but a brazen and divisive rhetoric that is demeaning to the people of India while raising eyebrows abroad. It contrasts very much with what he says on an overseas trip, which extols India as a mother of democracy and invokes the philosophy of 'Vasudeva Kutumba.'

Mr. Modi was feeling no anger or hurt when the Manipur Police personnel drove two Kuki-Zomi Christian women, who had sought refuge in their official gypsy, to a mob of around 1000 Meiti rioters in Kangpokpi district. The women, one of whom was the wife of a Kargil war veteran, desperately asked the police to drive them to a safe location but were refused. Moreover, 450 churches were burned to the ground or destroyed in Manipur last year. According to government figures, as of February 28th 2024, 219 people have been killed in the pogrom (see page 24)

# ചിക്കാഗോ സെ. മേരീസിൽ മദേഴ്സ് ഡേ ആഘോഷിച്ചു

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കാത്തലിക് ഇടവകയിൽ മദേഴ്സ് ഡേ ആഘോഷിച്ചു. ഇടവക ദൈവാലയത്തിൽ മെയ് 12-ന് ഞായറാഴ്ച അർപ്പിക്കപ്പെട്ട നാല് വിശുദ്ധ കുർബാനകൾക്ക് ശേഷവും അമ്മമാർക്ക് പൂക്കൾ നല്കുകയും അവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയും ആശീർവാദവും നല്കുകയും ചെയ്തു. കോട്ടയം അതിരൂപതയിലെ സീനിയർ വൈദികരിൽ ഒരാളും മോനിപ്പള്ളി ഇടവക വികാരിയുമായ ഫാ. മാത്യു ഏറ്റിയെപ്പള്ളിയുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയെ തുടർന്നാണ് പ്രധാന ആഘോഷങ്ങൾ നടത്തപ്പെട്ടത്. ഓരോ ക്രൈസ്തവ കുടുംബത്തിലും അമ്മമാരുടെ പ്രാധാന്യത്തെക്കുറിച്ച്, വിശുദ്ധ ബൈബിളിൽ പരിശുദ്ധ അമ്മയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഫാ. ഏറ്റിയെപ്പള്ളിൽ സന്ദേശം നല്കി. വികാരി ഫാ. സിജു മുടക്കോടിയിൽ, സത്നാ രൂപതാ വൈദികനും കോട്ടയം അതിരൂപതാംഗവുമായ ഡോ. ജോജി പുളിയംപള്ളിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.



വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവകയുടെ മെൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മദേഴ്സ് ഡേ ആഘോഷങ്ങളിൽ നിരവധി ആളുകൾ പങ്കെടുത്തു. കസേരകളിയും കിസും അടക്കമുള്ള വിനോദപരിപാടികൾ വ്യത്യസ്തവും ആസ്വാദ്യകരവുമായ രീതിയിൽ നടത്തപ്പെട്ടു. ഈ വിനോദപരിപാടികൾക്ക് പോൾസൺ കുളങ്ങര, സ്റ്റീഫൻ ചൊള്ളമ്പേൽ, സിബി കൈതക്കത്തൊട്ടിയിൽ, സാജു കണ്ണമ്പള്ളി, ബിനു പൂത്തുറയിൽ എന്നിവർ നേതൃത്വം നല്കി. ടീൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'അമ്മയ്ക്കൊരു സമ്മാനം' എന്ന പരിപാടിയും മലബാർ കേറ്ററിങ് സ്പോൺസർ ചെയ്ത പായസ വിതരണവും ആഘോഷങ്ങൾക്ക് നിറവും സ്വാദും നല്കി. വികാരി ഫാ. സിജു മുടക്കോടിയിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, ബിനു പൂത്തുറയിൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.

# നാല്പതാം പിറന്നാളിൽ 'മങ്ക'യ്ക്ക് സ്വന്തമായി കൾച്ചറൽ സെന്റർ

കാലിഫോർണിയ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ(മങ്ക)യുടെ നാല്പതാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ സ്വന്തമായി ഒരു കൾച്ചറൽ സെന്ററിനു തുടക്കമായി.

**ബിന്ദു ടിജി**

പ്രസിഡണ്ട് സുനിൽ വർഗീസിന്റെ നേതൃത്വത്തിലുള്ള ടീമാണ് ഈ സ്വപ്ന സാക്ഷാത്കാരത്തിനു മുൻകൈ എടുത്തത്. മങ്കയുടെ നാല്പതു വർഷത്തെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ഈ സംരംഭമെന്ന് മെയ് പതിനൊന്നിനു കൂടിയ യോഗത്തിൽ സുനിൽ ചൂണ്ടിക്കാട്ടി.

സാൻഫ്രാൻസിസ്കോ ബേ ഏരിയയിലെ മലയാളി സമൂഹത്തിനു വിനോദത്തിനും വിവിധ സാമൂഹിക സാംസ്കാരിക പരിപാടികൾക്കും ഒത്തുചേരാൻ ഈ സെന്റർ ഉപയോഗിക്കാൻ കഴിയും.

കവിയും നിരൂപകനുമായ ആത്മാരാമൻ ദീപം തെളിച്ച് യോഗം ഉദ്ഘാടനം ചെയ്തു. മങ്ക ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ ഗീത ജോർജ്, മുൻ പ്രസിഡണ്ട് സുന്ദർ റാം, കുഞ്ഞിമോൾ വാലത്ത്, ജോജോ വട്ടടിക്കുന്നേൽ, ബെൻസി അലക്സ്, ശ്രീജിത്ത് കരുത്തൊടി, റെനി പൗലോസ്, മങ്ക ബിൽഡിങ് കമ്മിറ്റി അംഗങ്ങളായ ജെയിംസ് മച്ചാട്ടിൽ, മനോജ് തോമസ്, മങ്ക ട്രഷറർ മേരിദാസൻ ജോസഫ് എന്നിവരും ദീപംതെളിച്ച് ഉദ്ഘാടനയോഗത്തിൽ പങ്കുചേർന്നു. മങ്ക ഭരണസമിതിയുടെ കഠിനാദ്ധ്വാനത്തെയും ഈ നേട്ടത്തെയും മുഴുവൻ അംഗങ്ങളും പ്രശംസിച്ചു.

മങ്ക ബോർഡ് മെംബർ സ്മിത രാമചന്ദ്രൻ സ്വാഗതവും ട്രഷറർ മേരിദാസൻ ജോസഫ് നന്ദിയും പറഞ്ഞു.

മങ്ക വൈസ് പ്രസിഡണ്ട് പദ്മപ്രിയ പാലോട്ട്, ജോ. സെക്രട്ടറി ജോൺസൺ പുതുശ്ശേരിൽ, ബോർഡ് അംഗങ്ങളായ ലിസി ജോൺ, ജോൺ പുലിക്കോട്ടിൽ, സിജോ പാറപ്പള്ളിൽ, ഹരി പുതുശ്ശേരി, ജിതേഷ് ചന്ദ്രൻ, ജോൺ പോൾ വർക്കി, ഷൈൻ നായർ എന്നിവരും ഈ സംരംഭത്തെ ഹൃദയപൂർവം പ്രശംസിച്ച് യോഗം വിജയകരമാക്കി. സ്മിതാ ചന്ദ്രൻ ആയിരുന്നു എംസി.





## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.28 |
| യൂറോ | 90.55 |
| സ്റ്റെർലിംഗ്പൗണ്ട് | 105.79 |
| സ്വിസ് ഫ്രാങ്ക് | 91.62 |
| സിംഗപ്പൂർ ഡോളർ | 61.89 |
| കനേഡിയൻ ഡോളർ | 61.18 |
| ഓമാൻ റിയാൽ | 216.38 |
| ബഹ്റൈൻ ദിനാർ | 220.93 |
| സൗദി റിയാൽ | 22.21 |
| യു.എ.ഇ. ദിർഹം | 22.67 |
| കുവൈത്ത് ദിനാർ | 271.36 |

# പാപത്തിന്റെ വൻമതിലുകൾ തകർക്കപ്പെടണം: ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്: വിവിധ തലങ്ങളിൽ വളർന്നു പന്തലിച്ചു നിൽക്കുന്ന സഭകൾക്കും സമൂഹത്തിനും ദൈവിക ശബ്ദം കേൾക്കുന്നതിനുള്ള കേൾവി നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കുന്നതിന് തടസ്സമായി ചുറ്റുപാടും കെട്ടി ഉയർത്തപ്പെട്ടിരിക്കുന്ന പാപത്തിന്റെ വൻമതിലുകൾ തകർക്കപ്പെടണം. മാത്രമല്ല, ദൈവം നമ്മെ ഭരമേല്പിക്കുന്ന ഉത്തരവാദിത്വം ഏറ്റെടുക്കാൻ സന്നദ്ധരാകുകയും വേണമെന്ന് നോർത്ത് അമേരിക്ക മാർത്തോമ്മാ ഭദ്രാസനാധിപൻ റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ ഉദ്ബോധിപ്പിച്ചു. പുറപ്പാട് മൂന്നിന്റെ ഒന്നു മുതൽ പത്തു വരെയുള്ള വാക്യങ്ങളെ ആധാരമാക്കി മോശയുടെ ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുകയായിരുന്നു തിരുമേനി. ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഇന്റർനാഷണൽ പ്രയർലൈൻ മെയ് 14-ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച പത്താമത് വാർഷിക സമ്മേളനത്തിൽ മുഖ്യസന്ദേശം നല്കുകയായിരുന്നു എപ്പിസ്കോപ്പ. റവ. മാത്യു വർഗീസ്, വികാരി ന്യൂജേഴ്സി എംടിസി റാൻഡോൾഫ് പ്രാരംഭപ്രാർത്ഥന നടത്തി.



ഇന്ത്യയിലും ഏഷ്യയിലും ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന സംഘടനയായ ഗോസ്പൽ ഫോർ ഏഷ്യ എന്ന പേരിൽ മുമ്പ് അറിയപ്പെട്ടിരുന്ന ജിഎഫ്എ വേൾഡിന്റെ സ്ഥാപകനും പ്രസിഡണ്ടും കൂടിയായ കാലംചെയ്ത ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പ്രഥമ മെത്രാപ്പോലീത്തയും പരമാദ്ധ്യക്ഷനുമായിരുന്ന റവ. ഡോ. കെ.പി. യോഹന്നാന്റെ സ്മരണയ്ക്കു മുന്നിൽ ഐപിഎൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് സമ്മേളനം ആരംഭിച്ചത്.

അഞ്ചുപേരായി ആരംഭിച്ച പ്രാർത്ഥനയിൽ പത്തു വർഷം പിന്നിടുമ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അഞ്ഞൂറോളം പേർ എല്ലാ ചൊവ്വാഴ്ചയിലും പങ്കെടുക്കുന്നുവെന്നത് ദൈവാനുഗ്രഹമായി കാണുന്നുവെന്നും സഭാ വ്യത്യാസമില്ലാതെ നിരവധി ദൈവദാസന്മാർ വചനം പ്രഘോഷിച്ചു സമ്മേളനത്തെ അനുഗ്രഹിച്ചതും നന്ദിയോടെ സ്മരിക്കുന്നതായി ആമുഖപ്രസംഗത്തിൽ സി.വി. സാമുവൽ ഡിട്രോയിറ്റ് പറഞ്ഞു. ഈ ദിവസങ്ങളിൽ ജന്മദിനവും വിവാഹ വാർഷികവും ആഘോഷിക്കുന്ന ഐപിഎൽ അംഗങ്ങളെ അനുമോദിക്കുകയും തുടർന്ന് സ്വാഗതമാശംസിക്കുകയും ചെയ്തു.

മേൽപ്പട്ടത്വ ശുശ്രൂഷയിൽ മെയ് 14-ന് ഇരുപതാം വർഷത്തിലേക്ക് പ്രവേശിച്ച മലങ്കര മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസന അദ്ധ്യക്ഷൻ ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പയ്ക്കു ഐപിഎൽ കുടുംബം ആശംസകളറിയിച്ചു. 2024 ജനുവരി ഒന്നു മുതലാണ് മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തത്. നിലവിൽ ബിഷപ് ഡോ. മാർ പൗലോസ് ക്രിസ്തീയ സഭകളുടെ ലോക കൗൺസിലിന്റെ (ഡബ്ല്യുസിസി) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഇന്ത്യയിലെ ക്രിസ്തീയ സഭകളെ പ്രതിനിധീകരിക്കുന്ന ഏകാംഗം കൂടിയാണെന്ന് ടി.എ. മാത്യു പറഞ്ഞു. തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു നേതൃത്വം നല്കി.

ജോസഫ് ടി. ജോർജ് (രാജു) ഹൂസ്റ്റൺ നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു. റവ. എൻ.വൈ. ജോർജ് ഏബ്രഹാം കല്ലൂപ്പാറയുടെ സമാപന പ്രാർത്ഥനയും ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പയുടെ ആശീർവാദത്തിനും ശേഷം യോഗം സമാപിച്ചു. അലക്സ് തോമസ്, ജാക്സൺ നന്ദി പറഞ്ഞു. ഷിജു ജോർജ് സാങ്കേതിക പിന്തുണ നല്കി.



# ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ മാതൃദിനം ആഘോഷിച്ചു



ചിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ചിക്കാഗോയുടെ ഈ മാസത്തെ കൗൺസിൽ മീറ്റിംഗ് ബെൻസെൻവില്ലയിലുള്ള സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് ഫൊറോന പാരിഷ് ചർച്ചിൽ കൂടുകയുണ്ടായി.

കൗൺസിലിന്റെ പ്രസിഡണ്ട് വന്ദ്യ

**ഏലിയാമ്മ പുന്നൂസ്**

കോർ എപ്പിസ്കോപ്പ സ്കറിയ തേലപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ എന്നിവരും ഇടവകയിലെ കൗൺസിൽ അംഗങ്ങളും ചേർന്ന് സന്നിഹിതരായിരുന്ന എല്ലാ അമ്മമാർക്കും റോസാപുഷ്പങ്ങൾ നല്കി ആദരിച്ചു.

സെക്രട്ടറി പ്രേംജിത് വില്യംസ് പുതുതായി ചുമതലയേറ്റെടുത്ത സെ. തോമസ് മാർത്തോമ്മാ ചർച്ച് വികാരി റവ. ജെയ്സൺ തോമസ്, ചിക്കാഗോ മാർത്തോമ്മാ ചർച്ച് അസി. വികാരി റവ. ബിജു യോഹന്നാൻ എന്നീ വൈദികരെ എക്യുമെനിക്കൽ കൗൺസിലിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തു.

ജൂൺ ഒന്നാം തീയതി ബെൽവുഡിലുള്ള സീറോമലബാർ കത്തീഡ്രലിൽവെച്ച് നടത്തുന്ന ക്രൈസ്തവ സഭകളുടെ ഐക്യവേദിയായ കുടുംബ സമ്മേളനത്തിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തീകരിച്ചതായി ഭാരവാഹികൾ കൗൺസിലിനെ അറിയിച്ചു.

ഈ സംരംഭത്തിലേക്ക് എല്ലാവരുടെയും പ്രാർത്ഥനാപൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുന്നു. മീറ്റിംഗ് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്ത ഇടവകയോടുള്ള പ്രത്യേകമായ നന്ദി കൗൺസിലിനുവേണ്ടി വർഗീസ് പാലമലയിൽ അറിയിച്ചു.

# ചിക്കാഗോ മലയാളി അസോസിയേഷൻ ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാം 24-ന്

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാം മെയ് 24-ന് വെള്ളിയാഴ്ച വൈകിട്ട് 6.30-ന് നടക്കും. ഫിലോകാലിയ ഫൗണ്ടേഷന്റെ സ്ഥാപകരായ ബ്രദർ മാരിയോ ജോസഫ്, ജിജി മാരിയോ എന്നിവർ നേതൃത്വം നല്കുന്ന ഫാമിലി എൻറിച്ച്മെന്റ് പരിപാടിയുടെ ആദ്യസെഷൻ 24-ന് മോർട്ടൻഗ്രോവ് സെ. മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിലും തുടർന്നുള്ളവ മെയ് 26-നും 27-നും മൗണ്ട് പ്രോസ്പെക്ടിലുള്ള മലയാളി അസോസിയേഷൻ ഹാളിലുമാണ് നടത്തപ്പെടുന്നത്. വെള്ളിയാഴ്ച 6.30-ന് നടക്കുന്ന കപ്പിൾ ഗൈഡൻസ് ക്ലാസിൽ ഇന്നത്തെ നമ്മുടെ തിരക്കുപിടിച്ച ജീവിതസാഹചര്യങ്ങളിൽ കുടുംബ ജീവിതം എങ്ങനെ മനോഹരമാക്കാം എന്നതിനെ ആസ്പദമാക്കി ക്ലാസ് എടുക്കും. താല്പര്യമുള്ളവർക്ക് പേഴ്സണൽ കൗൺസിലിങ്ങിനും അവസരം ഉണ്ടായിരിക്കും.



12 മുതൽ 17 വയസ് വരെ പ്രായമുള്ള കുട്ടികൾക്കായി നടത്തുന്ന കിഡ്സ് കോർണർ മെയ് 26-ന് ഞായറാഴ്ച വൈകിട്ട് 4-ന് ബ്രദർ മാരിയോ ജോസഫ് ഉദ്ഘാടനം ചെയ്യും. മൗണ്ട് പ്രോസ്പെക്ടിലുള്ള സിഎംഎ ഹാളിൽവെച്ച് നടക്കുന്ന കിഡ്സ് കോർണറിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി സിഎംഎ പ്രസിഡണ്ട് ജെസ്സി റിൻസി അറിയിച്ചു.

യുവജനങ്ങളെ ഉദ്ദേശിച്ചു നടത്തുന്ന യൂത്ത് സമ്മിറ്റ് മെയ് 27-ന് തിങ്കളാഴ്ച വൈകിട്ട് 3 മണി മുതൽ നടത്തപ്പെടും. ബ്രദർ മാരിയോ ജോസഫ് കുടുംബജീവിതത്തെപ്പറ്റി യുവജനങ്ങളുമായി സംസാരിക്കും. ഫിനാൻഷ്യൽ മാറ്റേഴ്സിനെപ്പറ്റി ടോം സണ്ണി ചർച്ച ചെയ്യും. ജിനിൽ ബാർബിക്യൂവിന് നേതൃത്വം നല്കും. ബോബി ചിറയിൽ, സി.ജെ. മാത്യു, സാറാ അനിൽ, സരുൺ തുണ്ടിയിൽ എന്നിവർ യൂത്ത് സമ്മിറ്റിന് നേതൃത്വം നല്കുന്നു. മൗണ്ട് പ്രോസ്പെക്ടിലുള്ള സിഎംഎ ഹാളിൽവെച്ചു തന്നെയാണ് യൂത്ത് സമ്മിറ്റും നടക്കുക.

ഫൊക്കാന, ഫോമാ തുടങ്ങിയ ദേശീയ സംഘടനകളെ കൂടാതെ മറ്റ് എല്ലാ സംഘടനകളുടെയും എൻഎസ്എസ്, എക്യുമെനിക്കൽ കൗൺസിൽ എന്നിവരുടെ പിന്തുണയും സഹകരണവും സാന്നിദ്ധ്യവും ഈ പരിപാടികളുടെ വിജയത്തിനായി അഭ്യർത്ഥിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു. ഫാമിലി എൻറിച്ച്മെന്റ് പരിപാടിയിലേക്ക് ജാതിമത സംഘടനാ ഭേദമെന്യേ എല്ലാവരെയും ചിക്കാഗോ മലയാളി അസോസിയേഷൻ സ്വാഗതം ചെയ്യുന്നു.

# മുതിർന്നവർക്ക് ഉത്സവമൊരുക്കി ബെൻസെൻവിൽ ഇടവകക്കൂട്ടായ്മ

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ 55 വയസ്സിനു മേൽ പ്രായമുള്ള മുതിർന്നവർക്കായി ഒരുക്കിയ സംഗമം ഏറെ വ്യത്യസ്തമായി.

11-ന് ശനിയാഴ്ച മദേഴ്സ് ഡേയും ഫാദേഴ്സ് ഡേയും സംയുക്തമായി അന്നേദിവസം ആഘോഷിച്ചു. മുതിർന്നവർക്കായുള്ള ജോയ് മിനിസ്ട്രി അംഗങ്ങൾ ഒരുക്കിയ കൂട്ടായ്മയിൽ ദമ്പതികൾക്കായി പ്രത്യേക മത്സരങ്ങൾ സംഘടിപ്പിച്ചു.



വിജയികൾക്ക് സമ്മാനങ്ങൾ നല്കി. പരിപാടികളിൽ പങ്കെടുത്ത ജോയ് മിനിസ്ട്രി അംഗങ്ങൾക്കായി സ്നേഹവിരുന്നും പ്രത്യേകം ക്രമീകരിച്ചിരുന്നു.



## കപിൽ സിബൽ സുപ്രീം കോടതി ബാർ അസോസിയേഷൻ പ്രസിഡണ്ട്

ന്യൂഡൽഹി: സുപ്രീം കോടതി ബാർ അസോസിയേഷനിലേക്കുനടന്ന തെരഞ്ഞെടുപ്പിൽ മുൻ കേന്ദ്രമന്ത്രിയും രാജ്യസഭാംഗവും പ്രമുഖ അഭിഭാഷകനുമായ കപിൽ സിബൽ വിജയിച്ചു. ആകെ പോൾ ചെയ്ത 2330 വോട്ടുകളിൽ 1066 നേടിയാണ് സിബലിന്റെ ജയം. 689 വോട്ടുകളുമായി പ്രദീപ്കുമാർ റായ് രണ്ടാംസ്ഥാനത്ത് എത്തിയപ്പോൾ, നിലവിലെ പ്രസിഡണ്ടായ ആദിഷ് സി. അഗർവാല മൂന്നാംസ്ഥാനത്തേക്കു പിന്തള്ളപ്പെട്ടു. നേരത്തേ മുന്നുതവണ സംഘടനയുടെ പ്രസിഡണ്ടായിരുന്ന സിബൽ രണ്ട് പതിറ്റാണ്ടുകൾക്കുശേഷം വീണ്ടും മത്സരത്തിനിറങ്ങിയതു വലിയ രാഷ്ട്രീയ ചർച്ചകൾക്ക് ഇട നൽകി. കേന്ദ്രസർക്കാരിന്റെ നിലപാടുകളോടു യോജിച്ചുള്ള പ്രസ്താവനകളിലൂടെ ആദിഷ് അഗർവാല പലപ്പോഴും വിവാദത്തിൽപെട്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് സിബൽ മത്സരിച്ചത്. അഭിഭാഷക സംഘടനയുടെ പ്രവർത്തനത്തിലോ കോടതിക്കാര്യങ്ങളിലോ രാഷ്ട്രീയം കലർത്താൻ ആഗ്രഹിക്കുന്നില്ലെന്നു വ്യക്തമാക്കിയാണ് അദ്ദേഹം വോട്ടു തേടിയത്. അസോസിയേഷന്റെ നിർവാഹക സമിതിയിലേക്ക് 33 ശതമാനം വനിതാ സംവരണം നടപ്പാക്കണമെന്നു സുപ്രീം കോടതി നിഷ്കർഷിച്ചിരുന്നു.


## കെജ്‌രിവാളിന്റെ സെക്രട്ടറി ബിഭവ് കുമാർ അറസ്റ്റിൽ

ന്യൂഡൽഹി: ആം ആദ്മി പാർട്ടിയുടെ വനിതാ എംപി സ്വാതി മലിവാളിനെ മർദിച്ചെന്ന കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ പേഴ്സണൽ സെക്രട്ടറി ബിഭവ് കുമാർ അറസ്റ്റിൽ. മെയ് 13-ന് കെജ്‌രിവാളിനെ കാണാൻ അദ്ദേഹത്തിന്റെ വസതിയിലെത്തിയപ്പോൾ ബിഭവ് ക്രൂരമായി മർദിച്ചെന്നാണു സ്വാതിയുടെ പരാതി.

മുഖ്യമന്ത്രിയുടെ വസതിയിൽനിന്ന് മെയ് 19-ന് ഉച്ചകഴിഞ്ഞാണു ബിഭവിനെ ഡൽഹി പോലീസ് കസ്റ്റഡിയിലെടുത്തത്. തുടർന്ന് പോലീസ് സ്റ്റേഷനിലെത്തിച്ച് ചോദ്യംചെയ്തശേഷം അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. ബിഭവിനെ കസ്റ്റഡിയിലെടുത്തതിനു പിന്നാലെ അദ്ദേഹത്തിന്റെ അഭിഭാഷകൻ തീസ്ഹസാരി കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ നൽകിയെങ്കിലും നിരസിക്കപ്പെട്ടു.

മുൻകൂർ ജാമ്യാപേക്ഷയിൽ വാദം നടക്കുന്നതിനിടെ, ബിഭവിനെ വൈകിട്ട് 4.15-ന് അറസ്റ്റ് ചെയ്തതായി അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ അറിയിക്കുകയും തുടർന്ന് കോടതി ഹർജി തള്ളുകയുമായിരുന്നു.

13-ന് മുഖ്യമന്ത്രിയെ സന്ദർശിക്കാൻ സ്വാതിക്ക് അനുവാദമുണ്ടായിരുന്നില്ലെന്നും അതുകൊണ്ടുതന്നെ അവരുടെ സന്ദർശനത്തിലൂടെ സുരക്ഷാവീഴ്ചയുണ്ടായെന്നും മുൻകൂർ ജാമ്യാപേക്ഷയിൽ ചൂണ്ടിക്കാട്ടി. ഇതുസംബന്ധിച്ച് സുരക്ഷാ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുണ്ട്. സ്വാതിക്ക് മർദനമേറ്റിട്ടില്ലെന്നു സമർത്ഥിക്കാൻ മുഖ്യമന്ത്രിയുടെ വസതിയിലെ സിസിടിവി ദൃശ്യങ്ങളും അഭിഭാഷകൻ ഹാജരാക്കി. ഈ ദൃശ്യങ്ങൾ നേരത്തേ ദൃശ്യമാധ്യമങ്ങളിൽ ഉൾപ്പെടെ പ്രചരിച്ചിരുന്നു.



ഉന്നതരാഷ്ട്രീയക്കാർ തമ്മിലുള്ള പോരാട്ടത്തിൽ ബിഭവ് ബലിയാടാക്കപ്പെടുകയായിരുന്നെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ എൻ. ഹരിഹരൻ കോടതിയിൽ വാദിച്ചു.

അന്വേഷണവുമായി സഹകരിക്കാമെന്നു കഴിഞ്ഞ 17-ന് പോലീസിനെ ഇ-മെയിൽ മുഖേന അറിയിച്ചിരുന്നതാണെന്നും നോട്ടീസ് നൽകാതെ അദ്ദേഹത്തെ അറസ്റ്റ് ചെയ്യരുതെന്നും ഹർജിയിൽ ആവശ്യപ്പെട്ടു.

സംഭവദിവസംതന്നെ പരാതി നൽകാതെ, മൂന്നുദിവസം കഴിഞ്ഞ് പരാതിപ്പെട്ടതു ഗൂഢാലോചനയുടെ ഫലമാണെന്നും അഭിഭാഷൻ ആരോപിച്ചു.

## അവയവക്കച്ചവടം

(3-ാം പേജിൽനിന്നും)

അവയവക്കടത്തിന് ആളുകളെ ഇറാനിലെത്തിച്ചു കുവൈത്തുവഴി മടങ്ങിയെത്തിയ സാബിത്തിനെ എമിഗ്രേഷൻ ഉദ്യോഗസ്ഥൻ ചോദ്യംചെയ്തതിൽനിന്നാണ് അവയവക്കച്ചവടവുമായി ബന്ധമുണ്ടെന്നു വ്യക്തമായത്. തുടർന്ന് പോലീസെത്തി കസ്റ്റഡിയിൽ എടുക്കുകയായിരുന്നു.

2019-ൽ ഇറാനിലെ ടെഹ്‌റാനിലുള്ള ഫരീദ് ദിഗാൻ ആശുപത്രിയിൽ അവയവമാറ്റം ചെയ്യുന്ന രോഗികളെ സഹായിക്കുന്ന ജോലിക്കായി പോയതാണ് സാബിത്. അതേവർഷം തന്നെ ജൂലൈയിൽ ഫെയ്സ്ബുക്കിൽ വന്ന പരസ്യം വഴി പരിചയപ്പെട്ട ഹൈദരാബാദ് സ്വദേശി നിസാമിന്റെ സഹായത്തോടെ അഞ്ചുലക്ഷം രൂപയ്ക്ക് ഡൽഹിക്കാരനു വൃക്ക തരപ്പെടുത്തിക്കൊടുക്കാൻ ഇയാൾ ശ്രീലങ്കയിൽ പോയി. രോഗി തിരികെ പോയതിനാൽ കാര്യം നടന്നില്ല. എന്നാൽ, ശ്രീലങ്കയിൽവെച്ചു പരിചയപ്പെട്ട കൊച്ചിയിലുള്ള മധു എന്ന ആളുടെ കൂടെ ഒക്ടോബറിൽ സാബിത് ഇറാനിലേക്കു തിരിച്ചു. മധു ആണ് ടിക്കറ്റ് എടുത്തുകൊടുത്തതെന്നും പോലീസ് പറയുന്നു. സിവിൽ എഞ്ചിനീയറിങ് ഡിപ്ലോമാ കോഴ്സ് പൂർത്തിയാക്കിയ സാബിത് 2017 മുതൽ ബേക്കറി ജോലി ചെയ്തുവരികയായിരുന്നു. തുടർന്ന് കൊച്ചിയിലും പരിസരങ്ങളിലുമായി വിവിധ ജോലി ചെയ്തു. അന്വേഷണം കേന്ദ്ര ഏജൻസികൾ ഏറ്റെടുക്കുമെന്നാണ് വിവരം.

## റിസർവ് ബാങ്കിന്റെ സ്വർണശേഖരത്തിൽ വൻ വർധന

മുംബൈ: റിസർവ് ബാങ്കിന്റെ കരുതൽശേഖരത്തിലുള്ള സ്വർണത്തിൽ 2023-2024 സാമ്പത്തികവർഷം 27.46 ടണ്ണിന്റെ വർധന. 2023 മാർച്ച് അവസാനമുണ്ടായിരുന്ന 794.64 ടണ്ണിൽനിന്ന് 822.10 ടണ്ണായാണ് സ്വർണശേഖരം ഉയർന്നത്. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ മൊത്തം വിദേശനാണ്യ കരുതൽശേഖരത്തിന്റെ 8.15 ശതമാനം വരുമിത്. 2023 മാർച്ച് അവസാനമിത് 7.81 ശതമാനമായിരുന്നു.

ആർബിഐ ശേഖരത്തിലുള്ള സ്വർണത്തിൽ 408.31 ടൺ ആണ് ഇന്ത്യയിൽ സൂക്ഷിച്ചിട്ടുള്ളത്. മുൻവർഷമിത് 301.10 ടൺ ആയിരുന്നു. 387.26 ടൺ ബാങ്ക് ഓഫ് ഇംഗ്ലണ്ടിലും ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റിലുമായി സൂക്ഷിച്ചിട്ടുണ്ട്.

2023 മാർച്ചിൽ 437.22 ടൺ ആയിരുന്നു രണ്ടിടത്തുമായി ഉണ്ടായിരുന്നത്. കൂടാതെ, വിവിധ നിക്ഷേപങ്ങളായി 26.53 ടൺ സ്വർണശേഖരംകൂടിയുണ്ട്. മുൻവർഷമിത് 56.32 ടൺ ആയിരുന്നു. വിദേശനാണ്യ കരുതൽ ശേഖരം സംബന്ധിച്ച ആർബിഐയുടെ അർധവാർഷിക റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

2024 മാർച്ച് വരെയുള്ള കണക്കനുസരിച്ച് ആകെ 64,641.9 കോടി ഡോളറിന്റെ (ഏകദേശം 54 ലക്ഷം കോടിരൂപ) വിദേശനാണ്യ കരുതൽശേഖരമാണ് ഇന്ത്യക്കുള്ളത്.

2023 മാർച്ചിലിത് 57,844.9 കോടി ഡോളറായിരുന്നു. 57,095 കോടി ഡോളറിന്റെ ശേഖരം വിദേശ കറൻസികളിലാണ്. ഇതിൽത്തന്നെ കൂടുതലും അമേരിക്കൻ ഡോളറാണ്. 2023 മാർച്ചിൽ വിദേശ കറൻസിയിലുള്ള ശേഖരം 50,969.1 കോടി ഡോളറായിരുന്നു.

## വർഗീസ് മാത്യു അന്തരിച്ചു



ഫിലാഡൽഫിയ: പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഫിലാഡൽഫിയ സഭാംഗം വർഗീസ് മാത്യു (72) അന്തരിച്ചു. ഭാര്യ വത്സമ്മ മാത്യു. മകൾ: ബ്ലെസി. മരുമകൻ: ജീവൻ വർഗീസ്. സഹോദരങ്ങൾ: പാസ്റ്റർ ഗീവർഗീസ് ചാക്കോ, ജോർജ് വർഗീസ്, ജോളി ഫിലിപ്പോസ്, ജോസെൻ വർഗീസ്, പാസ്റ്റർ ജോസഫ് വർഗീസ്. മെയ് 22-ന് ബുധനാഴ്ച വൈകുന്നേരം 5 മണി മുതൽ 9 മണി വരെ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഫിലാഡൽഫിയ (7101 Pennway St., Philadelphia, PA 19111) ഓഡിറ്റോറിയത്തിൽ ഭൗതികശരീരം പൊതുദർശനത്തിനു വെക്കും. സംസ്കാര ശുശ്രൂഷ മെയ് 23-ന് വ്യാഴാഴ്ച രാവിലെ 9 മുതൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഫിലാഡൽഫിയ ഓഡിറ്റോറിയത്തിൽ.

## തമിഴ്നാട്ടിൽ കനത്തമഴ

(3-ാം പേജിൽനിന്നും)

തോരാമഴയിൽ കേരളത്തിലെ മിക്ക നഗരങ്ങളിലും രൂക്ഷമായ വെള്ളക്കെട്ട്. രാവിലെ ഓഫീസിൽ പോകാനിറങ്ങിയവർ തിരുവനന്തപുരത്തെയും കൊച്ചിയിലെയും വെള്ളക്കെട്ടിൽ വഴിയിൽ കുടുങ്ങി. 'ഓപ്പറേഷൻ അനന്ത' അനന്തമായി നീണ്ടുപോയതിന്റെ ദുരിതത്തിലാണ് തിരുവനന്തപുരം. മുക്കോലയ്ക്കൽ, അട്ടക്കുളങ്ങര, കുളത്തൂർ, ഉള്ളൂർ എന്നിവിടങ്ങളിലെ വീടുകളിൽ വെള്ളം കയറി. നഗരത്തിലെ ഓടകളെല്ലാം അടഞ്ഞ സ്ഥിതിയിലാണ്.

ആലപ്പുഴയിൽ റോഡുകളിൽ പലയിടത്തും വെള്ളക്കെട്ട് രൂപപ്പെട്ടു. തകഴി അഗ്നിരക്ഷാസേന ഓഫീസിൽ വെള്ളം കയറി. ഓടകൾ കവിഞ്ഞൊഴുകിയാണ് വെള്ളക്കെട്ടുണ്ടായത്. ദേശീയപാതയുടെ നിർമാണ ജോലികൾ നടക്കുന്ന പ്രദേശങ്ങളിലെ കുഴികളിലും മഴവെള്ളം നിറഞ്ഞിട്ടുണ്ട്. തീരപ്രദേശത്ത് കടലാക്രമണ മുന്നറിയിപ്പുണ്ട്.

കൊച്ചിയിൽ വൈറ്റില, കുണ്ടന്നൂർ ഭാഗങ്ങളിൽ വലിയ തോതിലുള്ള വെള്ളക്കെട്ടാണ് രൂപപ്പെട്ടിരിക്കുന്നത്. ദേശീയപാതയുടെ നിർമ്മാണം നടക്കുന്ന ഇടപ്പള്ളിയിൽ വെള്ളക്കെട്ട് കാരണം രൂപപ്പെട്ട ഗതാഗതക്കുരുക്ക് പൊതുജനങ്ങൾക്ക് തലവേദനയായി.

## ഓർഡിനൻസ്

(3-ാം പേജിൽനിന്നും)

2011-ലായിരുന്നു അവസാനമായി വിഭജനം ഉണ്ടായത്. 2015-ൽ ഭാഗികമായും പുനർനിർണയം നടന്നു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ അധ്യക്ഷനായ ഡിലിമിറ്റേഷൻ കമ്മീഷനാണ് ചുമതല. പ്രതിപക്ഷം പരാതി ഉന്നയിക്കുമ്പോഴും ഭരണപരമായ നടപടിക്രമങ്ങളാണ് ഇപ്പോൾ ഉണ്ടായതെന്നാണ് സർക്കാർ വിശദീകരണം.

## ഇബ്രാഹിം റെയ്സി കൊല്ലപ്പെട്ടു

(3-ാം പേജിൽനിന്നും)

ജുഡീഷ്യറിയുടെ തലവനായിരിക്കെ 2021-ൽ ഇറാൻ പ്രസിഡണ്ടായ റെയ്സി, ഇറാൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമനയിയുടെ വത്സലശിഷ്യനും അദ്ദേഹത്തിന്റെ പിൻഗാമിയുമാകുമെന്നു വരെ കരുതപ്പെട്ടിരുന്ന കരുത്തുറ്റ നേതാവായിരുന്നു. ആണവവിഷയത്തിൽ പാശ്ചാത്യ ഉപരോധങ്ങൾ നേരിടുന്ന ഇറാൻ ഹെലികോപ്റ്ററുകൾ ഉൾപ്പെടെ പുതിയവ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾക്കുള്ള ഭാഗങ്ങൾ സംഘടിപ്പിക്കുന്നതിനും വലിയ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഇറാൻ സൈന്യത്തിന്റെ പക്കലുള്ള പല വിമാനങ്ങളും ഹെലികോപ്റ്ററുകളും കാലഹരണപ്പെട്ടതാണ്.

ഗാസ യുദ്ധംമൂലം കലുഷിതമായ മധ്യപൂർവദേശ മേഖലയിൽ പ്രധാന ശക്തിയാണ് ഇറാൻ. ഇസ്രയേലിനെതിരെ പോരാടുന്ന ഗാസയിലെ ഹമാസിനും ലബനനിലെ ഹിസ്ബുല്ലയ്ക്കും ഇറാൻ ശക്തമായ പിന്തുണയാണ് നല്കുന്നത്.

## HATRED AND ANTI-MINORITY VENOM

**(from page 21)**

unleashed by the suspected Arambai Tenggol and Meitei Leepun with the support of the BJP government in power with every Kuki-zomi was ethnically cleansed from Imphal, the capital of Manipur.

Mr. Modi was feeling no anger or hurt when suspected vigilantes approached a Muslim man, identified as Akbar, transporting two cows from Rajasthan to his village in nearby Haryana state and thrashed him to death on suspicion of smuggling the animals. Modi's years of campaign against the 'pink revolution' finally bore fruit under his majoritarian rule. It would be pretty interesting to see how one justifies cow slaughter bans when human slaughter for that cause goes unnoticed!

There is little doubt that Modi has been exploiting religious divisions and weaponizing investigative agencies to perpetuate his power. What goes unnoticed is the systematic consolidation of power by bending the courts, muzzling the media, destroying civil society, and weakening the legislature through subtle ways. The reconstruction of the Election Commission is another example of a power grab by the Modi administration with the intent to replace India's secular democracy with a majoritarian Hindu ideology and supporting framework. Although Modi often rails against the vote bank politics, he created his own Hindu vote bank.

The question the Indian voters are facing this election cycle is whether they have had enough of these polarizing religious debates that do not contribute anything to their well-being. Analysts increasingly doubt that BJP can win a landslide election as promised. All eyes will be on the EVMs as well. "Do not get deterred by the diversionary tactics of hateful speeches that divided society," Congress President Mallikarjun Kharge said in a message to the voters. Rahul Gandhi, leader of the main opposition Congress party, said that the election would decide the future of democracy. "Strengthen democracy by applying the balm of your vote to the wounds inflicted on the nation's soul in the last ten years and defeat hatred." We will find out on June 4th from those 969 million voters who are eligible to vote in this history-making election.

# SEEKING BRIDEGROOM

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US.
Please contact (**408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a profe-ssional background.

If interested, please email at **k64abraham@gmail.com** or **630-748-9314.**

# SEEKING BRIDE

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

## SEEKING BRIDEGROOM CONTD.....

## മാത്യു കൗണാൻ

**കോട്ടയം:** കൗണാൻ കുടുംബാംഗം മാത്യു കൗണാൻ (മാത്തുക്കുട്ടി-78) യുഎസിൽ അന്തരിച്ചു. ഭാര്യ അനു പച്ചിക്കര (തൊടുപുഴ). മക്കൾ: ആഷ്‌ലി, പീറ്റി.

## കെ. അനന്തൻ

**ചെന്നൈ:** കൊരട്ടി മധുര കോട്സ് മിൽ മുൻ മാനേജർ കെ. അനന്തൻ (കഴിയൂർ അനന്തൻ-87) അന്തരിച്ചു. ഭാര്യ വിജയലക്ഷ്മി. മക്കൾ: രാംപ്രിയ (നോർമൻ യുഎസ്), രാംതിലക് (പൂണെ), രാംകൃപ (ബെംഗ്ളൂരു).

## അനു തോമസ്



**കാരികുളം:** തെക്കേപുളിക്കൽ (വാഴയ്ക്കാപ്പാറ) അനു തോമസ് (മഞ്ജു-46) അന്തരിച്ചു. അമ്മ ത്രേസ്യാമ്മ. ഭർത്താവ്: ടോമി വർഗീസ് ആലപ്പാട്ട് (ചേന്നാട്). മക്കൾ: എഡ്വിൻ ടോമി, കോളിൻ ടോമി.

**കല്ലൂപ്പാറ:** മഠത്തുംഭാഗം നോർത്ത് പാലനിൽക്കുന്നതിൽ താന്നിക്കൽ ഏലിയാമ്മ മത്തായി (കുഞ്ഞമ്മ-85) അന്തരിച്ചു.

## ജയ മേനോൻ

**പറവൂർ:** കെ.എം.കെ. കവല ആശീർവാദിൽ ജയ മേനോൻ (69) അന്തരിച്ചു. ഭർത്താവ് പള്ളിപ്പുറം പറമ്പാടി മുരളീധരമേനോൻ. മക്കൾ: മിഷ മേനോൻ (യുഎസ്), ജിഷ മേനോൻ (ബെംഗ്ളൂരു). മരുമകൻ: കൃഷ്ണൻ നായർ (യുഎസ്).

**കുറുപ്പംപടി:** എച്ച്എംടി കളമശേരി റിട്ട. എജിഎം തിരുവല്ല കാവുംഭാഗം കാവിലെ വീട്ടിൽ ജോയി സഖറിയ (81) അന്തരിച്ചു.

**പുല്പള്ളി:** ആരാധനാസഭ മാനന്തവാടി മേരിമാതാ പ്രോവിൻസ് അംഗം സിസ്റ്റർ ടീന കോട്ടൂപ്പള്ളി (55) അന്തരിച്ചു.

## കൊച്ചുത്രേസ്യ ജോസഫ്

**കുറവിലങ്ങാട്:** ചിറത്തടത്തിൽ കൊച്ചുത്രേസ്യ ജോസഫ് (പെണ്ണമ്മ-88) അന്തരിച്ചു. മണ്ണയ്ക്കനാട് വലിയമ്യാലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ് തോമസ്. മക്കൾ: ഫിലോമിന ഡൊമിനിക്, പരേതയായ ആൻസമ്മ, പ്രഫ. ടോമി ജോസ്, സെലിൻ അഗസ്റ്റിൻ, ജെയിംസ് ജോസ്, റോസ്‌ലിൻ പയസ്, ഷാജി ജോസ് (അഞ്ചുപേരും യുഎസ്), ജോജോസ് (കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ). മരുമക്കൾ: പരേതനായ ഡൊമിനിക് വടശേരി, റാണി വെള്ളരിങ്ങാട്ട്, അഗസ്റ്റിൻ എടാട്ടുകുന്നേൽ, സിസിൽ പ്ലാത്തോട്ടം, പയസ് ഒഴവൂർ, ജോളി മാനാന്തടത്തിൽ (അഞ്ചുപേരും യുഎസ്), പ്രീത പെരികലക്കാട്ട് (ഡെപ്യൂട്ടി മാനേജർ എസ്ബിഐ, കോഴിക്കോട്).

**ആർപ്പൂക്കര:** കരിപ്പൂത്തട്ട് വളച്ചേരിയിൽ പരേതനായ മാണി ജോസഫിന്റെയും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അന്നമ്മ മാണിയുടെയും മകൻ പ്രവീൺ (ജിജിമോൻ-56) അന്തരിച്ചു.

## അന്നമ്മ ആന്റണി

**എടത്വ:** ചങ്ങങ്കരി മണ്ണാരുപറമ്പിൽ അന്നമ്മ ആന്റണി (ബേബിക്കുട്ടി-78) അന്തരിച്ചു. വെളിയനാട് പോത്താലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ശൗരിയാർ ആന്റണി. മക്കൾ: അച്ചാമ്മ, ത്രേസ്യാമ്മ, സൂസമ്മ, എത്സമ്മ, തങ്കച്ചൻ (യുഎസ്), ഡെയ്സി, സിബിച്ചൻ (ഓസ്ട്രേലിയ), ലിറ്റി. മരുമക്കൾ: കുഞ്ഞുമോൻ അമിക്കുളം (കുറുമ്പനാട്), ഔസേപ്പച്ചൻ നെച്ചുകാട് (നെടുങ്കുന്നം), ജെയിംസ് പയ്യംപള്ളി (ഊരുക്കരി), ജെസമ്മ മാളിയേക്കൽ (യുഎസ്), സണ്ണിച്ചൻ സണ്ണി ഭവൻ (കൈനകരി), റാണി വെള്ളൂച്ചേരി (ഓസ്ട്രേലിയ), ജെഗി പുത്തൻപുരയ്ക്കൽ (കുറിച്ചി), ബാബു കാച്ചാംകോട് (ചമ്പക്കുളം).

**കൊച്ചി:** അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് എറണാകുളം സെ. ജോസഫ്സ് പ്രോവിൻസ് അംഗം സിസ്റ്റർ ജെമ്മ ഫ്രാൻസിസ് (95) അന്തരിച്ചു.

## വെരി റവ. റ്റി.എം സക്കറിയ കോർ എപ്പിസ്കോപ്പ അന്തരിച്ചു



**ന്യൂയോർക്ക്:** അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ വൈദികനും ന്യൂയോർക്ക് ജാക്സൺ ഹൈറ്റ്സ് സെ. ഗ്രിഗോറിയോസ് വെസ്റ്റ് സേവിസ് സെ. മേരീസ് ഓർത്തഡോക്സ് ഇടവകകളുടെ സ്ഥാപക വികാരിയും ചെങ്ങന്നൂർ ഇടനാട് സെ. മേരീസ് ഇടവകാംഗവുമായ വെരി റവ. റ്റി. എം. സക്കറിയ കോർ എപ്പിസ്കോപ്പ (88) അന്തരിച്ചു. ഭാര്യ ഇടനാട് കൊളഞ്ഞിക്കൊമ്പിൽ മേരി സഖറിയ. മക്കൾ: സിസി, സുമ, സിബി. മരുമക്കൾ: സണ്ണി, റെജി, ആന്റണി.


## മറിയാമ്മ ജോഷ്വ

**മല്ലശേരി:** മാർത്തോമ്മാ സഭയിലെ മുതിർന്ന വൈദികൻ റവ.കെ.എ. ജോഷ്വായുടെ ഭാര്യ റിട്ട. പ്രധാനാധ്യാപിക കളീക്കൽ മറിയാമ്മ ജോഷ്വ (91) അന്തരിച്ചു. കോഴഞ്ചേരി മേലുകാവ് അമ്മനേത്ത് കുടുംബാംഗമാണ്. മക്കൾ: റവ. എബി കെ. ജോഷ്വ, ലിബി കോശി (ന്യൂയോർക്ക്), ജോബി ജോഷ്വ (ദുബായ്), ബിബി ജിബോയ് (ദോഹ), ഷിബി സഖറിയ (ഹൂസ്റ്റൺ). മരുമക്കൾ: ജീന എബി (മല്ലപ്പള്ളി), കോശി കുഞ്ഞുമ്മൻ (ന്യൂയോർക്ക്), നാൻസി ജോബി (ദുബായ്), ജിബോയ് തോമസ് (ദോഹ), ജേക്കബ് സഖറിയ (ഹൂസ്റ്റൺ).

## മേരിക്കുട്ടി അഗസ്റ്റിൻ

**എടക്കര:** പുല്ലങ്കോട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക വെട്ടിശ്ശേരിൽ (ലിറ്റിൽ നെസ്റ്റ്) മേരിക്കുട്ടി അഗസ്റ്റിൻ (75) അന്തരിച്ചു. കോട്ടയം മറ്റക്കര കീച്ചേരിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചെറിയാൻ ജോർജ് (എടക്കര ഗവ. ഹയർ സെക്കൻഡറി സ്കൂൾ മുൻ അദ്ധ്യാപകൻ). മക്കൾ: റിനി രഞ്ജൻ (യുഎസ്), ലിനി രാജ്. മരുമക്കൾ: രഞ്ജൻ (യുഎസ്), സന്തോഷ് ജേക്കബ്.

## മത്തായി തോമസ്



**ന്യൂയോർക്ക്:** മല്ലപ്പള്ളി കീഴ്‌വായ്പ്പൂർ പാണ്ടിച്ചേരിൽ കുടുംബാംഗമായ മത്തായി തോമസ് (ജോയി-89) ലോങ് ഐലൻഡിൽ അന്തരിച്ചു. ദീർഘകാലം മൻഹാട്ടനിൽ സിറ്റി ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന പരേതൻ മെറിക്കിലുള്ള ലോങ് ഐലൻഡ് മാർത്തോമ്മാ പള്ളിയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ്. ഭാര്യ: റേച്ചൽ (തങ്കമ്മ). മക്കൾ: അനിൽ തോമസ്, അരുൺ തോമസ്. മരുമക്കൾ: ഡോ. സൂസൻ, ക്രിസ്സി.

**അറുനൂറ്റിമംഗലം:** കരികുളത്തിൽ ചാക്കോയുടെയും പരേതയായ ഏലിക്കുട്ടിയുടെയും മകൾ സ്നോബി മോൾ മാത്യൂസ് (44) യുകെയിൽ അന്തരിച്ചു.

**കൊടുങ്ങൂർ:** തിരുവിതാംകൂർ ദേവസ്വം ബോർഡ് റിട്ട. അസി. കമ്മീഷണർ ശ്രീനിലയം (കുരീക്കൽമഠം) കെ.കെ. ഗോപാലകൃഷ്ണൻ നായർ (75) അന്തരിച്ചു.

**തൊടുപുഴ:** ന്യൂമാൻ കോളജ് റിട്ട. ജീവനക്കാരൻ കാരിക്കോട് ആനിത്തോട്ടത്തിൽ കെ.ജെ. മത്തായി (കോയിക്കൽ പാപ്പച്ചൻ-85) അന്തരിച്ചു.

## രാജൻ കെ. ഏബ്രഹാം

**പത്തനംതിട്ട:** നോബിൾ എയർ ട്രാവൽസിന്റെയും നവീന സ്റ്റീൽ സ്റ്റോഴ്സിന്റെയും ഉടമ മുണ്ടുകോട്ടയ്ക്കൽ കുളത്തൂർ രാജൻ കെ. ഏബ്രഹാം (73) അന്തരിച്ചു. ഭാര്യ കണ്ടൻപേരൂർ വെട്ടിക്കൽ പരേതയായ അന്നമ്മ രാജൻ. മക്കൾ: ഷിബു ഏബ്രഹാം, ഷിജു ഏബ്രഹാം (യുഎസ്). മരുമക്കൾ: കുമ്പളാംപൊയ്ക മണ്ണിൽ ജെനി ഷിബു, എരുമേലി ഇടമണ്ണിൽ സിബി ഷിജു (യുഎസ്).

## സേതു കരിയാട്ട്



**ഫ്ളോറിഡ:** പാലക്കാട്ട് കരിയാട്ടിൽ രാമൻകുട്ടി നായരുടെയും ദാക്ഷായണിയമ്മയുടെയും മകൻ സേതു കരിയാട്ട് (79) നേപ്പിൾസിൽ അന്തരിച്ചു. ന്യൂയോർക്ക് സിറ്റിയിൽ ട്രാൻസിറ്റ് അതോറിറ്റിയിൽ എഞ്ചിനിയറിങ് ഡിപ്പാർട്ടുമെന്റിൽ സൂപ്പർവൈസർ ആയിരുന്നു. ഭാര്യ: ഏലിയാമ്മ കരിയാട്ട്. മക്കൾ: രോഹൻ കരിയാട്ട്, അനീഷ് കരിയാട്ട്. മരുമകൾ: ഡോറി കരിയാട്ട്. സഹോദരങ്ങൾ: പരേതനായ മുരളി മോഹൻ, രാജഗോപാൽ, അശോക് കുമാർ, ഹരിദാസ്, രാംകുമാർ, പരേതരായ രത്നവല്ലി, ചന്ദ്രിക.

**ബെംഗ്ളൂരു:** ഡോൺബോസ്കോ സലേഷ്യൻ സന്യാസ സഭ ബെംഗ്ളൂരു പ്രൊവിൻസിന്റെ മുൻ പ്രൊവിൻഷ്യൽ ഫാ. മാത്യു മരുവത്തറയിൽ (94) അന്തരിച്ചു.

## പി.കെ. രാമചന്ദ്രൻ

**കണ്ണൂർ:** കളിക്കളത്തിൽ കൈച്ചൽ ചന്ദ്രൻ എന്നറിയപ്പെട്ടിരുന്ന പ്രശസ്ത ഫുട്ബോൾ താരം കക്കാട് സിപിന്നിങ്ങിനു സമീപം ദേവരാഗത്തിൽ പി.കെ. രാമചന്ദ്രൻ (87) അന്തരിച്ചു. സന്തോഷ് ട്രോഫിയിൽ നാലുതവണ കേരളത്തിനു വേണ്ടി ബൂട്ടണിഞ്ഞിട്ടുണ്ട്. മക്കൾ: ശ്രീജിത്ത് (ദുബായ്), രജിത്ത് (യുഎസ്), ബിന്ദു (കല്പാക്കം).

**കോട്ടയം:** വടക്കേരിൽ ഷാജി വില്ലയിൽ റിട്ട. സിഐ പരേതനായ എം.സി. കുര്യാക്കോസിന്റെ ഭാര്യ ശോശാമ്മ കുര്യാക്കോസ് (സാലിക്കുട്ടി-86) അന്തരിച്ചു.

**മാവേലിക്കര:** കേരള കോൺഗ്രസ് (ജേക്കബ്) നിയോജക മണ്ഡലം മുൻ പ്രസിഡണ്ട് പുന്നമൂട് വെളിയിൽ പി.പി. പൊന്നൻ (66) അന്തരിച്ചു.

**കോതനല്ലൂർ:** പള്ളിപ്പറമ്പിൽ കുഞ്ഞമ്മ തോമസ് (84) അന്തരിച്ചു.

## ഏലിയാമ്മ ജോർജ്

**വൃന്ദാവനം:** കോനാലിൽ ഏലിയാമ്മ ജോർജ് (അമ്മിണി -83) ന്യൂയോർക്കിൽ അന്തരിച്ചു. ഭർത്താവ് കൊറ്റൻകുടിയിൽ കൈമലയിൽ പരേതനായ കെ.സി. ജോർജ്. മക്കൾ: ഷാജി, ഷാമി, സണ്ണി.

## അന്നമ്മ ജോർജ്

**കുറിയന്നൂർ:** ഓരേത്ത് മേപ്രത്ത് അന്നമ്മ ജോർജ് (94) അന്തരിച്ചു. പൂവത്തൂർ പൊയ്കയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർഗീസ് ജോർജ്. മക്കൾ: ശോശാമ്മ കോശി, ജോർജ് ഫിലിപ്പ് (യുഎസ്), ഉഷ ജേക്കബ് (ബഹ്റൈൻ), പരേതരായ ജോർജ് തോമസ്, വർഗീസ് പി. ജോർജ്. മരുമക്കൾ: ഏലിയാമ്മ വർഗീസ് (യുഎസ്), ടി.എം. കോശി, ജേക്കബ് ജോർജ് (ബഹറിൻ), പരേതരായ സൂസമ്മ തോമസ്, സാലി ഫിലിപ്.

**ഭരണങ്ങനം:** ഉള്ളനാട് മഠത്തിൽ കുടുംബാംഗം ബേബി തോമസ് (72) അന്തരിച്ചു.

**തിരൂർ:** മന്ത്രി അബ്ദുറഹിമാന്റെ പ്രൈവറ്റ് സെക്രട്ടറി തലക്കാട് മങ്ങാട്ടിരി ജനാർദ്ദനൻ പേരാമ്പ്ര (63) അന്തരിച്ചു.

## എം.കെ. ശോശാമ്മ

**പാമ്പാക്കുട:** റിട്ട. അദ്ധ്യാപിക പാട്ടുപാളത്തടത്തിൽ എം.കെ. ശോശാമ്മ (80) അന്തരിച്ചു. മീനടം വൈദ്യൻപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പി. ജെ. ജോർജ് (പഞ്ചായത്ത് റിട്ട. സെക്രട്ടറി). മക്കൾ: ആശാ വർഗീസ്, സന്തോഷ് പി. ജോർജ് (യുഎസ്), ഫിന്നി ജോർജ് (സിയാൽ). മരുമക്കൾ: പാസ്റ്റർ വർഗീസ് ഏബ്രഹാം (ഐപിസി കോവളം ഏരിയ പ്രസിഡണ്ട്), പ്രീതി (യുഎസ്), ബബിത കെ. ബേബി.

## ജോൺ തോമസ്

**വേളൂർ:** വിമുക്തഭടൻ അഞ്ചേരി പുത്തൻപുരക്കൽ ജോൺ തോമസ് (ബേബിച്ചൻ-85) അന്തരിച്ചു. ഭാര്യ വാകത്താനം നാലുന്നാക്കൽ വയലാറ്റ് മറിയാമ്മ കുര്യൻ (റിട്ട. അദ്ധ്യാപിക) മക്കൾ: വിനോദ് (ഖത്തർ), മിനി, ബിനു റൂബി തോമസ് (യുഎസ്). മരുമക്കൾ: പരേതനായ റെജി പൈലിത്താനം പാമ്പാടി, സജി പഴംചിറ വാകത്താനം (യുഎസ്).

## അജിത് ബാലൻ

**കൊട്ടാരക്കര:** ആവിയോട്ട് അജിത് ബാലൻ (68) ചെന്നൈയിൽ അന്തരിച്ചു. ഭാര്യ ഡോ. റിയാ അജിത് ബാലൻ കൊല്ലത്താക്കോട്ടിൽ (റിട്ട. പ്രഫ. സെ. തോമസ് കോളജ് ചെന്നൈ). മക്കൾ: യോഹൻ ജോൺ ബാലൻ (യുഎസ്), ഏകത ജോൺ ബാലൻ (കാനഡ).

**ആലുവ:** ഇന്ത്യ അപ്പോസ്തലിക് പെന്തെക്കോസ്ത് സഭ ചെയർമാൻ കല്ലുവിളയിൽ പാസ്റ്റർ കെ.ജി. ജോൺ (67) അന്തരിച്ചു.

## കെ.കെ. അബ്ദുൽ റസാഖ്

**കോഴിക്കോട്:** വിമുക്തഭടൻ വെള്ളയിൽ സ്വദേശി കെ. കെ. അബ്ദുൽ റസാഖ് (72) അന്തരിച്ചു. ഭാര്യ സകീന. മക്കൾ: റിഷാന. റിഫഹത്, സജ്ന. ഷമീൽ സഞ്ജു, മിയ. മരുമക്കൾ: സഫറി വെള്ളയിൽ, കെ.ബി. യാസർ, പി.ടി. നിഹാൽ അഹമ്മദ് (യുഎസ്), ഷംന മാങ്കാവ്, സെൽമ കോട്ടയം.

## മേഴ്സി ജോർജ്

**നെല്ലിമറ്റം:** ഇലഞ്ഞിക്കൽ മേഴ്സി ജോർജ്(87) അന്തരിച്ചു. ഭർത്താവ് പരേതനായ ഇ.സി. ജോർജ്. മക്കൾ: സോജൻ (യുഎസ്), സോബി, സോഫി, സോമി. മരുമക്കൾ: മറിയാമ്മ സോജൻ പൂണ്ടിക്കുളം ഭരണങ്ങാനം, മെർളി സോബി വടക്കേൽ നിലമ്പൂർ, തോമസ് അലക്സാണ്ടർ പള്ളിവാതുക്കൽ കാഞ്ഞിരപ്പള്ളി, ക്ലീറ്റസ് ജെയിംസ് പനച്ചിനാനിക്കൽ തുടങ്ങനാട്.

## ഏലിയാമ്മ ജോർജ്

**കോട്ടയം:** കഞ്ഞിക്കുഴി കട്ടത്തറയിൽ ഏലിയാമ്മ ജോർജ് (90) അന്തരിച്ചു. ഭർത്താവ് പരേതനായ ഫിലിപ്പ് ജോർജ്. മക്കൾ: ലിസ (ന്യൂസിലൻഡ്), ലിനറ്റ് (ഒമാൻ), ലിൻഡ (യുഎസ്). മരുമക്കൾ: സൈമൺ മാത്യു (ഒമാൻ), ജയ്മോൻ (യുഎസ്).

## അന്നമ്മ ജോസഫ്

**കീഴ്‌വായ്പൂർ:** വെട്ടച്ചേരിൽ പുത്തൻപുരയിൽ അന്നമ്മ ജോസഫ് (82) അന്തരിച്ചു. വാളക്കുഴി പ്ലാത്തോട്ടത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.കെ. ജോസഫ്. മക്കൾ: കുര്യൻ ജോസഫ്, ലൈല എലിസബത്ത് (യുഎസ്), മാത്യു ജോസഫ്. മരുമക്കൾ: കുറത്തികാട് പറക്കാട്ടിൽ ജൂസി പി. ജോർജ്, മുണ്ടക്കയം നീറുംപ്ലാക്കൽ സാംകുട്ടി (യുഎസ്),പുന്നക്കാട് മലയിൽ കൊച്ചേത്തുകാലായിൽ പരേതയായ സുനി എം. ഈപ്പൻ.

## സരസ്വതിയമ്മ

**ഉഴവൂർ:** ചക്കാലയിൽ (സുരമ്യ) സി.കെ. സരസ്വതിയമ്മ ((3) അന്തരിച്ചു. ഭർത്താവ് പരേതനായ പരമേശ്വരൻ പിള്ള വെളിയന്നൂർ പൂവക്കുളത്ത് മറ്റത്തിൽ കുടുംബാംഗമാണ്. മക്കൾ: സുഷമ, കാർത്തികേയൻ, രാധാകൃഷ്ണൻ (യുഎസ്). മരുമക്കൾ: രാമചന്ദ്രൻ നായർ, ചന്ദ്രമണി, രമാദേവി (യുഎസ്).

**വണ്ടമറ്റം:** ആഗ്ര ജീസസ് ആൻഡ് മേരി സഭാംഗം സിസ്റ്റർ ലോറൻസ് (83) അന്തരിച്ചു.

**മല്ലപ്പള്ളി:** കളപ്പുരയ്ക്കൽ റാഹേലമ്മ യോഹന്നാൻ (കുഞ്ഞമ്മ-94) അന്തരിച്ചു.

**തെള്ളകം:** തറപ്പേൽ പരേതനായ മാത്യുവിന്റെ മകൻ ജോണി മാത്യു (55) അന്തരിച്ചു,

**കോട്ടയം:** തിരുനക്കര പടിഞ്ഞാറേനടയിൽ അജന്തയിൽ വിജയലക്ഷ്മി (85) അന്തരിച്ചു.

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

# CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

# NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

# CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

## Favors Received



*Inserted by: Firm Believer, Chicago*

## Favors Received



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരുദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. അവർ മണിമലയിൽ ചെന്നത് എതിരാളികളിൽ അങ്കലാപ്പുണ്ടാക്കുന്നു. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന ക്രിമിനലിനെ പിടികൂടി ആ സംഭവത്തിനു തെളിവുണ്ടാക്കാൻ അനിബാബുവിന്റെ നേതൃത്വത്തിൽ ഒരു സംഘം തയാറാകുന്നു...

**97**

ഗേറ്റിൽനിന്ന് ഹോൺശബ്ദം കേട്ട് അല്ലിമ ജാലകവിരി മാറ്റി നോക്കി.

അച്ഛന്റെ കാർ.

അച്ഛനു കാർ തിരിച്ചു കിട്ടിയോ എന്ന് ആശ്ചര്യപ്പെട്ട് അവൾ ചെന്നു വാതിൽ തുറന്നു.

ഗേറ്റ് അടച്ചിരിക്കുകയാണ്.

വീണ്ടും ഹോൺ.

അച്ഛനാണെങ്കിൽ അങ്ങനെ ഹോണടിക്കില്ല. കാറിൽനിന്നിറങ്ങി തനിയെ ഗേറ്റ് തുറക്കും.

അല്ലിമ വാതിൽ അടച്ചിട്ട് ഫോണെടുത്ത് അച്ഛനെ വിളിച്ചു.

രാജഗോപാൽ ഓഫീസിലായിരുന്നു.

"എന്റെ കാർ റിപ്പയർ ചെയ്ത് എത്തിച്ചതായിരിക്കും. ഞാനങ്ങോട്ടു വരാം. നീ പോയി ഗേറ്റ് തുറക്കണ്ട."

രാജഗോപാലിന്റെ നിർദ്ദേശം കിട്ടിയപ്പോൾ അല്ലിമ അകത്തു കയറി വാതിലടച്ചു.

പിന്നെയും പിന്നെയും ഹോണടി തുടർന്നപ്പോൾ അപ്പുറത്തെ വീട്ടിൽനിന്നു കിഷോർ ഇറങ്ങിവന്നു. രാജഗോപാലിന്റെ കാർ കണ്ടപ്പോൾ അവനു കാര്യം മനസ്സിലായി.

കാർ മാറ്റിയില്ലെങ്കിൽ വേറെ ഫോർവീലറുകൾക്കു കടന്നുപോകാൻ ഇടമില്ല.

കാറിന്റെ ഡ്രൈവിങ് സീറ്റിലിരിക്കുന്ന ആളെ കിഷോറിന് ഒറ്റനോട്ടത്തിൽത്തന്നെ മനസ്സിലായി.

മാങ്ങോട്ടുശ്ശേരി ജഗന്നാഥക്കുറുപ്പിന്റെ മകൻ ഹരീന്ദ്രൻ.

അയാൾ കാറിൽനിന്ന് ഇറങ്ങി.

കിഷോറിനെ ഹരീന്ദ്രനും തിരിച്ചറിഞ്ഞു.

"കാറ് തിരിച്ചേൽപിക്കാൻ കൊണ്ടുവന്നതാ." അയാൾ കിഷോറിനോടു പറഞ്ഞു.

കിഷോർ ഫ്രണ്ട്സീറ്റിലേക്കു നോക്കി. ഒരാൾകൂടിയുണ്ട്. ആരാണെന്ന് അറിയില്ല.

"അങ്കിൾ ഓഫീസിൽ പോയിരിക്ക്യാ. വീട്ടിൽ ആരെങ്കിലും ഒണ്ടോന്നു നോക്കട്ടെ."

കിഷോർ ഗേറ്റ് തുറന്ന് അകത്തേക്കു കയറി.

ജനാലയ്ക്കൽ നോക്കിക്കൊണ്ടുനിന്ന അല്ലിമ കിഷോറിനെ കണ്ട് വീണ്ടും വാതിൽ തുറന്നു.

കിഷോർ ഗേറ്റ് പൂർണമായി തുറന്നുകൊടുത്തു. കാർ മുറ്റത്തേക്കു കയറി കാർപോർച്ചിൽ വന്നു നിന്നു.

ഹരീന്ദ്രൻ ഇറങ്ങി. അല്ലിമ സിറ്റൗട്ടിൽ നിൽക്കുന്നതുകണ്ട് അയാൾ അൽപമൊന്നു പകച്ചു. സ്വന്തം സഹോദരിയുടെ മകളാണ് അതെന്ന ഓർമ നൊടിനേരത്തേക്കെങ്കിലും അയാളെ ആശ്ചര്യസ്തബ്ധനാക്കി.

അല്ലിമയും അതുതന്നെ ഓർക്കുകയായിരുന്നു. തന്റെ അമ്മാവന്റെ സ്ഥാനത്തുള്ള ആൾ. പക്ഷേ, കഠാര പിന്നിൽ ഒളിപ്പിച്ചു നിൽക്കുന്ന ശത്രുവിനെപ്പോലെയാണു തോന്നുന്നത്. ഏതു നിമിഷവും ആക്രമണമുണ്ടായേക്കാം.

ഒറ്റയ്ക്കു വീടിനു വെളിയിലിറങ്ങരുതെന്ന് അച്ഛനും അമ്മയും സന്ദുവേട്ടനും പോലീസും തനിക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നത് ഈ മനുഷ്യനെക്കൂടി ശത്രുപക്ഷത്തു കണ്ടിട്ടാണ്. തന്റെ അച്ഛനെയും അമ്മയെയും നശിപ്പിച്ചവർ. ചോരക്കുഞ്ഞായിരിക്കുമ്പോൾ തന്നെ തെരുവിലേക്കു വലിച്ചെറിഞ്ഞവരിൽ ഒരാൾ!

അമ്മ കുട്ടിക്കാലത്ത് ഇയാളോടൊപ്പം ഒരേ വീട്ടിൽ, ഒരേ മുറ്റത്ത് ഓടിക്കളിക്കുകയും സംസാരിക്കുകയും ചിരിക്കുകയും ചെയ്തിട്ടുണ്ടാവാം. അമ്മ ഇയാളെ സ്നേഹവായ്പോടെ ഏട്ടാ എന്നു വിളിച്ചിട്ടുണ്ടാകാം. ഇത് എന്റെ ഏട്ടനാണ് എന്ന് അഭിമാനിക്കുകയും കൂട്ടുകാർക്കു കാട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ടാകാം.

എന്നിട്ടും ഇയാൾക്ക് എങ്ങനെ തോന്നി അമ്മയോട് അത്രയും വലിയ ക്രൂരത ചെയ്യാൻ.

"കാറിന്റെ കീ."

ആരോടെന്നില്ലാതെ പറഞ്ഞിട്ട് ഹരീന്ദ്രൻ അതു സിറ്റൗട്ടിൽ ഉണ്ടായിരുന്ന കസേരയിലേക്കു കൈനീട്ടിവെച്ചു.

"അങ്കിളിനെ വിളിച്ചോ?" കിഷോർ അല്ലിമയോടു ചോദിച്ചു.

"അച്ഛനിപ്പോവരും." അല്ലിമ പറഞ്ഞു.

കേറിയിരിക്കാൻ പറയാനുള്ള കേവല മര്യാദയെ നിലയ്ക്കു നിർത്താൻ അവൾ തന്റെ ചിന്തയെ പരുഷമാക്കി.

തന്റെ അച്ഛനെ കൊന്ന ആൾ!

അങ്ങനെയേ കാണാനാകൂ.

കിഷോർ കാറിനു ചുറ്റും നടന്ന് പെയ്ന്റിങ്ങും മറ്റും നന്നായി ചെയ്തിട്ടുണ്ടോ എന്നു നോക്കി.

"റിപ്പയറിങ്ങിനു നല്ല പൈസയായിക്കാണുമല്ലോ?" തെല്ല് പരിഹാസ ഭാവത്തിൽ കിഷോർ ഹരീന്ദ്രനോടു ചോദിച്ചു.

"അതൊന്നും നിങ്ങളറിയണ്ട. കാറിനു കുഴപ്പമെന്തെങ്കിലും ഉണ്ടെങ്കി പറഞ്ഞാമതി." ഹരീന്ദ്രൻ പരുഷസ്വരത്തിൽ പറഞ്ഞു.

"അങ്കിളിപ്പോ വരും. കാറിന്റെ കണ്ടീഷനൊക്കെ അങ്കിൾ നോക്കട്ടെ." കിഷോർ മറുപടി നൽകി.

അര മണിക്കൂറിനുള്ളിൽ ഫോർച്യൂണറിൽ രാജഗോപാൽ എത്തിച്ചേർന്നു.

ഹരീന്ദ്രൻ കസേരയിൽനിന്ന് കീചെയ്ൻ എടുത്തു രാജഗോപാലിനെ ഏൽപിച്ചു.

"എനിക്കിത് ഓടിച്ചു നോക്കണം." രാജഗോപാൽ പറഞ്ഞു.

"ആയ്ക്കോട്ടെ. നിങ്ങൾടെ ഇഷ്ടം."

ഹരീന്ദ്രൻ സമ്മതിച്ചു. രാജഗോപാൽ കാറെടുത്ത് ഡ്രൈവ് ചെയ്തു പുറത്തേക്കു പോയി. അഞ്ചു മിനിറ്റിനുള്ളിൽ തിരിച്ചെത്തി.

"കുഴപ്പമില്ല. നിങ്ങൾടെ കാർ ഞാൻ തിരിച്ചു തരണമല്ലോ." രാജഗോപാൽ പറഞ്ഞു.

"അത് മണിമലെ എത്തിക്കണം."

"മണിമലെ കൊണ്ടത്തരാനൊന്നും ഇവിടെ ആളില്ല." രാജഗോപാൽ വിസമ്മതിച്ചു.

"ഞാനിവിടെ എത്തിച്ചു തന്നില്ലേ? നിങ്ങൾക്ക് തിരിച്ചുപോകുമ്പോ ഡ്രൈവ് ചെയ്തു പോകാമല്ലോ." രാജഗോപാൽ പറഞ്ഞു.

"ഞങ്ങൾക്ക് വേറെ വണ്ടിവരും."

ഹരീന്ദ്രൻ തിരികെ പോകാൻ ഭാവിച്ചു. കാറിനുള്ളിലുണ്ടായിരുന്ന മറ്റെയാൾ പുറത്തിറങ്ങി നിൽപുണ്ടായിരുന്നു.

"ഒരഞ്ചു മിനിറ്റ് വെയ്റ്റ്ചെയ്യൂ..."

രാജഗോപാൽ നിർദേശിച്ചു.

അഞ്ചു മിനിറ്റ് തന്നെ വേണ്ടിവന്നില്ല. കുന്നത്തുനാട് സ്റ്റേഷനിൽനിന്നുള്ള പോലീസ് ജീപ്പ് എത്തി. സിഐ പ്രകാശ് പോൾ ഇറങ്ങിവന്ന് വിവരങ്ങൾ തിരക്കി. രാജഗോപാൽ ഓഫീസിൽനിന്നുതന്നെ പ്രകാശ്പോളിനെ വിളിച്ച് അറിയിച്ചിട്ടുണ്ടായിരുന്നു.

"കാറിന്റെ കീ പരസ്പരം കൈമാറുന്നതിന്റെ വീഡിയോയും ഫോട്ടോയും വേണമെന്ന് എസ്പി അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, എഗ്രിമെന്റ് എഴുതി ഇരുകൂട്ടരും സൈൻ ചെയ്യുകയും വേണം."

ഹരീന്ദ്രന് അനുസരിക്കുകയല്ലാതെ തരമില്ലായിരുന്നു. കാൽ മണിക്കൂറിനുള്ളിൽ കരാർ എഴുതി ഒപ്പിട്ട് താക്കോലുകൾ കൈമാറി. ഹരീന്ദ്രനു ഫോർച്യൂണർ ഡ്രൈവ് ചെയ്തു നോക്കിയിട്ട് പരാതിയുണ്ടെങ്കിൽ പറയാമെന്നൊരു നിർദേശവും പ്രകാശ് പോൾ മുന്നോട്ടുവെച്ചു.

ഹരീന്ദ്രൻ വാഹനം ആകപ്പാടെ ഒന്നു നോക്കി. കുറ്റംപറയാൻ ഒന്നും കണ്ടില്ല. അകവും പുറവുമെല്ലാം നന്നായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഹരീന്ദ്രനും കൂടെവന്നയാളും ഫോർച്യൂണറിൽ കയറി ഓടിച്ചു പോയി.

"നമ്മുടെ കാറിന്റെ റിപ്പയറിങ്ങെല്ലാം നന്നായി ചെയ്തിട്ടുണ്ട്." കിഷോർ രാജഗോപാലിനോടു പറഞ്ഞു.

"രണ്ടു മാസമെടുത്തു." രാജഗോപാൽ പറഞ്ഞു.

"ഞാൻ പോവ്വാണ്. എന്തെങ്കിലും പ്രോബ്ലം ഉണ്ടെങ്കിൽ വിളിച്ച് പറയണം."

സിഐ പ്രകാശ് പോളും മടങ്ങി.

രാജഗോപാൽ കിഷോറിനെ വീടിനകത്തേക്കു ക്ഷണിച്ചു.

"അച്ഛാ, ഒരു പ്രശ്നമുണ്ടല്ലോ..."

അല്ലിമ ആശങ്കയോടെ പറഞ്ഞു.

"എനിക്കറിയാം... നീയത് ആലോചിച്ചു തല പുകയ്ക്കണ്ട."

"സന്ദുവേട്ടൻ മുണ്ടക്കയത്ത് സ്റ്റേ ചെയ്യുന്നതാണോ?" കിഷോർ തിരക്കി.

"എന്തെങ്കിലും കുഴപ്പം സംഭവിക്കോന്നാ എന്റെ പേടി. നമ്മളാരുമില്ലല്ലോ സന്ദുവേട്ടന്റെ കൂടെ." അല്ലിമ പറഞ്ഞു.

"ഞാൻ ചെല്ലാമെന്നു പറഞ്ഞതാ. സന്ദുവേട്ടൻ സമ്മതിക്കാഞ്ഞിട്ടാ."

"നമ്മളത് അയാൾക്കു വിട്ടുകൊടുത്തേക്കുക. അയാളത് വേണ്ടപോലെ കൈകാര്യം ചെയ്തോളും." രാജഗോപാൽ പറഞ്ഞുവെ

ങ്കിലും അല്ലിമയുടെ മനസ്സിലെ വേവലാതിക്കു ശമനമുണ്ടായില്ല.

“എന്നോട് അങ്ങോട്ടു വിളിക്കരുതെന്നാ പറഞ്ഞിരിക്കുന്നെ... എന്താ അതിന്റെയർത്ഥം?”

“അയാൾ ജോലി ചെയ്യുന്നതിനിടയ്ക്ക് തടസ്സപ്പെടുത്തരുതെന്ന്.... അല്ലാതെന്താ?”

രാജഗോപാൽ അയാളുടെ സംശയത്തിന് ഉചിതമായ മറുപടി നൽകി.

“ഇങ്ങോട്ടു വിളിച്ചോളാം എന്നു പറഞ്ഞില്ലേ?”

കിഷോർ ചോദിച്ചു.

അല്ലിമ അനുകൂലാർത്ഥത്തിൽ തലയാട്ടി.

“വിളിക്കും. അതുവരെ സമാധാനമായിട്ടിരിക്കുക.” കിഷോർ സാന്ത്വന രൂപേണ പറഞ്ഞു.

“ക്വട്ടേഷൻ ടീമുമായിട്ടുള്ള പ്ലാനിങ്ങാ. എനിക്കതാ പേടി.”

അല്ലിമയുടെ സംശയം മാറിയില്ല.

“കിഷോറിനോടു വേറെ എന്തെങ്കിലും സൂചിപ്പിച്ചിരുന്നോ?”



രാജഗോപാൽ ചോദിച്ചു.

“ഇല്ലങ്കിളേ. ഇടയ്ക്കു വിളിച്ചു ശല്യപ്പെടുത്തരുത് എന്നു മാത്രമേ പറഞ്ഞുള്ളൂ. കുറച്ചു റിസ്ക്കുള്ള സംഗതിയാണെന്നു സംസാരം കേട്ടപ്പോ തോന്നി.”

“സന്ദീപ് ഒറ്റയ്ക്കല്ലല്ലോ. സാരമില്ല.”

രാജഗോപാൽ പറഞ്ഞു നിർത്തി.

സന്ദീപിന്റെ കോൾ വന്നാൽ വിവരം അറിയിക്കാമെന്നു പറഞ്ഞ് കിഷോർ വീട്ടിലേക്കു മടങ്ങി.

അല്ലിമ മുറിയിലെത്തി മൊബൈൽ ഫോണും നോക്കി ഇരിപ്പായി.

*** *** ***

ക്വട്ടേഷൻ സംഘം എത്തിച്ചേർന്നുവെന്ന് അനിബാബു ഉച്ച തിരിഞ്ഞപ്പോൾത്തന്നെ ഫോണിൽ വിളിച്ചു സന്ദീപിനെ അറിയിച്ചിട്ടുണ്ടായിരുന്നു.

വൈകുന്നേരം വീണ്ടും അനിബാബുവിന്റെ കോൾ വന്നു.

“ഞങ്ങൾ മുണ്ടക്കയം ടൗണിലൊണ്ട്. കൂട്ടിക്കൽ സുകു ഹിൽവ്യൂ ബാറിലോട്ടു കേറുന്നതു കണ്ടാരുന്നു. അരമണിക്കൂറായി.”

“ഞാൻ ടൗണിലോട്ടു വരണോ?” സന്ദീപ് ചോദിച്ചു.

“വേണ്ട സാറേ. സാറ് നമ്മടെ ടീമുമായിട്ട് തൽക്കാലം കാണണ്ട. സുകു ഞങ്ങൾടെ കയ്യിലൊതുങ്ങീട്ടു മതി സാറും അവരുമായിട്ടൊള്ള കൂടിക്കാഴ്ച.”

“എന്താ നിങ്ങടെ പ്ലാൻ?”

“അവന്റെ താമസസ്ഥലമൊക്കെ ഞങ്ങള് പോയി കണ്ടു. ഇനി രാത്രീൽ അവൻ ചെല്ലുന്നതിനു മുൻപേ ഞങ്ങളവിടെത്തും. വണ്ടിഷെഡിന്റെ പുറകുവശം മറച്ച തകരപ്പാളി ഒരാൾക്കു കടന്നു കേറാൻ പാകത്തിൽ കട്ട് ചെയ്തു വെച്ചിട്ടൊണ്ട്. വിജാഗിരിപോലെ മൂന്നിടത്തായിട്ട് രണ്ടിഞ്ചു വീതീൽ കട്ട് ചെയ്യാതെ നിർത്തീരിക്യാ.... അവൻ ഷെഡിലോട്ടു വന്നു കേറന്നേനു തൊട്ടുമുൻപേ ഞങ്ങള് രണ്ടുപേര് അതുവഴി അകത്തുകേറും. ബാക്കിയെല്ലാം അപ്പഴത്തെ ആവശ്യംപോലെ.”

“സുകുവിന്റെ കൂടെ വേറാരെങ്കിലും ഒണ്ടെങ്കിലോ?” സന്ദീപ് സംശയം പ്രകടിപ്പിച്ചു.

“അങ്ങനൊണ്ടെങ്കി ഇന്നു രാത്രീലത്തെ പണി നാളത്തേക്കു മാറ്റിവെക്കേണ്ടി വരും. സാധാരണ അവനൊറ്റയ്ക്കാ.”

“വിവരങ്ങൾ അപ്പപ്പോ എന്നെ അറിയിക്കണം. ഞാൻ സംഭവസ്ഥലത്തു വരണ്ടേ?”

“വേണം. സാറ് വരാതെ പറ്റത്തില്ല. എന്നതാ ചെയ്യണ്ടേന്ന് സമയമാകുമ്പം സാറിനെ വിളിച്ചു പറയാം. ഇപ്പം വെച്ചോ സാറേ.”

“ശരി.”

കോൾ ഡിസ്കണക്ടായി.

സന്ദീപ് അതിലേക്കു നോക്കി അൽപനേരം ഇരുന്നു, പിന്നെ എഴുന്നേറ്റ് അല്ലിമയുടെ നമ്പർ ഡയൽ ചെയ്തിട്ടു മുറിയിലൂടെ നടന്നു.

അല്ലിമ ലൈനിൽ വന്നു.

“സന്ദുവേട്ടാ.... എന്തായിത്. ഞാനിവിടിരുന്നു വേവുകയാ... എന്തൊരു ടെൻഷനാ.”

“പേടിക്കണ്ടെന്നു ഞാൻ പറഞ്ഞില്ലേ.”

“അവിടെന്തായി?”

“തന്റെ കൊച്ചച്ഛൻ എന്തൊക്കെയോ പ്ലാൻ ചെയ്തിട്ടൊണ്ട്. ഞാനവരുമായി നേരിട്ട് ഇടപെടുന്നുമില്ല. വെറുതെ റൂമിലിരിക്കുവാ....”

“എന്തൊണ്ടെങ്കിലും വിളിച്ചു പറയണേ.”

“അവിടെന്താ വാർത്ത?”

“ഒന്നുമില്ല. അച്ഛന്റെ കാർ റിപ്പയർ ചെയ്തു കൊണ്ടുവന്നിട്ടുണ്ടാരുന്നു.”

“ആര് കൊണ്ടുവന്നു?”

അല്ലിമ അതേപ്പറ്റി തൃപ്തികരമായ വിശദീകരണം നൽകി.

“ഞാൻ വിളിച്ചോളാം-ട്ടോ... ടെൻഷനൊന്നും വേണ്ട. പോലീസ് ചെയ്യേണ്ട ജോലി കുറച്ചു കള്ളന്മാര് ഒത്തുകൂടി ചെയ്യുന്നു. അത്രേയുള്ളൂ. ഓർത്താൽ സംഗതി ഫണ്ണിയാണ്.”

“വേറെ കുഴപ്പമൊന്നും ഉണ്ടാവത്തില്ലല്ലോ, അല്ലേ?”

“ഇല്ല.... ഇപ്പ വെച്ചോളൂ.”

“സന്ദുവേട്ടാ....”

“ഉം.... എന്താ?”

“ഒന്നൂല്ല. വെച്ചോ.”

“ശരി.”

സന്ദീപ് കോൾ കട്ട് ചെയ്തു. എന്നിട്ട് വീണ്ടും മുറിയിൽകൂടി നടപ്പ് തുടർന്നു.

രാത്രി എട്ടേകാൽ മണിക്ക് അനിബാബുവിന്റെ കോൾ വന്നു.

“ഞാൻ ഹോട്ടലിന്റെ മുമ്പിലോട്ടു വരാം. സാറ് കാറുമായിട്ടു റോഡിലോട്ടു വരണം.”

ഉവ്വെന്നു സമ്മതിച്ച് കോൾ കട്ട് ചെയ്ത് സന്ദീപ് വേഗം മുറി പൂട്ടി ഇറങ്ങി.

കാറുമായി റോഡിലേക്കു പ്രവേശിക്കുമ്പോൾ വലതുവശത്ത് അനിബാബു കാത്തു നിൽപ്പുണ്ടായിരുന്നു. കൈകാണിച്ചിട്ട് ഡോർ തുറന്ന് അയാൾ അകത്തു കയറി.

“ബാക്കിയുള്ളോരെവിടെ?”

സന്ദീപ് ചോദിച്ചു.

“അവരൊക്കെ റെസ്റ്റെടുക്കുവാ. രാത്രീലല്ലേ ജോലി.”

“എല്ലാം ആസൂത്രണം ചെയ്തോ?”

“ഓ.... വരുന്നപോലെ വരട്ടെന്നു വിചാരിച്ച് ചെയ്യുവാ.... നമ്മള് കൊലപാതകം നടത്താനൊന്നുമല്ലല്ലോ പോണത്.”

“ഇപ്പോ നമ്മളെങ്ങോട്ടാ പോകുന്നെ?”

“സാറ് വണ്ടി വിട്ടോ. ഞാൻ വഴി പറഞ്ഞുതരാം.”

സന്ദീപ് ഡ്രൈവ് ചെയ്യുമ്പോൾ അനിബാബു നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. മുണ്ടക്കയം ടൗൺ വിട്ട് കാർ കൂട്ടിക്കൽ റോഡിലേക്കു പ്രവേശിച്ചു.

കുറെ ദൂരം പൊയ്ക്കഴിഞ്ഞ ശേഷം അനിബാബുവിന്റെ നിർദ്ദേശാനുസരണം കാർ ചോലത്തടം റോഡിലേക്കു തിരിഞ്ഞു. വീണ്ടും കാർ ഓടിക്കൊണ്ടിരുന്നു. ഒരു ഭാഗത്തെത്തിയപ്പോൾ അനിബാബു പറഞ്ഞതനുസരിച്ച് സന്ദീപ് കാർ നിർത്തി.

“സാറ് ഈ ഇലക്ട്രിക് പോസ്റ്റ് ഓർമ്മ വെച്ചോ. ഇവിടുന്ന് തുടങ്ങുന്ന ആ മൺറോഡ് കണ്ടോ? അതിലെ തിരിഞ്ഞ് കേറി ചെല്ലുമ്പോ ഒരു വീടൊണ്ട്. വീട്ടിൽ ലൈറ്റണച്ചിട്ടിരിക്കുന്നകൊണ്ടാ കാണാത്തെ.”

സന്ദീപ് ചുറ്റുപാടുകൾ നോക്കി. റബർതോട്ടം. ചീവീടിന്റെ ഇരമ്പൽ.

കാറിനു പോകാനായി രണ്ടടി വീതിൽ രണ്ടു കോൺക്രീറ്റ് ചക്രച്ചാലുകൾ, പണ്ടെന്നോ ഉണ്ടാക്കിയിരുന്നത്. മിക്കയിടത്തും അടർന്നും തകർന്നും കിടക്കുന്ന മൺറോഡ്.

“ഞാനീ സ്ഥലം കാണിച്ചുതരാൻ കൊണ്ടുവന്നതാ. നമുക്ക് കുറച്ചുംകൂടെ മുന്നോട്ടു പോയിട്ടു തിരിച്ചു പോകാം.”

“ഞാൻ ഇനീം ഇവിടെ വരണോ?”

“വേണം. ഞാൻ വിളിക്കുമ്പ വന്നാമതി.”

അൽപദൂരംകൂടി അവർ മുന്നോട്ടു പോയി. റോഡിനു വീതി കൂടുതലുള്ള ഭാഗത്തെത്തിയപ്പോൾ സന്ദീപ് കാർ തിരിച്ചു. തിരികെ മുണ്ടക്കയത്തേക്കു പോകുമ്പോൾ ഒരു കലുങ്കും ട്രാൻസ്ഫോർമറും കാട്ടിക്കൊടുത്തിട്ട് അനിബാബു പറഞ്ഞു:

“ഇതും ഒരടയാളമായി വെച്ചോ. ഈ കലുങ്കു കഴിയുമ്പോ ആദ്യം വലതുവശത്തു കാണുന്ന ഇലക്ട്രിക് പോസ്റ്റ്. പോസ്റ്റിന്റെ ചുവട്ടിൽനിന്നു തുടങ്ങുന്ന റോഡ്.”

“ഓകെ. മനസ്സിലായി.”

സന്ദീപ് അതെല്ലാം മനസ്സിൽ കുറിച്ചു.

മുണ്ടക്കയത്തെത്തിയ ശേഷം സന്ദീപ് അനിബാബുവിനെ പിരിഞ്ഞ് ഹോട്ടൽ റൂമിലേക്കു പോയി.

*** *** ***

കൂട്ടിക്കൽ സുകു ബാറിൽനിന്ന് ഇറങ്ങിയപ്പോൾ ഒൻപതര കഴിഞ്ഞു. അയാൾ പ്ലാന്റർ ചെറിയാച്ചന്റെ മലഞ്ചരക്ക് മൊത്തവ്യാപാരക്കടയിൽ എത്തി.

ജോലിക്കാർ കടയടച്ച് പൂട്ടുന്നതേയുള്ളൂ. ചെറിയാച്ചൻ കാറിന്റെ കീചെയ്നുമായി കാറിന്നരികെ നിൽപുണ്ട്.

ചെറിയാച്ചൻ വീടെത്തുന്നതുവരെ കൂട്ടിക്കൽ സുകുവാണ് ബോഡിഗാർഡ്. കട പൂട്ടി താക്കോലുമായി ചെറിയാച്ചൻ കാറിൽ കയറി. സുകു മുൻസീറ്റിൽ ഒപ്പമിരിക്കുന്നത് ചെറിയാച്ചന് ഇഷ്ടമില്ലാത്തതുകൊണ്ട് സുകു പിൻസീറ്റിൽ പതിവുപോലെ കയറിയിരുന്നു. ഡ്രൈവ് ചെയ്യുന്നതിനിടെ ചെറിയാച്ചൻ പറഞ്ഞു:

“എടാ സുകൂ.... ചാലക്കയത്ത് നല്ലൊന്നാന്തരം രണ്ട് ഈട്ടി നിപ്പൊണ്ട്. പനപോലെ വളർന്നു നിൽക്കുവാ ഒരേ ലെവലിന്. നമുക്കൊരു കൈ നോക്കിയാലോ?”

“പൊന്നു മൊതലാളിയേ.... റിമാന്റീന്ന് എറങ്ങിയതേ ഒള്ളൂ. ഞാനൊന്നു നേരെ നിക്കട്ടെ.”

“ഞാനല്ലേ നിന്നെ എറക്കിയത്.”

“കേറ്റിയതും മൊതലാളിതന്നല്ലേ.... നമുക്കീ തടീടെ എടപാട് നിർത്തീട്ട് വേറെ വല്ലതും നോക്കിയാലോ?”

“പിന്നെന്തോന്നാ, സ്വർണക്കടത്തോ?”

“ആലോചിക്കണം.”

“എടാ, അറത്ത ഉരുപ്പടീടെ മണം.... അതിനെ വെല്ലാൻ വേറൊന്നുമില്ല ലോകത്ത്.”

“മൊതലാളിക്കു പറഞ്ഞാ മതി. ഫോറസ്റ്റുകാര് വന്നു പിടിക്കുന്നത് ഞങ്ങടെ ഗൽത്തായിക്കാ....”

(ശേഷം 30-ാം പേജിൽ)


# ന്യൂസ് ക്ലിക്ക് മേധാവി പുരകായസ്ഥയ്ക്ക് മോചനം

ന്യൂഡൽഹി: ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾക്കായി ചൈനയിൽനിന്ന് പണം കൈപ്പറ്റിയെന്ന് ആരോപിച്ച് ഡൽഹി പോലീസ് അറസ്റ്റുചെയ്ത മാധ്യമപ്രവർത്തകൻ പ്രബീർ പുരകായസ്ഥയ്ക്ക് മോചനം.

ഓൺലൈൻ മാധ്യമസ്ഥാപനമായ ന്യൂസ് ക്ലിക്ക് സ്ഥാപകനാണ് പുരകായസ്ഥ. ഭീകരവാദ വിരുദ്ധ നിയമപ്രകാരം അദ്ദേഹത്തെ അറസ്റ്റുചെയ്തത് നിയമവിരുദ്ധമാണെന്നും ഉടൻ വിട്ടയക്കണമെന്നും സുപ്രീംകോടതി ഡൽഹി പോലീസിന് നിർദേശം നൽകി. ഇതോടെ മെയ് 15-ന് രാത്രി ഒമ്പതുമണിയോടെ അദ്ദേഹം രോഹിണി ജില്ലാ ജയിലിൽനിന്ന് മോചിതനായി.

അറസ്റ്റ് ചോദ്യംചെയ്തുള്ള ഹർജി ഒക്ടോബറിൽ തള്ളിയ ഹൈക്കോടതി ഉത്തരവിനെതിരെ പുരകായസ്ഥയുടെ അപ്പീലിലാണ് ജസ്റ്റിസ് ബി.ആർ. ഗവായ്, സന്ദീപ് മേത്ത എന്നിവർ ഉൾപ്പെട്ട ബെഞ്ച് വിധി പുറപ്പെടുവിച്ചത്.

അറസ്റ്റ് ചെയ്യുമ്പോഴോ അതിനുശേഷം 2023 ഒക്ടോബർ നാലിന് റിമാൻഡിലാകുന്നതുവരെയോ അറസ്റ്റിന്റെ കാരണങ്ങൾ രേഖാമൂലം പുരകായസ്ഥയെയോ അഭിഭാഷകനെയോ ഡൽ



ഹി പോലീസ് അറിയിക്കാത്തതിനെ സുപ്രീംകോടതി വിമർശിച്ചു. അറസ്റ്റിന്റെ നടപടിക്രമങ്ങൾ ഡൽഹി പോലീസ് പാലിച്ചില്ല. ജാമ്യവ്യവസ്ഥയില്ലാതെ പുരകായസ്ഥയെ മോചിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും കുറ്റപത്രം സമർപ്പിച്ച പശ്ചാത്തലത്തിൽ വിചാരണക്കോടതി നിഷ്കർഷിക്കുന്ന ജാമ്യവ്യവസ്ഥ പിൻതുടരണമെന്നും ബെഞ്ച് നിർദേശിച്ചു.

അറസ്റ്റ് അസാധുവായി പ്രഖ്യാപിച്ചതിനാൽ, കേസ് അന്വേഷണത്തിൽ നിന്ന് പോലീസിനെ തടയരുതെന്ന് ഡൽഹി പോലീസിനായി അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജു ആവശ്യപ്പെട്ടു.

എന്നാൽ, അറസ്റ്റുമായി ബന്ധപ്പെട്ട മറ്റുവിഷയങ്ങളിലേക്ക് നിലവിൽ കടക്കുന്നില്ലെന്ന് ബെഞ്ച് അറിയിച്ചു. നിയമപ്രകാരം എന്താണോ ചെയ്യാവുന്നത്, അത് നടപ്പാക്കാൻ അനുവാദമുണ്ടെന്ന് കോടതി വ്യക്തമാക്കി.

അറസ്റ്റിന്റെ കാരണങ്ങൾ കുറ്റാരോപിതനെ രേഖാമൂലം അറിയിക്കണമെന്ന 2023 ഒക്ടോബറിലെ പങ്കജ് ബൻസാൽ കേസിലെ സുപ്രീംകോടതി വിധി പ്രകാരമാണ് പുരകായസ്ഥയ്ക്ക് മോചനം അനുവദിച്ചത്. ഒരുലക്ഷം രൂപയുടെ വ്യക്തിഗത ബോണ്ടിലും സമാനമായ തുകയുടെ രണ്ട് ആൾജാമ്യത്തിലുമാണ് ജാമ്യമനുവദിച്ചത്.

# ഗർഭസ്ഥശിശുവിനും ജീവിക്കാനുള്ള മൗലികാവകാശമുണ്ട്: സുപ്രീംകോടതി

ന്യൂഡൽഹി: ഗർഭസ്ഥശിശുവിനും ജീവിക്കാനുള്ള അവകാശമുണ്ടെന്ന് സുപ്രീംകോടതി. 27 ആഴ്ച പ്രായമുള്ള ഗർഭം അവസാനിപ്പിക്കാൻ അനുമതി തേടി സമർപ്പിച്ച ഹർജി തള്ളിയാണു സുപ്രീംകോടതി ഇക്കാര്യം വ്യക്തമാക്കിയത്.

ഗർഭം അലസിപ്പിക്കാൻ അനുമതി നിഷേധിച്ച ഡൽഹി ഹൈക്കോടതിയുടെ ഉത്തരവ് ചോദ്യംചെയ്ത് 20 വയസുകാരിയായ അവിവാഹിത സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ബെഞ്ചിന്റെ നിരീക്ഷണം. ഗർഭാവസ്ഥയിലെ കുഞ്ഞിന് ജീവിക്കാനുള്ള അവകാശമുണ്ടെന്നും നിയമവിരുദ്ധമായ ഒന്നും ചെയ്യാൻ തങ്ങൾക്കാകില്ലെന്നും കോടതി വ്യക്തമാക്കി.

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ടിൽ അമ്മയെക്കുറിച്ചു മാത്രമാണു പറയുന്നതെന്ന് ഹർജിക്കാരിക്കുവേണ്ടി ഹാജരായ അഭിഭാഷകൻ പറഞ്ഞെങ്കിലും കുട്ടിക്കും ജീവിക്കാൻ മൗലികാവകാശമുണ്ടെന്ന് കോടതി പറഞ്ഞു.

ഇപ്പോൾ ഗർഭാവസ്ഥയിൽ കുഞ്ഞിന് ഏഴു മാസം പ്രായമുണ്ട്. നിലവിലെ സാഹചര്യത്തിൽ കുഞ്ഞിനും അമ്മയ്ക്കും ശാരീരികമായ അപകടം ഒന്നുമില്ലെന്ന് മെഡിക്കൽ റിപ്പോർട്ട് പരിശോധിച്ച കോടതി കണ്ടെത്തി. അതിനാൽ ഗർഭഛിദ്രം അനുവദിക്കാനാകില്ലെന്ന് കോടതി നിരീക്ഷിച്ചു.

ബലാത്സംഗത്തിനിരയായ 14 വയസുള്ള പെൺകുട്ടിക്ക് കഴിഞ്ഞമാസം ഗർഭഛിദ്രത്തിന് അനുമതി നൽകിയ സുപ്രീംകോടതി വിധി ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് റദ്ദാക്കിയിരുന്നു.

# നോവൽ

(29-ാം പേജിൽ നിന്നും)

"എടാ, കഴിഞ്ഞ തവണത്തെ നഷ്ടം നെകത്തണം."

ചെറിയാച്ചന് എത്തേണ്ട സ്ഥലമായി.

"എന്നാ നീ എറങ്ങി നടന്നോ. നമ്മുക്ക് നാളെ കാണാം."

കലുങ്കിനപ്പുറം കൂറ്റൻ ഇരുമ്പു ഗേറ്റിനരികെ കാർ നിർത്തിയിട്ട് ചെറിയാച്ചൻ പറഞ്ഞു.

സുകു ഇറങ്ങി റോഡരികിൽ വലിയ കോൺക്രീറ്റ് തൂണുകളിൽ കാലുറപ്പിച്ച ഗേറ്റ് മലർക്കെ തുറന്നു. ചെറിയാച്ചൻ കാറോടിച്ച് അകത്തു കയറിയപ്പോൾ ഗേറ്റടച്ചതും സുകുതന്നെ. കലുങ്കിനപ്പുറം അൻപതു വാരകൂടി മുന്നോട്ടു പോയാൽ ചെറിയാച്ചന്റെ പഴയ വീടായി. സുകു മൊബൈൽ ഫോണിന്റെ ടോർച്ചും തെളിച്ച് അങ്ങോട്ടു നടന്നു.

ഇലക്ട്രിക് പോസ്റ്റിന്റെ ചുവട്ടിൽനിന്ന് തിരിയുന്ന മൺറോഡിലൂടെ കയറി, ചെറിയാച്ചന്റെ പഴയ വീടിന്റെ വളപ്പിലെത്തി. വണ്ടിപ്പുരയുടെ താഴ് താക്കോലിട്ടു തുറന്ന് ഓടാമ്പൽ മാറ്റി അകത്തു കടന്നു.

അകത്തെ ലൈറ്റിന്റെ സ്വിച്ചിട്ടിട്ട് വാതിൽ അടയ്ക്കാനായി തിരിയുമ്പോൾ തലയിൽ മുണ്ടിട്ട ഒരാൾ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

"സുകുച്ചേട്ടൻ ഒറ്റയ്ക്കേ ഒള്ളോ?"

"അല്ല. നിന്റെ അപ്പനൊണ്ടെടാ കൂടെ."

സുകുവിന്റെ വലതുകരം എളിയിലെ പിച്ചാത്തിപ്പിടിയിലെത്തി.

പൊടുന്നനെ പിന്നിൽനിന്ന് ഒരു പുതപ്പ് സുകുവിന്റെ തലവഴി മൂടിപ്പൊതിഞ്ഞു വീണു. സുകു വെട്ടിത്തിരിയുമ്പോഴേക്കും പൂണ്ടടക്കം പിന്നിൽനിന്ന് ആരോ വട്ടം പിടിച്ചു. മുന്നിൽ തലയിൽ മുണ്ടിട്ടു വന്ന ആൾ അകത്തു കടന്നു വാതിൽ അടച്ചു.

സുകു വലയിലകപ്പെട്ട സ്രാവ് പിടയ്ക്കുന്നമാതിരി കുതറിനോക്കി. പക്ഷേ പുറകിൽനിന്നുള്ള കെട്ടിപ്പിടിത്തം ഒരാളിൽ ധൃതരാഷ്ട്രാലിംഗനമായിരുന്നു.

*** *** ***

സന്ദീപിന്റെ മൊബൈലിൽ അനിബാബുവിന്റെ പേര് തെളിഞ്ഞു. ഭക്ഷണം കഴിച്ചിട്ട് റസ്റ്ററന്റിൽ ഇരിക്കുകയായിരുന്നു സന്ദീപ്. കോൾ എടുത്തിട്ട് ഹലോ പറയുന്നതിനു മുൻപേ അനിബാബുവിന്റെ നിർദ്ദേശം വന്നു.

"സാറേ.... ആ എലക്ട്രിക് പോസ്റ്റിന്റെ അങ്ങോട്ടു വന്നാ മതി. ബാക്കിയെല്ലാം റെഡിയാ."

"ഇപ്പത്തന്നെ വരണോ?" സന്ദീപിനു നെഞ്ചിടിപ്പ് ക്രമാതീതമായി.

"ആ.... ഇപ്പത്തന്നെ. പത്ത് മിനിറ്റ് മതിയല്ലോ."

"ആളെ കിട്ടിയോ?"

"ഞങ്ങൾ ഓരോന്നു ചോദിച്ചോണ്ടിരിക്കുവാ. വാ തൊറക്കുന്നില്ല."

"ശരി. ഞാനിതാ വരുന്നു."

കോൾ കട്ട് ചെയ്തിട്ട് സന്ദീപ് ഹോട്ടലിന്റെ മുറ്റത്തുകിടന്ന കാറിൽ ചെന്നു കയറി. അതു സ്റ്റാർട്ട് ചെയ്തു കൂട്ടിക്കൽ റോഡിലേക്ക് ഓടിച്ചു പോയി.

ശരീരത്തിലൂടെ കറന്റ് പായുന്നുണ്ടെന്നു സന്ദീപ് വിചാരിച്ചു ചെറിയൊരു ബൾബ് വച്ചാൽ കത്തും.

റോഡ് ഇതുതന്നെയാണോ?

ഇതിനു മുൻപ് വന്നിട്ടേ ഇല്ലാത്ത പോലെ.

എവിടെയാണ് ചോലത്തടം റോഡിലേക്കുള്ള തിരിവ്. ഇവിടെനിന്ന് ഇടത്തേക്കാണോ വലത്തേക്കാണോ തിരിയേണ്ടത്..... കലുങ്കിലേക്ക് ഒരുപാട് ദൂരമുണ്ടായിരുന്നോ ഇലക്ട്രിക് പോസ്റ്റ് എവിടെയാണ്.... റോഡിന്റെ ഇടത്തോ വലത്തോ....?

സംശയം തോന്നിയിടത്ത് സന്ദീപ് കാർ നിർത്തി ചുറ്റും മിഴിച്ചു നോക്കി. ഒരാൾ മൺറോഡിൽകൂടി ഇറങ്ങിവന്നു. ഹെഡ്ലൈറ്റുകൾ അണയ്ക്കാൻ ആംഗ്യം കാട്ടി.

സന്ദീപ് ഹെഡ്ലൈറ്റുകൾ അണച്ചു.

കുറ്റാക്കുറ്റിരുട്ട്. ആളുകളുടെ കാലടിയൊച്ച കാറിനടുത്തേക്കു വരുന്നതു കേൾക്കാം. ആരോ പിന്നിലെ ഡോർ തുറന്നു.

"സീറ്റിലല്ല, താഴോട്ട് കമത്തിയിട്ടേക്ക്."

അനിബാബുവിന്റെ ശബ്ദം സന്ദീപ് തിരിച്ചറിഞ്ഞു. മുൻനിര സീറ്റുകൾക്കും പിൻനിര സീറ്റുകൾക്കും ഇടയിലായി പായ തെറുത്തപോലെ നീളത്തിലൊരു കെട്ട് ആരൊക്കെയോ താങ്ങിപ്പിടിച്ചു കൊണ്ടിട്ടു.

അതൊരു ശവമാണോ എന്ന പേടി സന്ദീപിന്റെ ഉടലിൽ കുളിരു കോരിയിട്ടു. ഞൊടിയിടയിൽ മുൻസീറ്റിലും പിൻസീറ്റിലും ആളുകൾ കയറി.

"കൊറേ മുന്നോട്ടു പോയിട്ട് തിരിച്ചാമതി."

മുൻസീറ്റിൽ സ്ഥാനംപിടിച്ച അനിബാബു പറഞ്ഞു.

സന്ദീപ് കാർ മുൻപോട്ടെടുത്ത് കുറെ ദൂരം ഓടിച്ചുപോയി.

ആരും മിണ്ടുന്നില്ല. ഒരു പോക്കറ്റ് റോഡ് കണ്ടപ്പോൾ സന്ദീപ് അവിടെയിട്ട് കാർ തിരിച്ചു. എന്നിട്ട് അനിബാബുവിനെ നോക്കി.

"ഇനി എങ്ങോട്ടാ?"

"പറയാം കാറ് വിട്ടോ."

"ചേട്ടാ.... അയാളാണോ അത്?"

സന്ദീപ് മനോസംഘർഷം അടക്കാനാവാതെ ചോദിച്ചു.

"അയാള് തന്നെ."

"അനക്കമൊന്നുമില്ലേ?"

"ചത്തിട്ടൊന്നുമില്ല. പേടിക്കണ്ട."

അനിബാബു പറഞ്ഞു.

സന്ദീപ് കാർ ഓടിച്ചു പൊയ്ക്കൊണ്ടിരുന്നു.

ഇപ്പോൾ പിടിക്കപ്പെട്ടാൽ ഒരു കട്ടേഷൻ സംഘത്തിന്റെ തലവൻ താനായിരിക്കുമെന്ന് അവൻ വിചാരിച്ചു.

ജഡ്ജിയുടെ മകൻ!

എന്തൊരു വിരോധാഭാസം!

(തുടരും)

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**